


EMEA College of Arts and Science, Kondotty

Annual Magazine 2017-18








ഇതൊരു ആളിക്കത്തലാണ്...
കനലുകൾ കെടാനല്ല..
ഒരു ഹൃദയത്തിൽ നിന്ന്
മറ്റൊന്നിലേക്കു ആളിപ്പടരാൻ...
പ്രതികരണശേഷിയുടെ
അവസാന നാളം അണയും വരെയും,
ഓരോ പുൽനാമ്പിനു വേണ്ടിയും
ഒരായിരം ശബ്ദങ്ങളുയരും
എന്നൊരു പ്രതീക്ഷയുടെ **അഗ്നി...**



# കൊമ

EMEA College of Arts and Science, Kondotty
Annual Magazine 2017-18

# Our Principals



**Dr. Abdulla M.P** (2016-18)




**Dr. C.P Ayoob Keyi** (Present Principal)

**PTA Vice President**



Jb. Kunhi Mohammed

**Staff Council Secretary**



Mohammed Najeeb PM

**Staff Club Secretary**



Lt. Abdul Rasheed P

**Union Advisor**



Jahfar Odakkal

**Staff Editor**



Hussain V

**Fine Arts Director**



Dr. Mohammed Haneefa P



# Editorial Board


**Chief Editor**



Dr. Abdulla M.P

**Staff Editor**



Hussain V

**Student Editor**



Amjad PP

**Sub Editors**



Muhammed Safwan AP



Khajila Farhana

**Members**



Jobin Raj VP



Akshay T



Unais AT



Davoodul Hakeem



Mohammed Zidhan



Hamid Roshin KK



Nishidha E



Abhin VC



Hanoofa



Jahana Sherin K



Tina KD



Mohammed Jasim



Mubashir PK

**Special Thanks**



Firoz KT
Asst. Professor



Shibahathulla TK



Ibrahim Badusha



Fayiz



Ismayil Thengilan

മൂകമാണെല്ലാം ഇരുട്ടാണ് ചുറ്റും | നീലത്തിമിംഗലം
കൈത്താങ്ങാവേണ്ടവർ കൈയറുക്കുമ്പോൾ | മടക്കമില്ലാത്ത യാത്ര
ഞാൻ | Symbols of Toleration | പിടിച്ചുകെട്ടെടാ അവന്റെ നാക്ക്
A Haven for Kings of Cobras | പാത്തുമ്മയുടെ ആടും മാനവികതയും
| She Wants Justice | ജാതി ചോദിക്കരുത് | സ്വാതന്ത്ര്യം | ഗെയിൽ | കമ
ഉണരൂ | ആരാണ് വിദ്യാർത്ഥി | കാഴ്ചകൾ മാറുന്നില്ല
അസ്വസ്ഥമാകുന്ന ഇന്ത്യൻ അകത്തളം | ഓടെടാ ഓട്ടം | കാണല്ലേ കേൾക്കല്ലേ മിണ്ടല്ലേ
പരലോക മൊഴികൾ | കാരണം ഞാനൊരു പെണ്ണല്ലേ | കാലം മറന്ന ലോകം
ആ തേൻമിഠായിയുടെ മധുരിതമായ ഓർമയ്ക്ക് | മകനോട്

# ബെന്യാമിൻ സംസാരിക്കുന്നു

നളിനിഭായി | The Day | Dream | അരുത് | സ്ത്രീ
പർദ്ദ | നഷ്ടധർമം | എന്തേ ആരും 'കമ' എന്നുപോലും പറയാത്തത് | അച്ഛൻ
#JusticeFor | സർ പ്രസന്റ് | പുതുപ്രളയം | ശബ്ദമില്ലാത്തവരുടെ ശബ്ദം
വെളിച്ചത്തിന്റെ ആത്മാവ് | ഇനിയുമെത്ര നാൾ | വാൾകത്തി | മിണ്ടരുത് | സമ്മാനം
വിളിക്കാതെ വന്ന അതിഥി | ഒരു ഹോസ്റ്റൽ അപാരത



36th College Union

Annual Magazine 2017 - 18



■ Chief Editor **Dr. MP Abdulla** ■ Staff Editor **Hussain V** ■ Student Editor **Amjad PP**
■ Sub Editors **Muhammed Safwan, Khajila Farhana** ■ Members **Davoodul Hakeem, Hamid Roshin KK, Nishidha E, Abhin VC, Hanoofa, Jahana Sherin K, Tina KD, Mohammed Jasim, Mubashir PK** ■ Special Thanks **Firoz KT, Ibrahim Badusha, Fayiz** ■ Photography **Ismayil Thengilan, Zidhan AK** ■ Drawings **Jobin Raj, Akshay T, Unais AT**
■ DTP **Najeer ET** ■ Layout **Mohamed Shafi (7907239156)** ■ Printing **AOne Offset Ramanattukara**

**EMEA College of Arts and Science Kondotty, Malappuram Dist**
Phone **+91 483 2712030 / 2113530 / 2115020** Email **mail@emeacollege.ac.in** Web **www.emeacollege.ac.in**



ഈ ഇരുട്ടിനെന്തു കറുപ്പാണല്ലേ...
ഏതിരുട്ടിനോടും തന്റെ കുഞ്ഞുവെളിച്ചം കൊണ്ട്
പ്രതികരിക്കുന്ന മിന്നാമിന്നികൾ
എത്ര മനോഹരമാണ്!...

പ്രതികരിക്കേണ്ടിയിരുന്നിട്ടും
മിണ്ടാതെ പോയ എത്ര സന്ദർഭങ്ങൾ!...

ഇനി ഒരു മിന്നാമിന്നിയെ
പോലെയെങ്കിലുമാവണം...
തുടരെ പെയ്യുന്ന കറുപ്പുകൾക്കു മീതെ
ഒരിത്തിരി
**വെളിച്ചമെങ്കിലും ചൊരിയണം...**

അടങ്ങാത്ത മോഹങ്ങളുടെ
പ്രതിബിംബങ്ങളാണ് സ്വപ്നങ്ങൾ...
ചെയ്തുതീർക്കാൻ വെമ്പുന്ന
കാര്യങ്ങളെക്കുറിച്ചുള്ള...
മനസ്സിൽ നിന്ന് മായ്ക്കാൻ കഴിയാത്ത
നല്ല അനുഭവങ്ങളെ
ഓർത്തുള്ള... കെട്ടടങ്ങാത്ത
ഇഷ്ടങ്ങളോടുള്ള മായാലോകത്തിന്റെ
പ്രതിബിംബങ്ങൾ....

# സ്വപ്നം



**അപർണ കെ**
IInd YEAR B.A Economics

# മൂകമാണെല്ലാം ഇരുട്ടാണ് ചുറ്റും

**നിശ്ശബ്ദമാണ്** ഇന്നീ ലോകം
എന്തു പറ്റി?
സംസാരിക്കുവാൻ മറന്നതാണോ?
എപ്പോഴെങ്കിലും പ്രതികരിച്ചുകൂടെ...?
നാവിന് മാത്രമല്ല അല്ലേ ചങ്ങല...
കണ്ണുകളും കെട്ടിയിരിക്കുന്നു
ആർക്കും ആരേയും കാണേണ്ട...
'ഞാൻ', 'എന്റെ' 'എനിക്ക്'
ഈ മൂന്ന് വാക്കുകൾ മാത്രം
കേൾക്കാനുണ്ട്
വലിയ വീട്ടിൽ പരസ്പരം
കാണാത്ത, സംസാരിക്കാത്ത
ഒരു പറ്റം മനുഷ്യർ...
ഇന്നത്തെ ലോകമെന്ന
തറവാട്...

നഫീസ എം
IInd YEAR BA English

# നീലത്തി മിംഗലം



**ആദ്യത്തെ** ടാസ്ക്
താടിവളർത്താനായിരുന്നു.
പിന്നെ എപ്പോഴും തൊപ്പി വെക്കാനും
ടാസ്ക് തന്നു.
നിസ്ക്കരിക്കാൻ അവർ പറഞ്ഞില്ലെങ്കിലും
വേഷം കെട്ടാൻ അവർ ടാസ്ക്
തന്നുകൊണ്ടേ ഇരുന്നു
അവസാനത്തെ ടാസ്ക് ബീഫുമായി
ഉത്തരേന്ത്യയിൽ പോകാനായിരുന്നു.
ട്രെയിനിലായിരുന്നു യാത്ര
വെമുലയുടെ ഹൈദരാബാദും പിന്നിട്ട്
ഇപ്പൊ,
നജീബിന്റെ ഡൽഹിയിൽ എത്തിയിരുന്നു.
ഗോരഖ്പൂരിലെ കുഞ്ഞുങ്ങളുടെ കരച്ചിൽ
എനിക്ക് ഇവിടെ കേൾക്കാമായിരുന്നു.
ശ്വാസം കിട്ടാതെ മരിച്ചവരല്ല അവർ
ശ്വാസം കൊടുക്കാതെ കൊന്നതാണത്രെ.
പേരറിയാത്ത ഈ ഗല്ലിയിൽ
ശൂലം കേറി കിടപ്പുണ്ട് ഞാൻ
നീതി പൊരുതി വീണ മണ്ണിൽ
ഒട്ടും വേവാത്ത ഒരു ഇറച്ചി കഷ്ണമായി
ആരോ വിധിച്ച മരണത്തെ
കാത്തു കിടപ്പുണ്ട് ഞാൻ.

പേരറിയാത്ത ഈ ഗല്ലിയിൽ
ശൂലം കേറിക്കിടപ്പുണ്ട് ഞാൻ

ഹാമിദ് റോഷൻ
Ist YEAR BA Economics

# കൈത്താങ്ങാവേണ്ടവർ കൈയറുക്കുമ്പോൾ

> അനീതികൾ കണ്ടാൽ പോലും പ്രതികരിക്കരുത് എന്നതാണ് പുതിയ വ്യവസ്ഥ.

ഒരു കാലമുണ്ടായിരുന്നു. അന്ന് ഭാരതീയരെല്ലാം ഒന്നഹങ്കരിച്ചിരുന്നു. തങ്ങളുടെ ജനാധിപത്യ കാഴ്ച്ചപ്പാടിലും മതേതര ചിന്തയിലും നാനാത്വത്തിൽ ഏകത്വം എന്ന ആശയത്തിലും അതിലുപരി ഭാരതത്തിന്റെ ആധികാരിക പരമോന്നത ഗ്രന്ഥമായ ഭരണഘടന ഉറക്കെ വിളിച്ചോതുന്ന സമ്പൂർണ്ണ ജനാധിപത്യമെന്ന കാഴ്ച്ചപ്പാടിലും. ഈ ചിന്തകളെല്ലാം മുഖമുദ്രയാക്കിയ ഭാരതത്തെ പല രാഷ്ട്രങ്ങളും ആദരവോടെ നോക്കിയ ഒരു നിമിഷമെങ്കിലുമുണ്ടായിരുന്നു. അത് സ്വതന്ത്ര ഇന്ത്യയുടെ സമ്പത്ത് കണ്ടിട്ടോ വൈവിധ്യം കണ്ടിട്ടോ അല്ല. മറിച്ച് നാനാ ജാതി മതക്കാരുടെ തോളോട് തോൾ ചേർന്നുള്ള ഐക്യത്തോടെയുള്ള ജീവിതം കണ്ടിട്ടായിരുന്നു.

ഹിന്ദുവും മുസൽമാനും കൃസ്ത്യനും പാഴ്സിയും ബുദ്ധ ജൈന മതവും എല്ലാം അന്യമായാൽ അതിനുപിന്നാലെ ഭാരതമെന്ന നാമവും ക്ഷയിച്ചുപോകുമായിരുന്നു.

ഇങ്ങനെ സന്തുഷ്ടമായിരുന്ന നമ്മുടെ ഭാരതത്തെ ഇന്ന് ആദരവോടെയല്ല, മറിച്ച് വർത്തമാനകാല ഭാരതത്തിന്റെ പോക്ക് എങ്ങോട്ടെന്ന് വളരെ പുച്ഛത്തോടെയും ഭീതിയോടെയുമാണ് ലോക ജനത വീക്ഷിക്കുന്നത്.



വർത്തമാന ഭാരതം സ്വീകരിക്കുന്ന നിലപാടുകളെയാണ് ജനം ഉറ്റുനോക്കുന്നത്. അഭിപ്രായ സ്വാതന്ത്ര്യം 100% ഉറപ്പുനൽകിയിരുന്ന ഭാരതത്തിൽ ഇന്ന് സ്വന്തം അഭിപ്രായമെന്നൊന്ന് പ്രകടിപ്പിക്കാനോ ഇഷ്ടാനുസരണം ഭക്ഷണം കഴിക്കാനോ വസ്ത്രം ധരിക്കാനോ സ്വതന്ത്രമായി നടക്കാനോ നാം ധൈര്യം കാണിക്കുന്നില്ല.

നമ്മൾ എന്തോ ഭയക്കുന്നു.

മാത്രമല്ല തന്റെ ജനതയുടെ ജീവനും സ്വത്തിനും കാവൽ നിൽക്കാമെന്ന് വീരവാദം മുഴക്കി ഉറക്കെ പ്രഖ്യാപിച്ച ഭരണ വർഗം തന്നെ തന്റെ ജനതയുടെ ജീവൻ കവർന്നെടുക്കാനും സ്വത്ത് ചൂഷണം ചെയ്ത് പങ്കിട്ടെടുക്കുന്നതിലുമെല്ലാം മുൻനിരയിൽ പ്രവർത്തിക്കുകയുമാണ്.

ജനങ്ങൾ അതിനെതിരെ ശബ്ദിക്കാൻ മുന്നോട്ട് വരില്ല എന്ന സത്യം ഭരണ വർഗം തീർച്ചപ്പെടുത്തിയിരിക്കുന്നു. അധികാര വർഗത്തെ ചോദ്യം ചെയ്യാമെന്ന് ആധികാരിക പരമോന്നത ഗ്രന്ഥമായ ഭരണഘടനയിലൂടെ വ്യക്തമാക്കിയിട്ടും ഭരണവർഗത്തിന്റെ ചൂഷണത്തിനും പീഢനത്തിനുമെതിരെ ശബ്ദിക്കാതിരിക്കാൻ അധികാരവർഗം ന്യൂനപക്ഷ ജനതയുടെ നാവ് വലിച്ച് കെട്ടിയിരിക്കുന്നു.

രാജ്യത്തിന്റെ മതേതര ആശയം കാറ്റിൽ

പറത്തിക്കൊണ്ട് അധികാര വർഗം ഒരു ഏകമത രാഷ്ട്ര സങ്കൽപം സ്വപ്നം കാണുന്നു. അത്മൂലം ത്യജിക്കേണ്ടി വരുന്നത്. ഭാരതത്തിന്റെ ഐക്യവും അഖണ്ഡതയും പൈതൃകവും സംസ്ക്കാരവുമെല്ലാം ഒത്തൊരുമിച്ച ഒരു സമ്പൂർണ്ണ രാജ്യം തന്നെയാണ്.

കൈയ്യൂക്കും സമ്പത്തും ഉള്ളവന് രാജ്യത്തിന്റെ പരമോന്നത സിംഹാസനം എക്കാലവും അലങ്കരിക്കാമെന്നതിന്റെ വ്യക്തമായ തെളിവാണ് ഇന്ന് നാമെല്ലാം അനുഭവിച്ചറിയുന്നത്.

ഭാരതത്തിന്റെ പൈതൃകമാണ് ജനാധിപത്യം എന്ന ആശയം. ആ പൈതൃകം തന്നെ ഛിന്നഭിന്നമാക്കി ഏകാധിപത്യരാജ്യമാക്കി മാറ്റുമോ ഭാരതത്തെ എന്ന് നാം ഭയക്കുന്നു.

കാരണം അധികാര വർഗത്തെ തെരഞ്ഞെടുക്കുന്ന ഒരു ഉപാധയായി മാത്രമാണ് ഇന്ന് ജനാധിപത്യത്യത്തെ കണക്കാക്കുന്നത്. തുടർന്ന് വരുന്ന ഭരണം മുഴുവൻ സ്വകാര്യ കമ്പനികളെ പ്രോത്സാഹിപ്പിച്ചും ഏകപക്ഷീയ തീരുമാനങ്ങൾ സ്വീകരിച്ചും ഭാരതീയ ജനതയെ തീർത്തും വെട്ടിലാക്കുന്ന തരത്തിലാണ് നീങ്ങിക്കൊണ്ടിരിക്കുന്നത്. ഈ പ്രവർത്തനം തന്നെയല്ലേ മാനവ ഏകാധിപത്യത്തിനുദാഹരണം എന്ന് നാം ചോദിച്ചു പോവുകയാണ്.

അനീതികൾ കണ്ടാൽ പോലും പ്രതികരിക്കരുത് എന്നതാണ് പുതിയ വ്യവസ്ഥ. കാരണം അനീതിക്കെതിരെ പ്രതികരിച്ച ഒട്ടേറെ പേരെ കാലം നമുക്ക് സുപരിചിതമാക്കി തന്നിട്ടുണ്ട്. അവരെ മാത്രമല്ല അവർക്ക് ഒടുവിൽ എന്ത് സംഭവിച്ചു എന്നും കാലം പ്രത്യക്ഷത്തിൽ കാണിച്ചുതന്നതോടെ ജനതയുടെ പ്രതികരണം തികച്ചും നിലച്ചു പോയി.

പ്രതികരണ ധ്വനി നിലച്ചപ്പോൾ അവർ സ്വയം 'സൂപ്പി'യായി വാഴാൻ തുടങ്ങി. മതേതര ഭാരതത്തെ ഒരു ഏക മത രാജ്യമാക്കാൻ മുറവിളികൂട്ടുന്നവരോട് ഒരു ചോദ്യം. 'നിങ്ങൾ സ്വപ്നം കാണുന്ന ഏകമതരാഷ്ട്രത്തിൽ നിങ്ങൾ ഉൾപ്പെടുത്തുന്ന യഥാർത്ഥ കളങ്കമില്ലാത്ത ഹൈന്ദവർ ആരൊക്കെയാണ്?'

83 ശതമാനം ഹിന്ദുക്കളിൽ മഹാഭൂരിപക്ഷം വരുന്ന ഹൈന്ദവ സഹോദരൻമാരും സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും നിറവെളിച്ചമാണ്. അവരും മറ്റു മതസ്ഥരും തമ്മിൽ സ്നേഹ, സൗഹൃദത്തിലാണ് കഴിയുന്നത്. പിന്നെ ആർക്കാണ് ഹൈന്ദവ ഭാരതം ആവശ്യമുള്ളത് എന്നും ഒരു ചോദ്യചിഹ്നമായി അവശേഷിക്കുന്നു.

എന്നാൽ ചില വർഗ്ഗീയ മൂർച്ചയുള്ള ചിന്താഗതിക്കാർ അത്യുൽപാദന ശേഷി ഒരൽപംകൂടുതലുള്ള വർഗ്ഗീയതയുടെ വിത്തുകൾ പാവപ്പെട്ട ന്യൂനപക്ഷങ്ങൾക്കിടയിൽ വിതച്ചുകൊണ്ടേയിരിക്കുന്നു.

മറ്റ് ന്യൂനപക്ഷ വർഗത്തിന്റെ നാവിന് സീൽവച്ച് ഒരക്ഷരം പ്രതികരിക്കാൻ സാധിക്കാത്ത വിധത്തിൽ വരിഞ്ഞ് മുറുക്കുകയാണ് അധികാര വർഗം.

ഇതിനിടയിൽ ന്യൂനപക്ഷ ജനത സ്വന്തം സ്വാതന്ത്ര്യവും അഭിപ്രായവും വസ്ത്രധാരണ രീതിയും ഭക്ഷണ സ്വാതന്ത്ര്യവും ആരാധനാ സ്വാതന്ത്ര്യവുമെല്ലാം നിഷേധിക്കുന്ന തരത്തിലേക്ക് മൂക്ക് കുത്തി വീഴുകയാണ്. ഇതെല്ലാം

**ഭാരതത്തിന്റെ പൈതൃകമാണ് ജനാധിപത്യം എന്ന ആശയം. ആ പൈതൃകം തന്നെ ഛിന്നഭിന്നമാക്കി ഏകാധിപത്യരാജ്യമാക്കി മാറ്റുമോ എന്നതാണ് ഇപ്പോഴത്തെ ഭയം.**

അവർക്ക് വെറുമൊരു ഓർമ മാത്രമായി മാറുമോ എന്ന ആവലാതിയും അവരെ അലട്ടിക്കൊണ്ടിരിക്കുന്നു.

സ്വതന്ത്ര ഭാരതത്തിൽ വിദ്യാഭ്യാസ രംഗത്തും സ്വകാര്യ കുത്തക മുതലാളിമാരുടെ തേരോട്ടമാണ് സ്വാശ്രയ ഫീസുകളെല്ലാം കുത്തനെ വർദ്ധിപ്പിച്ച് ന്യൂനപക്ഷ വിദ്യാർത്ഥികളെ ചൂഷണം ചെയ്യുകയാണ് മുതലാളിത്തം. പ്രതികരിക്കാൻ സാധ്യമല്ല. പ്രതികരിച്ചാലുണ്ടാകുന്ന ഗതിയും വളരെ വ്യക്തം. അത്കൊണ്ട് ജനം എല്ലാ കൊള്ളരുതായ്മകളും സഹിച്ച് ജീവിക്കുന്നു എന്നതാണ് വാസ്തവം.

ഭാരതത്തെക്കുറിച്ച് വ്യക്തമായി അറിയുന്ന ഒരാൾ വർത്തമാന ഭാരതത്തെക്കുറിച്ച് പഠിച്ചെഴുതിയാൽ ആ വ്യക്തി കണ്ണ് നിറയാതെ പോവില്ല എന്നത് തീർച്ചയാണ്. അയാളുടെ കാഴ്ചയിലുള്ള ഭാരതം പാരമ്പര്യ പൈതൃക സംസ്കാരം കൊണ്ടും നാനാത്വത്തിൽ ഏകത്വം മുഖമുദ്രയാക്കിയും, പലരാഷ്ട്രങ്ങളും ഒരൽപം നോക്കിനിന്ന് അഹങ്കരിച്ചിരുന്ന ഭാരതത്തിന്റെ മതേതര ജനാധിപത്യചിന്താഗതിയെക്കുറിച്ചുമെല്ലാമുള്ള സങ്കൽപങ്ങളുമായിരുന്നു. വർത്തമാന ഭാരതം വളരെ വിരളവും. അതാണ് സത്യം.

ഭാരതത്തെ നമുക്ക് മനോഹരമായി സമ്മാനിച്ച് ഒരു നല്ല നാളേക്കായി സ്വപ്നം കാണാൻ പഠിപ്പിച്ച നമ്മുടെ പൂർവ്വികർ ഇതൊക്കെ കണ്ട് മറു ലോകത്ത് നിന്ന് വിതുമ്പിക്കാണും.

രാജ്യത്തെ ഭരണ വർഗം അധികാരത്തിന്റെ സീമയിൽ അടിയുറച്ച് ഇരിക്കാമെന്ന് വ്യാമോഹിച്ച് ഇരുത്തം തുടർന്നാൽ ഭാരത നേതാക്കൻമാരുടെ വാക്കിനും വിയർപ്പിനും ഒരു വിലയും കൽപ്പിക്കാത്ത ഒരു നാളേക്കായ് കാത്തിരിക്കാം.

അടിച്ചമർത്തപ്പെട്ട എന്നും പാർശ്വവൽകൃതരായി കാണപ്പെട്ട ജനങ്ങൾ എന്നും ഒറ്റക്കായിരുന്നു. അവർക്ക് ധാരാളം നാട്ടുകാരുണ്ട് ഒരു ഭരണ വർഗമുണ്ട്. പരമോന്നതമായ അതിസങ്കീർണമായ ഒരു ഭരണഘടനയുണ്ട്. എന്നിട്ടെന്താ ന്യൂനപക്ഷ വിഭാഗക്കാർ ഇന്നും പ്രതികരിക്കാൻ പാടില്ലാത്തവരായും പാർശ്വവൽക്കരിക്കപ്പെട്ടവരുമായി തന്നെ ജീവിതം ഉന്തി നീക്കുന്നു. ഒരു വലിയ രാജ്യത്ത് കോടാനുകോടി ജനങ്ങൾക്കിടയിൽ ഇന്ന് അവരെ ശബ്ദിക്കാൻ അനുവദിക്കുന്നില്ല. ആ ജനത തന്നെ വർത്തമാനകാലത്തും 'ആൾക്കൂട്ടത്തിൽ തനിയെ'...

റഹിബ സി
IInd YEAR BA West Asian Studies



# മടക്കമില്ലാത്ത യാത്ര

**നവംബർ 8,** അർദ്ധരാത്രിയോടെ ഞങ്ങൾ നിങ്ങളിൽ നിന്ന് പടിയിറങ്ങി. കണ്ണുനീരിന്റെ നൊമ്പരങ്ങളുമായി, ഒരു മുന്നറിയിപ്പുമില്ലാതെ, തിരിച്ചുവരവില്ലാതെ ഒരു പോക്ക്. എന്തിനേറെ പറയണം, ലോകത്തിലെ നാനാഭാഗങ്ങളിലുള്ള ജനങ്ങളെ കഷ്ടപ്പാടിന്റെ പടുകുഴിയിൽ ആക്കിക്കൊണ്ടുള്ള ഒന്നായിരുന്നു ആ പോക്ക്. കള്ളപ്പണം പിടിക്കുക എന്നതായിരുന്നു ലക്ഷ്യം എങ്കിലും എത്ര എത്ര ജനങ്ങളാണ് മരണമടഞ്ഞത്. എങ്കിലും ഞങ്ങൾ ചിലരുടെ കയ്യിൽ ഒതുങ്ങിക്കൂടുകയായിരുന്നു. ഞങ്ങൾ അവരുടെ അക്കൗണ്ടിലും പെട്ടിയിലും ഒതുങ്ങി നിന്നു. എന്നെങ്കിലും ഒരിക്കൽ മോചനം വേണമെന്നുണ്ടായിരുന്നു. ഞങ്ങൾ ഒരു രാത്രി പുറത്തിറങ്ങി. പക്ഷേ, ഞങ്ങളുടെ ഇറക്കം ഞങ്ങളെ ഇല്ലാതാക്കി കൊണ്ടുള്ളതായിരുന്നു. അതിനാൽ പല കള്ളപ്പണകേസും പിടിക്കാൻ സാധ്യമായി. ഒരു കൂട്ടം ആളുകൾ പണം വാരിക്കൂട്ടി മറ്റുള്ളവർ ജോലി ചെയ്തു. ഇതുകൊണ്ട് നാടിന് എന്ത് വികസനമാണ് കൊണ്ടുവരാൻ സാധിക്കുക? അതിനാൽ തന്നെ ഇത്തരത്തിലുള്ള ആളുകളിൽ നിന്ന് ഞങ്ങളെ കണ്ടെത്താൻ ഇതായിരുന്നു മാർഗം. പിന്നീട് (രണ്ടായിരം) ഞങ്ങളുടെ ചേട്ടൻ വന്നു. അവനൊരു പാവമായിരുന്നു. വലിയവനായിരുന്നെങ്കിലും ഞങ്ങളുടെ അത്ര ആരോഗ്യം വന്നില്ല. പെട്ടെന്ന് രോഗം ബാധിക്കും. കൂടുതലായിട്ട് ജീവിക്കാനുള്ള ശേഷി അവനില്ല. ഞങ്ങളുടെ സഹോദരിയും (അഞ്ഞൂറ്) ഉണ്ട്. അവളുടെ അവസ്ഥയും അതുതന്നെ നിങ്ങൾക്ക് വല്ലപ്പോഴും ഇവരെ ഒഴിവാക്കണമെന്ന് തോന്നിയാൽ കുറച്ച് മുന്നെ ഞങ്ങളോട് പറയണം. ഞങ്ങൾ പോയപ്പോൾ ഉണ്ടായ അവസ്ഥ അവർ പോകുമ്പോൾ ഉണ്ടാകരുത്. ഇനി അങ്ങനെ ഒരു 2016 നവംബർ 8 ഉണ്ടാവരുത്. ഞങ്ങൾ പ്രാർത്ഥിക്കാം, നിറഞ്ഞ മനസ്സോടെ...

ജുവൈരിയ ഷെറിൻ എൻ.എം
Ist YEAR Mcom

# ഞാൻ

ഒരു ഭ്രൂണമായി വളർന്നപ്പോൾ എനിക്ക്
പേരില്ലായിരുന്നു, മതമില്ലായിരുന്നു.
ഭൂമിയുടെ മടിത്തട്ടിലേക്കെത്തിയപ്പോൾ
പേരായി, മതമായി, ജാതിയായി.
പക്ഷേ ഞാനറിഞ്ഞില്ല, അതിന്റെ
വികൃതമുഖങ്ങളും വൈരൂപ്യവും.
ബാല്യചങ്ങാത്തങ്ങളോടൊപ്പം
ആടിത്തിമിർത്തപ്പോൾ
ആരും പറഞ്ഞില്ല അരുതെന്ന്.
അക്ഷരത്താളുകൾ ഓതിത്തന്ന
ഗുരുവും മൊഴിഞ്ഞില്ല പാടില്ലെന്ന്.
മനുഷ്യാവകാശങ്ങൾ മനഃപാഠമാക്കുമ്പോൾ
അറിഞ്ഞില്ല, അതിനുമാത്രമുള്ളതാണെന്ന്.
വളർന്നു, പക്വതവന്നു എന്ന്
പലരും മൊഴിഞ്ഞപ്പോഴും
മനസ്സിലായില്ല, എന്റെ ഇഷ്ടങ്ങൾ
വളർത്തരുതെന്നും,
അവ ബന്ധിതമാണെന്നും.
പക്ഷേ, ഇഷ്ടങ്ങൾക്കുനേരെ തിരിഞ്ഞപ്പോൾ
ഞാൻ അറിഞ്ഞു.
കൂട്ടിലടക്കിയ കിളിക്കുനൽകുന്ന
മോഹന വാഗ്ദാനങ്ങളായിരുന്നു എല്ലാമെന്ന്
അരുതെന്ന് പറയാത്ത ചുണ്ടുകൾ
വിരോധത്തോടെ ആക്രോഷിക്കുന്നു,
വിലങ്ങിടുന്നു.
മിടുക്കിയെന്ന് വാഴ്ത്തിയവർ
ഭ്രാന്തിയാക്കി ഇരുട്ടറക്കുള്ളിലാക്കി.
നല്ലവളെന്നു മൊഴിഞ്ഞവർ
മതവിരോധിയായ് മുദ്രകുത്തി.
നീതിപീഠം പോലും എനിക്കു മുന്നിൽ
ഒരു നിമിഷത്തേക്ക് കണ്ണടച്ചപോലെ.
ഒടുവിൽ ഞാൻ വിമോചിതയായി
പലരുടെ മിഴികളിലും.
എന്നിട്ടും, എന്റെ ഇഷ്ടങ്ങളോടൊന്നു
തുറന്നു ചിരിക്കാൻ പോലും
കടിഞ്ഞാണ്‍ ഉള്ള പോലെ.



**Asif N**
HOD, Department of BBA

# Symbols of Toleration

## A study based on the Temple festivals of Malabar

**Festivals** are a way to provide respite daily activities and provide an outlet of creative expression and general entertainment. These special occasion and festivals are called utsava. Festivals is an auspicious day or period of religious or other celebration prevalent in all societies and religious communities. Festivals are an important parts of our life. Most of the festivals in India are associated with their religion. The Hindus are worshippers of of many are worshippers of of many deities and naturally Hindu festivals are many.

Festivals spread Brotherhood and faith in between all the humans. People on festivals are connected with God and lessons. Connection with God create a positive attitude in their behaviour towards other people. And positive behaviour towards everyone no matter about caste, religion, colours and occupation and sense of respect for everyone it spreads brotherhood, love and faith in the society.

Festivals are locations of joy not just for devotees but for all those who are interested in it. But it's a festival of a temple, or a mosque, or a church people gatheres in crowds, celebrating the festival with music, processions, and sometimes through fireworks. The nature of festivals in Kerala is divided by many factors such as religion, caste, agricultural life, regionalism and climate. Temple



is a symbol of our heritage. It is not near place of worship; temples are the sacred places for history is hidden. The earliest centres of worship were "Kawus". They are of of Dravidian origin and are Abodes of supernatural powers. Several Kawus have been transformed into temples in the recent past and several others which survive today have been accommodated brahminical practices and have lost their cultural and religious purity. The Pediyattu Bhagavathi Kavu/ temple of kadalundi And the vavulsavam celebrated here are some special importance in the context for this slow process of sanskritization or brahmanical and for the survival of Dravidian system of worship within the brahminical complex. This kavu and the vavulsavam are also significant in that it is one of the Grand religious celebrations in Malabar, and that the festivals in Malabar temples commence with the festival at Pediyattu kavu.

The present study examines the importance of the vavulsavam in the social life of kadalundi and expose its origin and the role it played in building social harmony and communal Amity. Apart from surviving the micro details of the festival and the rituals associated. These religious practices are meant to seek Resort from diseases and disasters and are closely associated with agricultural activities. The cult of the mother Goddesses was one of the earliest forms of worship; women were the representatives of fertility, and 'Naripuja' is still practiced in India in India in India. The remains of mother goddess Cult are explored explored from Indus valley, Egypt, China and Mesopotamia. Women where held in high Esteem in Kerala Esteem in Kerala. The earliest centres of worship are known as Kavus. Temples developed as religious centres only in later Times Times only in later Times. Temples were not only the places of worship but places where the history of a locality could also be traced out.

The primitive people had no consciousness about the concept of God and religion. They were bothered only about their survival against the dangerous phenomenon of nature. In such a society a man had to fight against both animals and natural forces. These forces which are beyond his control or his limit were perceived as Supernatural and he began to worship such forses like fire, thunderstorm, rain etc. This there emerged Hill emerged Hill deity, deity of river, tree deity etc. So he thought that a lot of Evil force or Supernatural forces were moving in the atmosphere or his surroundings and if they were subjected to the unfavour or anger of these Evil forces their life in the earth would be in a absolute danger; so these people are always tried to appease this process to check any threats. The means adopted to request to these forces forces these forces for prayers, rituals, donation, Sacrifice, whispering etc. Thus they had attempted to influence over this forces and tried make in favour and tried make in favour of them.

**Kerala is land where female deities are given Prime importance than male deities.**

Kerala is land where female deities are given Prime importance than male deities. Here we assumed that the mother goddess emerged from the female dominated social system. Mother goddess are known in different names like Kali, bagavathi, neeli etc. The bagavathi temples are generally called as 'Kavus'. In the Prehistoric Period there were not were not at all any temples. They used to worship the lithic figures under the or beneath the Banyan or in the centre of a collection of trees. One of the the striking features of the system of worship in a Kavu is the absence of the Brahmin as priest priest in performing the rituals. In most of

**It is clear that the cult of mother goddess existed in Kerala from very early times.**

the Kavus priest are from all castes indiscriminately, but in some Kavus of particular goddess priest. Generally belong to one particular caste. This indicates a common mode of worship of worship that had existed and still exists, in this worshipping centres worshipping centres worshipping centres centres.

An interesting feature of many of the Kavu/temple is the co-existence of archaic legends associated with it, which are sure sung in the form of ritualized songs like 'Thottam' and ' Kalampattu' most of the legends legends the legends legends regarding the origin of Kavus are the same and are connected with lower caste connected with lower caste women Cherumis. According to these legends, while cutting grass, a Cherumi's sickle stuck suddenly with a stone causing to ooze blood out of it. She informed it to other people of the village who consulted an astrologer and came to know about the presence of a goddess in a stone. So they cleared that area, constructed a small shrine, installed the stone inside it and started worshiping it as goddess. They might have thought have thought that the stone is a living object since blood represents life and as blood is associated mare with females they might have worshipped it as goddess. Probably the worship of stone as goddess in the Kavu may have some relationship with such stories and it also seems to show the survival of tribal elements still present in these worship centres.

As centuries passed the power was transferred from Chera kings to Parapanad Kovilakam. Power was wielded by some temple also; especially the Mannur Shiva temple and Pazhanjanoor temple. The ownership of a temple was given to the temple Devasam. As per the Janmi system existed during the period, Perumbarambu manezhi was having power Punnolikoroth, Punnolirupatil, Kutikatil, Ambali, Koormanthra, Puthiyakam, were having the power on the lands. They had been divided kadalundi into two parts which is named as Pazhanjanoor Subramania temple, Mannur Maha Shiva temple. In Chaliyam Shiva temple, Shiva lingam is inside the Banyan tree and in other temples like Pazhanjanoor Subramania temple, Pidipazhi Maha Vishnu temples are the peoples. The old one among the temple is is the Kadalundi Pediyattu bagavathi temple and related to it a Jathavan fort.

The Pediyattu kavu festival of 'vavulsavam' is a popular festival.It is important for the mutual cooperation of various communities involved in it. Each and every community has a particular kind of ritual rides to play  in the festival. The utsavam takes place in the month of Thulam. Utsavams are the important celebrations in temples. Utsavam means an outward flow. The energy of Goad which has been immanent in the temple is brought out for the development and fame of the village people through uthsavams. The divine energy is emanating through everyday Poojas and special Poojas. Vavulsavam is celebrated in the month of October and always is coupled with Deepavali.

The attraction of the festival is the message of the social harmony it sends out. It is not a festival by a community, but it is the most important for everyone in Kadalundi. It is an occasion of get-together for them.The festival takes place in a ceremonial manner because of the cooperation of various communities and moreover by the people of the region. This cooperation breaks all the boundaries of caste, creed and other imperious systems which were prominent in olden days. This is great regional festival in this area. Normally in the festival day it is a public holiday in the region. The festival extends normally for two or three days. There will be cultural and entertainment programmes during the occasion. All sections of the people participating in this festival irrespective of caste and creed. They also made offering of agricultural product(Kazhcha). Such a padd, millet, coconut etc. Since these works are done by members of such castes who had such jobs as their traditional occupation, the festivals contribute much to the sustance of caste based social order even in the modern social situation.

It is clear that the cult of mother goddess existed in Kerala from every early times. Such form of worship in Kerala still exists in its primitive from both among the tribes and the civilized people. An important feature of this festival is peculiar form of participation of various communities in it. From the high caste Brahman to the out caste men, all have some kinds of ritual role in the festival. Kavu rituals and festivals play vitally important role in reproducing the traditional and feudal relationships and social codes based on caste dharma. From this temple festival is a part of popular culture. It reflects the social system existing in this region. Different communities participate in this festival. The participation of these people shows a secular culture of this region.



നിഷിദ ഇ
IInd Year BA Economics



**അയൽരാജ്യമായ** ബംഗ്ലാദേശിൽ മതവിമർശനം നടത്തിയ 6 പേർ കൊല്ലപ്പെടുകയും പലരും കൊലക്കത്തി ഭയന്ന് ഒളിവിൽ കഴിയുകയും ചെയ്തപ്പോൾ മതഭീകരതയൊക്കെ അങ്ങ് ബംഗ്ലാദേശിലാണെന്ന് പറഞ്ഞ് ആശ്വാസം കൊണ്ടവരായിരുന്നു ഇന്ത്യക്കാർ. എന്നാൽ ഇന്ന് ജനാധിപത്യത്തിൽ നിന്നും ഏകാധിപത്യത്തിലേക്ക് നടന്നെത്താൻ ഇന്ത്യൻ ഗവൺമെന്റിന് സമയദൈർഘ്യം വേണ്ടിവന്നില്ല. ഇന്ത്യ ഒരുപാട് മാറിയിരിക്കുന്നു. മനുഷ്യനെക്കാൾ പശുവിന് മുൻഗണനയും സ്നേഹവും ലഭിക്കുന്നു. ഗോമാതാവിന് വേണ്ടി തല്ലാനും കൊല്ലാനും തയ്യാറാകുന്നു. ജനാധിപത്യബോധനത്തിനും സഹിഷ്ണുതക്കും പേരുകേട്ട ഈ രാജ്യം അധ:പതിച്ച് കൊണ്ടേയിരിക്കുന്നു. സ്വതന്ത്രമായി 70 വർഷം പിന്നിട്ടിട്ടും സ്വാതന്ത്ര്യത്തിന്റെ യഥാർത്ഥ ആശയത്തിലേക്ക് എത്തിച്ചേരാൻ ഇന്ത്യക്ക് സാധിച്ചിട്ടില്ല. പ്രഥമ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റു പറഞ്ഞ 'നാനാത്വത്തിൽ ഏകത്വം' എന്നതിൽ നിന്ന് നമ്മളെവിടയോ എത്തിയിരിക്കുന്നു. ചെറിയ കാര്യങ്ങൾ പോലും കൊലപാതകത്തിലേക്ക് മാറിക്കൊണ്ടിരിക്കുന്ന സാഹചര്യമാണ് ഇന്ത്യൻ 'ജനാധിപത്യത്തിൽ' നിലനിൽക്കുന്നത്.

1950 ജനുവരി 26 ന് നിലവിൽവന്ന ഇന്ത്യൻ ഭരണഘടനയാണ് ലോകത്തിലെ ഏറ്റവും വലിയ ലിഖിത ഭരണഘടന. ഭരണഘടനയും ആവിഷ്ക്കാര സ്വാതന്ത്ര്യവും ഒരു രാഷ്ട്രത്തിന്റെ എല്ലാ പ്രവർത്തനങ്ങളേയും നിശ്ചയിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്ന ആധികാരിക പ്രമേയമാണ്. ഭരണഘടനയിൽ 19 മുതൽ 22 വരെയുള്ള വകുപ്പുകൾ സ്വാതന്ത്ര്യത്തിനുള്ള അവകാശം ഉറപ്പ് നൽകുന്നു. ഇതിൽ 19-ാം വകുപ്പാണ് ഏറ്റവും പ്രധാനപ്പെട്ടത്. അത് എല്ലാ പൗരൻമാർക്കും 6 മൗലിക സ്വാതന്ത്ര്യം ഉറപ്പ് നൽകുന്നുണ്ട്. അതിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് അഭിപ്രായ സ്വാതന്ത്ര്യവും ആവിഷ്ക്കാര സ്വാതന്ത്ര്യവും. ജനാധിപത്യവ്യവസ്ഥയിൽ പൗരൻമാർക്ക് ലഭിക്കുന്ന ഏറ്റവും സുപ്രധാനമായ അവകാശങ്ങളാണ് അഭിപ്രായ പ്രകടത്തിനും ആവിഷ്ക്കാര സ്വാതന്ത്ര്യത്തിനുമുള്ള അവകാശങ്ങൾ. സ്വാഭിപ്രായം തുറന്ന് പ്രകടിപ്പിക്കാനുള്ള അവകാശം പൗരൻമാർക്കില്ലെങ്കിൽ ജനാധിപത്യത്തിന്റെ നിലനിൽപ്പ് തന്നെ അപകടത്തിലാകും. ക്രമസമാധാനം തകരാറിലാകുന്ന, രാഷ്ട്ര സുരക്ഷക്ക് കോട്ടം തട്ടുന്ന, ആക്രമണത്തിന് പ്രേരണ നൽകുന്ന, മാനഹാനിയുണ്ടാക്കുന്ന തരത്തിലുള്ള ആശയ പ്രകടനങ്ങൾ ഭരണഘടന പ്രദാനം ചെയ്യുന്ന ആവിഷ്ക്കാര സ്വാതന്ത്ര്യത്തിന്റെ പരിധിയിൽ വരുന്നതല്ല. മറിച്ച് രചനാത്മകമായി തങ്ങളുടെ ആശയങ്ങളെ എഴുത്തിലൂടെയും വാക്കുകളിലൂടെയും പ്രകടിപ്പിക്കാൻ ഭരണഘടന നൽകുന്ന സ്വാതന്ത്ര്യം നിഷേധിക്കപ്പെടുന്ന സാഹചര്യത്തെ ഭീകരമെന്നേ വിലയിരുത്താനാവൂ.

ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിനൊപ്പം ലഭിച്ച കാതലായ മൂല്യമാണ് ആവിഷ്കാര സ്വാതന്ത്ര്യം. വിയോജിപ്പിന്റെ ശബ്ദങ്ങളെ ബ്രിട്ടീഷുകാർ ബൂട്ട് കൊണ്ടും, തോക്ക് കൊണ്ടും, കഴുമരം കൊണ്ടും മറുപടി നൽകി എതിർക്കാൻ ശ്രമിച്ചപ്പോൾ തങ്ങളുടെ വേദനകളെ കടിച്ചമർത്തി അവർക്കെതിരെ വീണ്ടും വീണ്ടും ശബ്ദമുയർത്തിയപ്പോൾ ആവിഷ്ക്കാര സ്വാതന്ത്ര്യം സമൂഹത്തിൽ ജനാധിപത്യ സ്വത്വത്തിൽ വേരൂന്നിയ നിർണായക സംവിധാനമായാണ് സ്വാതന്ത്ര്യസമര സേനാനികൾ കണ്ടത്. ഇന്ത്യയുടെ പ്രഥമ ആഭ്യന്തര മന്ത്രിയായ സർദാർ വല്ലഭായ് പട്ടേൽ ഗാന്ധിജിയുടെ കൊലപാതകവുമായി ബന്ധപ്പെട്ട് 1948 ജൂലൈ 18 ന് ശ്യാമപ്രസാദ് മുഖർജിക്ക് എഴുതിയ കത്തിൽ ഇങ്ങനെ വ്യക്തമാക്കുന്നുണ്ട്. വൈവിധ്യമാർന്ന അഭിപ്രായങ്ങൾ തുറന്നമനോഭാവത്തോടെ ചർച്ചചെയ്യുന്നത് ജനാധിപത്യ സമൂഹത്തിനുള്ള ഏറ്റവും മികച്ച ജാമ്യമാണ്. ജനാധിപത്യ മൂല്യങ്ങളെ എതിർക്കുന്നതാണ് വർഗീയ പ്രത്യയശാസ്ത്രം. അതിനാൽ അവർ അസഹിഷ്ണുതയെ മോശമായ നിലയിലാക്കാൻ സാധ്യതയുണ്ട്. വർഗീയതയെ ചെറുത്തു ജനാധിപത്യ സ്വാതന്ത്ര്യം സംരക്ഷിക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്.

ഏഷ്യയിൽ മാധ്യമപ്രവർത്തകർ ഏറ്റവും കൂടുതൽ ഭീതിയോടെ ജീവിക്കുന്നത് ഇന്ത്യയിലാണെന്ന പ്രസ്താവന ഭയപ്പെടുത്തുന്നതാണ്. 1992 മുതൽ 67 മാധ്യമപ്രവർത്തകരാണ് ഇന്ത്യയിൽ കൊല്ലപ്പെട്ടത്. വിയോജിപ്പിന്റെ സ്വരങ്ങൾ അടിച്ചമർത്തുന്നത് ആശയ പ്രകടനത്തിനുള്ള സ്വാതന്ത്ര്യം തടയുന്നതിലൂടെയും മാധ്യമങ്ങളെ നിയന്ത്രിക്കുന്നതിലൂടെയും മാത്രമല്ല, എഴുത്തുകാരെ കടന്നാക്രമിക്കുന്നതിലൂടെയുമാണ്. കഴിഞ്ഞ ഏതാനും വർഷങ്ങളായി യുക്തിബോധമുള്ള, ചിന്തയെ ഉയർത്തിപ്പിടിക്കുന്ന, ജാതിയെ പിന്തുണക്കുന്ന മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്നവരെ എതിർക്കുന്ന ഹിന്ദുത്വ രാഷ്ട്രീയത്തെ എതിർക്കുന്ന സാമൂഹ്യപ്രവർത്തകരുടെയും എഴുത്തുകാരുടെയും കൊലപാതകങ്ങൾക്ക് നാം സാക്ഷികളായി. നരേന്ദ്ര ദാബോല്ക്കറെ വെടിവെച്ചു കൊന്നതിലൂടെയാണ് പൈശാചികമായ ഈ പ്രതിഭാസത്തിന് തുടക്കമായത്. അദ്ദേഹം നടത്തിയ സമ്മേളനങ്ങളും, ചർച്ചകളും തടസ്സപ്പെടുത്തുകയും വീട് ആക്രമിക്കുകയും ഒടുവിൽ ഒരു പ്രഭാത സവാരിക്കിടെ

> **ഏഷ്യയിൽ മാധ്യമപ്രവർത്തകർ ഏറ്റവും കൂടുതൽ ഭീതിയോടെ ജീവിക്കുന്നത് ഇന്ത്യയിലാണെന്ന വസ്തുത ഭയപ്പെടുത്തുന്നതാണ്.**

# നാം നിശബ്ദരായാൽ ഫാസിസത്തിന്റെ കറുത്ത കരങ്ങൾക്ക് ശക്തി വർധിക്കുകയേയുള്ളൂ

വെടിയുണ്ടകളെക്കൊണ്ട് അദ്ദേഹത്തെ നിശബ്ദമാക്കുകയുമായിരുന്നു. നാഥൂറാം ഗോഡ്സയെ മഹത്വൽക്കരിക്കുന്ന, കാവി ഭീകരരെ എതിർക്കുന്ന ഗോവിന്ദ് പൻസാരെ ആയിരുന്നു അടുത്ത ലക്ഷ്യം. ശിവാജിയെ ഹിന്ദുവിന്റെ പ്രതീകമാക്കാനുള്ള കാവി ഭടന്മാരുടെ ശ്രമങ്ങൾക്ക് 'ആരാണ് ശിവാജി' എന്ന പുസ്തകത്തിലൂടെ അദ്ദേഹം വ്യക്തമായ മറുപടി നൽകിയിരുന്നു. അങ്ങനെ ഒടുവിൽ അദ്ദേഹവും ഒരു പ്രഭാതസവാരിക്കിടെ വെടിയുണ്ടകൾക്ക് ഇരയാവുകയായിരുന്നു. വിഗ്രഹാരാധനയെ എതിർത്തതിനാണ് കന്നട എഴുത്തുകാരനായ കൽബുർഗി കൊല്ലപ്പെട്ടത്. നിർഭയ മാധ്യമ പ്രവർത്തകരായ ഗൗരി ലങ്കേഷിന്റെ നീചമായ കൊലപാതകം സംഭവിച്ചതും ഈ കാലഘട്ടത്തിൽ തന്നെയാണ്. 'എന്റെ രാജ്യത്തെ ഭരണഘടന എന്നെ പഠിപ്പിക്കുന്നത് മതനിരപേക്ഷത പാലിക്കുന്ന പൗരനാകാനാണ്, അല്ലാതെ വർഗീയവാദിയാകാനല്ല. അത്കൊണ്ട്, വർഗീയവാദികളെ എതിർക്കേണ്ടത് എന്റെ കടമയാണെന്ന് ഞാൻ കരുതുന്നു' എന്ന് ഉറക്കെ പറയാൻ അധൈര്യപ്പെട്ടിട്ടില്ലാത്തവരായിരുന്നു അവർ. ഹിന്ദു ദേശീയ രാഷ്ട്രീയത്തെ മൗലിക ഉറവിടത്തിൽ തന്നെ എതിർത്തിരുന്നു അവർ. മതന്യൂനപക്ഷങ്ങളുടെ അവകാശ സംരക്ഷണത്തിന് പോരാടിയവരായിരുന്നു അവർ. ഇതിനെല്ലാം പകരമായി അവർക്കും ലഭിച്ചത് വെടിയുണ്ടകൾ കൊണ്ടുള്ള പ്രതികാരമായിരുന്നു. ആധുനിക ഭരണകൂടമേ,... സാമ്രാജ്യത്വമേ,... നിങ്ങൾ പറയൂ, വെടിയുണ്ടകളേറ്റു തൊണ്ട തുളഞ്ഞാൽ ഇവരുടെയെല്ലാം ശബ്ദങ്ങൾ നിലക്കുമോ? വാക്കുകളും അർത്ഥങ്ങളും ഇല്ലാതാകുമോ?... കൊല്ലപ്പെടുന്നവർക്കാണ് കൊല്ലുന്നവരേക്കാൾ ദീർഘായുസ്സ്. അവർ പിന്നെയും പിന്നെയും ഉയർത്തെഴുന്നേറ്റ് കൊണ്ടിരിക്കും എന്ന കെ.ആർ. മീരയുടെ വാക്കുകൾക്ക് ഇന്ന് രാജ്യത്ത് പ്രസക്തി കൂടി വരികയാണ്.

സാഹിത്യകാരൻമാരും സിനിമാ പ്രവർത്തകരും തങ്ങളുടെ അവാർഡുകൾ വേണ്ടെന്ന് വെച്ചത് ഫാസിസത്തിന്റെ കാടത്ത സമീപനങ്ങളുടെ ആഴം കാണിക്കുന്നു. ആവിഷ്ക്കാര സ്വാതന്ത്ര്യത്തിന്റെ കടക്കൽ കത്തിവക്കുന്ന ഫാസിസ്റ്റ് ഭരണത്തിൽ നിന്ന് ലഭിക്കുന്ന അംഗീകാരങ്ങൾ അവരുടെ ജീവിതത്തെ മലിനമാക്കും എന്ന തിരിച്ചറിവായിരിക്കാം അത്തരത്തിലുള്ള തീരുമാനങ്ങളിലേക്ക് അവരെ എത്തിച്ചത്. വാക്കുകൾക്ക് തോക്കുകളെക്കാൾ തീവ്രതയുണ്ടെന്ന് തെളിയിച്ചവരാണ് ഇന്ത്യൻ എഴുത്തുകാർ. യാഥാർത്ഥ്യങ്ങൾക്കെതിരെ ആരെങ്കിലും കൈ ചലിപ്പിച്ചാൽ ജീവൻ ബാക്കിയാവില്ല എന്ന് പറയാതെ പറയുന്ന ഫാസിസം എല്ലാ എഴുത്തുകാരും തങ്ങൾക്ക് ഓശാന പാടണമെന്ന ധാർഷ്ട്യമാണ് പ്രകടിപ്പിക്കുന്നത്.

ആവിഷ്ക്കാരസ്വാതന്ത്ര്യത്തെ തല്ലിക്കെടുത്താനുള്ള ഹീനശ്രമങ്ങളോട് യോജിക്കാൻ നമുക്കാവില്ല. ഭരണഘടന ഉറപ്പ് നൽകുന്ന അവകാശങ്ങൾ സംരക്ഷിക്കപ്പെടാൻ മൂർച്ചയേറിയ പ്രതിഷേധങ്ങൾ ഉയർന്ന് വരേണ്ടത് കാലഘട്ടത്തിന്റെ അനിവാര്യതയാണ്. നാം നിശബ്ദമായാൽ ഫാസിസത്തിന്റെ കറുത്ത കരങ്ങൾക്ക് ശക്തി വർദ്ധിക്കുകയുള്ളൂ എന്ന സത്യം നാം തിരിച്ചറിയേണ്ടതുണ്ട്. നക്ഷത്രലോകം കീഴടക്കിയ രോഹിത് വെമുലയും, ഫാസിസത്തിന്റെ ഇരയാക്കപ്പെട്ട നജീബുമാരും, അഖ്‌ലാക്കുമാരും ആവിഷ്ക്കാരസ്വാതന്ത്ര്യത്തിന് വേണ്ടി ശബ്ദമുയർത്തിയതിന് വെടിയുണ്ടകൾ മറുപടി നൽകി നിശബ്ദരാക്കിയ ഗൗരി ലങ്കേഷ്മാരും കൽബുർഗികളും പൻസാരെമാരും, ദാബോൽക്കർമാരും ജീവിച്ച് കൊണ്ടിരിക്കുന്ന സമകാലിക കാലഘട്ടത്തിൽ നാവ് പിഴക്കാതെ സംസാരിക്കേണ്ടത് ഏതൊരു ഇന്ത്യൻ പൗരന്റെയും കടമയാണ്. സമാധാനമാഗ്രഹിക്കുന്ന നമ്മെയും അവരുടെ വെടിയുണ്ടകൾ ഏത് നിമിഷവും തേടിയെത്തും എന്ന തിരിച്ചറിവും സമകാലീന ഭാരതത്തിൽ നമുക്ക് ഉണ്ടാകേണ്ടതുണ്ട്.



**Dr. Afzal PC**
Asst. Professor, Department of English




# A Haven for Kings of Cobras

**The wind** blown from the long distant Arabian Sea was but successful carrying the chill down the plains of Karnataka. Winding up the Mangalore Pass, we saw winter still hanging around the Western Ghats though it almost petered out in other places we covered so far: the northern districts of Kerala and the welcoming places of Karnataka. It is not an ordinary trip, my hunch said to me for the itinerary and description of destinations were really about something unheard of, as well as exotic. "We are going Agumbe," Dr. Mashhoor said. "It is place modernity has not laid its destructive arms upon."

We reached our destination two hours later than we expected to. On our arrival at Agumbe, we were welcomed by Mr. Prashanth, the manager of Kalinga Mane, the



Haven of the Kings of Cobras. Mashhoor Sir had already given a small description about the Kalinga Mane and its founder Gouri Shankar. Kalinga Mane is situated five kilometers away from Agumbe. The Non-governmental Organisation is dedicated in conserving, and conducting researches in, the flora and fauna of the Western Ghats. Flanked by two hills, the valley is marked with the unravished beauty of nature and myriads of plants, insects, reptiles and a lucid running stream splitting the valley into two. Gouri Shankar, the man whose dreams are steeped around the shining skin of Cobras is a man who is adept at moving with the delicate life of non-human also. He is at a beck and call of those who inform him of having sighted a cobra around. In order to save the life of the fellow being, he would venture to the site in his car with the rescue mission. After leaving a snake it its habitat, he said to us that he feels as if he saves two lives: the normal life of the people around, and of the king who has jeopardised his life by detouring and entering the habitat of his predecessors.

We had to walk one kilometer from the drive where bus stopped. Our luggage were taken care of by Mr. Prashanth. He managed to transport it to our stay in an auto. It was a bliss for all of us as we were pretty fatigued down to the long journey--dancing throughout without our everyday forty winks. We were twenty two. We started walking down the road which was full of stones. None of us had breakfast. It was almost 11:30. All were so hungry that they would murder a lamb, I felt. But, it seemed to me that nothing would beat the spirit of the pack. We kept on walking and making fun of talking to each other and singing despite we had been warned not to talk inside the forest. The roughness of the road forecast the impending adventure we were to have on the day and the night. The road led us to the long-awaited shelter. A gate was seen from a short distance. There was inscribed both in English and Kannada on a wooden plate in bold black letters: Kalinga Mane. The latter language was Greek to every soul of us and thus our lingua franca was exclusively English. We collected our bags heaped on the side of the road in front of the gate, and we started climbing down the stone-paved steps one by one. As we went down the steps, there appeared a few traveller's tent fixed in two rows. All of us were very excited for the moment as the thought of sleeping inside them in the chill climate, that too in a snake infested valley, gave us butterflies in our bellies. Apart from those tents, there were only a small concrete cabin-cum-kitchen and a bamboo hut.

There was a single feeling in everyone's eyes now: have something. No one of us seemed to care even to brush up. All of us just washed our hands and presented ourselves in the bamboo hut which, I came to know later, is a makeshift conference hall as well as a place for dining. There were some gadgets on the long table which was fit for twenty people to sit and talk or have food. We shoved all of the then unwanted pieces of equipments to the middle and waited for our belayed breakfast.

It was almost lunch time. We considered the upma and chutney brunch. It was beyond the normal expressions of taste. The only imagery I would draw here to satisfy myself is that of Manna Dew. It was definitely Manna for all of us. Having had our brunch, we felt a little lullness.

Before long, Gouri Shankar, the diety of the shrine of Kalinga Mane, came to address us. He exchanged some niceties in his down to earth style. He introduced to us two master-doing students: Melena from Poland who conducts her research on the sleeping habits of lizards, and Mitts who had just joined Gouri to seek help in his studies on frogs. He is from Odisha and studying in an African university; the name of the institution I don't remember.

Gouri Shankar gave us a short introduction to his foundation the Kalinga Mane. The word "kalinga" in Kannada means king cobra and "mane" stands for shelter. He said he would meet us later and until then we were permitted to converse with Melena and Nitya Mohanty. Both of them talked about their researches: Melena on lizards and Nitya Mohanty on frogs. The session was wonderful.

Gouri Shankar joined us after the session was over and came up with a more exciting suggestion, ie.,



taking a dip in the stream. We were game for it without a second thought. Melena led us to the stream and we all delved deep into the chill water to cool our heads burned with pop songs during our journey. Having had some fun and frolic, we returned. All of us preferred to have a second bath, and waited our turns in front of the bathroom premise set away from our bamboo hall and sleeping settlements. The aroma of Sambar and poppadam was spread and lingering inside the air trapped between the two hills facing the sylvan valley.

Some assistants were there to prepare food for us. The menu for lunch was rice, Sambar and poppadam. It was said that the rice was locally cultivated in a nearby field. Before later after lunch, Gouri Shankar appeared before us with a documentary about kings of cobras. It sketched some of his adventurous rescue missions. The intensity of the mottled light of the sun was less after noon. We also watched another documentary that pictured the complete life cycle of kings of cobras shot in Kalinga Mane itself. Gouri Shankar taught us to distinguish between snakes that are docile and poisonous. We were really wonderstruck when he said that there are only four varieties of snakes in India that are detrimentally venomous. He asked us not to inflict any harms to wild lives. As Gouri had already planned to leave for Bangalore that evening, he expressed his inconvenience to join us in our trekking onto the hilltop. Before we finishing our evening tea, he took his leave, wishing us all the best for our future life. As a will, he said to all of us, "Wildlife is not your enemy, don't become one in their free movements, please." We all bid adieu to that great personality. And when we turned back, there was Prashanth with cheerful gestures ready to take us for trekking.

We took our flash lights, water bottles and wore shoes and jackets, and followed his lead. Students were so excited about this trekking. Winding and winding, the rough and precipitous path took us to the first level of total three of the venture. Prashanth asked us to have some deep breath. The air there was so resuscitating. Nearby places were so enchanting as we were on a lofty area. I watched students taking selfies instead of deep breath Prashanth suggested us to. Of course, the second level proved to be a bit difficult for not following the guideline that Prashanth put for us. Most of us started panting and halting. All

of us wanted sincerely to hit the second half to take some deep breath, and we did as we reached it. The third level was easy for us. It was not as vertiginous as the last one. We hit the top of the hill to experience a marvelous evening that we would never forget in our breathing period called life. On the top, there was a kind of vibe that passed through all of us connecting with the warm comradery as beads in a rosary. Yes, we were all aprayer during the close of the day, a kind of vespers were heard deep in the shrine of my soul. I watched them all with the heavenly spirits, and I saw the same in all their eyes. All preferred silence. Crickets intruded into that world of us with its immortal 'noise'.

As it is always, climbing down was more difficult. We all kept safe distance so that one will not impede the adventurous movements on the precipitous hill side in the twilight. We flashed our torches, and was gingerly about our movements. It was almost night time when we reached back to Mane. We again gathered in the bamboo hut. There was remaining some tea in the canister. It warmed the cockles of our hearts. Melena was waiting for us to show her subject lizards sleeping on the branches of smaller plants. She flashed her torch exactly on the insects and lizards as if she had kept them there earlier in order to show them to us. She took them in her hands. She had marked the lizards red with nail polish. She said nail polish is not harmful to them. She left the critters back and we watched their sleeping habitat and their natural life.

Later, before having our dinner, Melena and Prashanth took us for a night walk through the forest again to introduce to us the nocturnal life of the wild stocks. We all flashed our torches and searched for reptiles, insects and birds; at times flashing the light and spelunking into the burrows. We sighted varieties of species--from larva, scorpions, owl butterflies to civet cat and a viper. Melena seemed to be a very daring girl, exuding high in confidence, and keen. Prashanth is native to the place. Both of them explained the secrets of the nocturnal life of the wild. When I looked up to the sky, I saw a thousand stars glimmering through the leaves moving to the tone of the breeze gently passed upon the leaves. Again, I felt the ethreal bliss and I believed it was equally shared between all of us. Or wasn't it seen in everybody's astral blues? Back in our camp, we had dinner. Chicken was deliciously prepared. All of us shared the niceties about those experiences hitherto unschooled. Sleeping inside the traveller's tent also must added beauty to polychromic experiences we were having for a complete day.

It was when a flute being rhythmlessly heard from far distance, I woke up. I thought some students were dallying with the reed I had seen on the wooden table in the bamboo hut. I came out of my tent and tried to locate the incessantly heard melody. Then I saw some other tents also open and students were leaning their heads out to listen to the same voice. I took my mobile phone, and it was going to be five. Though there were lots of other melodious voices of birds heard at the dawn of the day, the flute-like voice stood unique. We were so eager to see the bird that plays on the woodwind so unrhythmically. The winged musician may have lost its sobriety, I thought.

Freshed up, we were bit sad for it was time for us to leave the idyllic life behind. But, movement is life, we knew. Morning tea was ready for us. We sipped it down little by little. We packed our bags and heaped them before the entrance gate. An auto came and the driver took all the bags into it and drove the same way we walked into the one-day heaven yesterday. We bid adieu to all the inmates of the Kalinga Mane. Prashanth was there to see us off. Melena was not found. Maybe she was sleeping off the fatigue of watching the sleeping habitat of her friends on the trees let night. I said good bye to Prashanth. He wished me best. Students had already started toward the drive where bus would be waiting for us. After a few steps taken, I just had a glimpse back to the Kalinga Mane. Prashanth had disappeared. The gate was open for other visitors. Then, slowly, reverberated within me the words of Gouri Shankar: "Wild lives are not your enemies. Don't become one in their free movements, please."




# പടച്ചോനേ...

# ങ്ങള് കാത്തോളീ....

മുബശിർ കാപ്പാട്ട്
IInd Year BBA

# പാത്തുമ്മയുടെ ആടും മാനവികതയും

**മനനം** ചെയ്യാൻ കഴിയുന്നവനാണ് മനുഷ്യൻ.ചിന്തയിൽ നിന്നാണ് സങ്കൽപ്പങ്ങൾ ഉടലെടുക്കുന്നത്.ശരാശരി മലയാളിയുടെ ചിന്തയിൽ നവലോകങ്ങൾ തീർത്ത ഋഷിയാണ് വൈക്കം മുഹമ്മദ് ബഷീർ. സർഗ്ഗാത്മക വൃത്തിയിൽ ഏർപ്പെടുന്നവരെല്ലാം ഭാരതീയ ചിന്തയിൽ കവിയാണ്. ബഷീർ അക്കൂട്ടത്തിൽ അഗ്രഗണ്യനാണ്. ആത്മകഥാപരമായ 'പാത്തുമ്മയുടെ ആടി'ൽ ബഷീർ കുട്ടിക്കാലത്ത് നങ്ങേലിയുടെ മുലകുടിച്ചിട്ടുണ്ട്. തളിയാക്കേൽ എന്ന ക്രിസ്തീയ കുടുംബത്തിൽ നിന്നാണ് ചാമ്പമരം കൊണ്ടുവന്നു നട്ടത്, കൂടാതെ നാനാജാതി മതസ്ഥരായ അനേകം കൂട്ടുകാർ. 'മനുഷ്യനെ മനുഷ്യനായി' കാണാൻ പഠിച്ച യഥാർഥ മനുഷ്യസ്നേഹിയായിരുന്നു ബഷീർ.

ഇന്ന് വളർന്നു വരുന്ന തലമുറയെ മതത്തിന്റെയും ജാതിയുടെയും ജാതിപരമായ ഉൾപ്പിരിവുകളുടെയും അടിസ്ഥാനത്തിൽ നാം വേർതിരിച്ച് വിദ്യാലയങ്ങൾ നിർമിച്ച്, രാവിലെത്തെ അഭിവാദ്യം മുതൽ വൈകുന്നേരത്തെ വിടവാങ്ങൽ വരെ അതാതു ജാതി മുതലാളിമാരുടെ ഇച്ഛക്കൊത്തു പറഞ്ഞു പഠിപ്പിച്ചിരിക്കുന്നു. നാളെ ഈ ചിതൽപ്പുറ്റു പൊട്ടി പുറത്തിറങ്ങുമ്പോൾ എങ്ങനെ പുതുതലമുറ ചുറ്റുമുള്ള സമൂഹത്തെ ഉൾക്കൊള്ളും? ഇതുവരെ പരിചയിച്ച സമുദായത്തിന്റെ പ്രത്യേകതകൾ മാത്രമല്ല ലോകമെന്നും വിശാലമായ ആകാശം അതിർവരമ്പായുള്ള മനുഷ്യസമുദായത്തെ ഉൾക്കൊള്ളാനുള്ള ശേഷി ആ മനസ്സുകൾക്കും ഉണ്ടാകണമെന്നും തികച്ചും സാധാരണമായ സ്വജീവനത്തിലൂടെ ബഷീർ നമുക്ക് കാണിച്ചു തന്നു.

പൊതുവിദ്യാഭ്യാസം ശക്തിപ്പെടുത്തുന്നതിലൂടെ മാത്രമേ നമുക്ക് നിലനിൽപ്പുള്ളൂവെന്ന ശാശ്വത സത്യം ബഷീർ വെളിപ്പെടുത്തുന്നു. ഇന്നാകട്ടെ ഭൂരിപക്ഷ മലയാളികളും സർക്കാർ സംവിധാനങ്ങളെ വേണ്ടത്ര പ്രയോജനപ്പെടുത്താതെ സ്വന്തം മക്കളെ പൊതു വിദ്യാലയങ്ങളിൽ പഠിപ്പിക്കാതെ, പൊതു ഗതാഗത സംവിധാനങ്ങൾ പ്രയോജനപ്പെടുത്താതെ, ഏറ്റവുമൊടുവിൽ ജോലി മാത്രം സർക്കാർ മേഖലയിൽ വേണമെന്ന് കരുതുന്ന നിലയിലേക്ക് മാറിയിരിക്കുന്നു.

സ്വന്തം വീട്ടിലെ മാലിന്യങ്ങൾ പ്ലാസ്റ്റിക് കവറിലാക്കി പൊതു സ്ഥലങ്ങളിൽ നിക്ഷേപിക്കുന്ന ശരാശരി മലയാളി മാത്രമായിരിക്കുന്നു. ശോഭനമായ ഭാവിയെ സ്വപ്നം കാണാൻ പൊതു വിദ്യാലയങ്ങളും കരുത്തുറ്റ ആരോഗ്യ സംവിധാനങ്ങളും സർവ്വോപരി കരുത്തുറ്റ സർക്കാരും വേണമെന്നു ബഷീറും പാത്തുമ്മയുടെ ആടും നമ്മെ ഓർമ്മിപ്പിച്ചു കൊണ്ടേയിരിക്കുന്നു...!



സുഹൈറ മുഫീദ സി
Ist Year B.A West Asian Studies

# She Wants Justice




**അവർ** അവളെ ആ ടേബിളിൽ കിടത്തി... കത്രിക കൊണ്ട് വസ്ത്രങ്ങൾ മുഴുവനും മുറിച്ചുമാറ്റി. അവളുടെ നഗ്ന ശരീരം ഡോക്ടർമാർക്ക് മുന്നിൽ വെളിവായി. അയാൾ അവളെ തിരിച്ചും മറിച്ചും കിടത്തി പരിശോധിച്ചു. ചിലയിടങ്ങളിൽ ലെൻസുപയോഗിച്ച് സൂക്ഷ്മമായും ഒന്ന് നോക്കി. അവളെ ഒരു വെറുപ്പും കൂടാതെ ഡെറ്റോളും സോപ്പും ഉപയോഗിച്ച് വൃത്തിയാക്കി.

ഓപ്പറേഷൻ കത്തി എടുത്തപ്പോൾ അയാളുടെ കയ്യൊന്ന് വിറച്ചു. 'ഇല്ല നിനക്ക് കഴിയും' എന്ന് മനസ്സിൽ ദൃഢനിശ്ചയം ചെയ്ത് അയാൾ അവളെ ഇടത്തെ ചെവി മുതൽ വലത്തെ ചെവി വരെ വട്ടത്തിൽ വരഞ്ഞു. ശേഷം മുറിവിലേക്ക് ഉളി ചേർത്തുവച്ചു. എന്നിട്ട് കയ്യിലിരുന്ന ചുറ്റിക കൊണ്ട് അത്യാവശ്യം ശക്തിയിൽ അടിച്ചു. ഒരു തൊപ്പി എടുത്ത് മാറ്റുന്ന ലാഘവത്തോടെ അവളുടെ തലയോട്ടി അയാൾ എടുത്തുമാറ്റി. പിന്നീട് അയാൾ അവളുടെ ശരീരം മുഴുവനായി കീറി മുറിച്ച് ആവശ്യമുള്ള ഓരോ ഭാഗത്തിന്റെ സാമ്പിൾ കുപ്പിയിലാക്കി.

ഇപ്പോളിവിടെ ദുരൂഹസാഹചര്യത്തിൽ മരിച്ച ഒരു പെൺകുട്ടിയുടെ പോസ്റ്റ്മോർട്ടം ആണ് നടന്ന് കൊണ്ടിരിക്കുന്നത്. പത്രക്കാരും ചാനലുകാരും പുറത്തു നിൽക്കുന്നുണ്ട്. ഒരാരോരുത്തരായി അങ്ങോട്ടും ഇങ്ങോട്ടും ഓടുന്നു. നഗരത്തിലെ പ്രമുഖ കോളേജിൽ പഠിച്ച കുട്ടിയുടെ ദുരൂഹ കൊലപാതകം. സാധാരണ രീതിയിൽ പോസ്റ്റ്മോർട്ടം ജൂനിയർ ഡോക്ടർമാർ ആണ് ചെയ്യാറ്. എന്നാൽ വളരെ പ്രധാനപ്പെട്ട കേസായത്കൊണ്ട് ആ ഹോസ്പിറ്റലിലെ മുതിർന്ന ഫോറൻസിക് സർജനായ ആളാണ് ഇതേറ്റെടുത്തത്. ഓരോ അവയവവും അയാൾ സൂക്ഷ്മമായി പരിശോധിച്ചു. ചിലതിന്റെയെല്ലാം തൂക്കം നോക്കി. കൂടെയുണ്ടായിരുന്ന സ്റ്റുഡൻസിന് കാര്യങ്ങൾ വിശദീകരിച്ച് കൊടുത്തു. അതിൽ ആദ്യമായി പോസ്റ്റ്മോർട്ടം അറ്റൻഡ് ചെയ്യുന്നവനോട് അവളെ തൊടാൻ പറഞ്ഞു: അവൻ മടിച്ചു, മടിച്ചു അവളുടെ വിരലിൽ തൊട്ടു. 'ഇതാണ് കുട്ടികളെ സത്യം, 24 മണിക്കൂർ മുമ്പ് ഇവളുടെ സൗന്ദര്യം നിങ്ങൾ എത്രമാത്രം ആസ്വദിക്കും, ഇപ്പോൾ അറപ്പോടെയല്ലെ നിങ്ങൾ ഇവളുടെ ശരീരം നോക്കുന്നത്... ' ഇതും പറഞ്ഞ് ഡോക്ടർ തന്റെ ജോലി തുടർന്നു. എല്ലാ പരിശോധനകളും പൂർത്തിയാക്കി അവയവങ്ങളെല്ലാം തിരികെ വെച്ച ശരീരഭാഗങ്ങൾ തുന്നിക്കെട്ടി. റിപ്പോർട്ടിനുള്ള കാര്യങ്ങൾ പേപ്പറിലാക്കി ജൂനിയർ ഡോക്ടറെ റിപ്പോർട്ട് തയ്യാറാക്കാനായി ഏൽപ്പിച്ചു.

പുറത്ത് കടന്നപ്പോൾ അദ്ദേഹത്തെയും കാത്ത് കേസിന്റെ അന്വേഷണ ചുമതലയുള്ള ഡി.വൈ.എസ്.പി പുറത്ത് നിൽക്കുന്നുണ്ടായിരുന്നു. ഡോക്ടർ പറഞ്ഞു 'സാർ, ഇതൊരു വലിയ കേസാണ്. ആ പെൺകുട്ടി വളരെ മൃഗീയമായി റേപ്പ് ചെയ്യപ്പെട്ടിരിക്കുന്നു. അവൾ മരിച്ചിട്ട് 24 മണിക്കൂർ അധികമായിക്കാണും. എന്നാൽ അതിന് ശേഷവും പീഡനം നടന്നിട്ടുണ്ട്. അത്കൊണ്ട് സാർ... എനിക്കൊരു അപേക്ഷയുണ്ട് സാർ... She Wants Justice'.

അപ്പോഴേക്കും ജൂനിയർ ഡോക്ടർമാർ റിപ്പോർട്ടുമായി അവിടേക്ക് വന്നു. ഡോക്ടർ ഇതിലൊന്ന് ഒപ്പിടണം 'ഞാൻ എവിടെ ഒപ്പിടണമെടോ?? ഡോക്ടർ എന്ന കോളത്തിലോ അതോ അച്ഛൻ എന്ന കോളത്തിലോ... ?? ജൂനിയർ ഡോക്ടേഴ്സും പോലീസുമാരും പെട്ടെന്ന് നിശബ്ദരായി. എല്ലാവരും ഞെട്ടിത്തരിച്ച് പോയി. ആർക്കും ഒന്നും സംസാരിക്കാനായില്ല. അയാളെ ആശ്വസിപ്പിക്കാനെന്ന രീതിയിൽ ജൂനിയർ ഡോക്ടർ അയാളുടെ ചുമലിൽ കൈ വച്ചു. അദ്ദേഹം കൈകൾ പതിയെ എടുത്തുമാറ്റി. നടന്നുനീങ്ങി. പോകുന്ന വഴിയിൽ അയാൾ സ്വയം പറയുന്നുണ്ടായിരുന്നു:'എത്രയും വേഗം വീട്ടിലെത്തണം; ഒന്നു കുളിക്കണം, ബാക്കിയുള്ള ചടങ്ങുകൾ നടത്തണം... She Wants Justice... She Wants Justice... '

ഖജില ഫർഹാന കെ
IInd Year BSc Microbiology

# ജാതി ചോദിക്കരുത്

**കേരളത്തിന്റെ** ഇന്നലെകൾ ഭ്രാന്താലയം എന്ന് വിശേഷിപ്പിക്കപ്പെട്ടിട്ടുണ്ട്. കാരണം വിവേകാനന്ദൻ കണ്ട കേരളം ജാതിവെറിയുടെയും ജന്മിത്വത്തിന്റെയും നാടായിരുന്നു. തൊട്ടുകൂടായ്മയുടെയും തീണ്ടായ്മയുടെയും നാട് ഇന്നത്തെ സുന്ദര സാക്ഷര കേരളമായി മാറിയത് ഒറ്റ സൂര്യോദയം കൊണ്ടല്ല...

നടക്കാൻ പാടില്ല എന്ന് ആണയിട്ടു പറഞ്ഞ വഴികളിലൂടെ കൂട്ടമായി തന്നെ നടന്ന്, സാധാരണക്കാരന്റെ മുന്നിൽ കൊട്ടിയടക്കപ്പെട്ട ക്ഷേത്ര വാതിലുകൾ തള്ളി തുറന്ന്, പൂണൂലുകൾ പൊട്ടിച്ചെറിഞ്ഞ്, കൈകൾ കോർത്തുപിടിച്ച്, ആയിരം ആളുടെ ചോരയിൽ ആവേശം കൊണ്ട് നേടിയെടുത്തതാണ്.. എന്നാൽ ഇന്ന് ഒന്നുമറിച്ച് ചിന്തിക്കുമ്പോൾ അഹങ്കാരത്തോടുകൂടി നാം ആട്ടിയോടിച്ചെന്നു ഉറക്കെ വിളിച്ചു പറഞ്ഞ ജാതീയത അതിന്റെ പുതിയ രൂപത്തിൽ നമുക്കിടയിൽ അരങ്ങുവാഴുന്നുണ്ടിന്നും.. എടുക്കേണ്ട ഗൗരവത്തോടുകൂടി നാം ഈ വിഷയങ്ങളെ സമീപിക്കുന്നുണ്ടോ എന്നത് പുനർവിചിന്തനം ചെയ്യേണ്ട കാര്യം തന്നെയാണ്..

എറണാകുളത്ത് പൊതുഹാളിൽ ചിത്രകാരൻ ആശാന്തിന്റെ മൃതദേഹം, പാർട്ടി ഗുണ്ടകളുടെ ധിക്കാരത്തിന് വഴങ്ങി മാറ്റിവച്ചത് സാക്ഷര കേരളത്തിന് ഒരു വലിയ വിഷമമായിപോലും തോന്നിയില്ല എന്നതാണ്



**ചക്കക്കുരുതോരനും ചോറും കൂട്ടിക്കുഴച്ച് സഹോദരനയ്യപ്പനും കൂട്ടരും വാരിതിന്ന ഒരുപിടി ചോറുണ്ട് കേരളത്തിന്... നമ്മുടെ മനസ്സുകളൊക്കെയും ആ ഇലകളിൽ നിന്നും ഒരുപാട് തെളിഞ്ഞു വരേണ്ടിയരിക്കുന്നു.**

വാസ്തവം. എറണാകുളത്തപ്പന്റെ തേർവാഴ്ച്ച പൊതുഹാളിൽ ആ ചിത്രകാരന്റെ മൃതദേഹം വച്ചതിലൂടെയാണെന്നതായിരുന്നു അവരുടെ ന്യായം... ഇത്പോലത്തപ്പന്മാർക്ക് തീറെഴുതിക്കൊടുത്ത വഴികളൊക്കയും പിടിച്ചുവാങ്ങിയ നമ്മുടെ വഴി നടക്കൽ സമരങ്ങളുടെ കടയ്ക്കൽ കത്തിവെച്ചാണ് അദ്ദേഹത്തിന്റെ മൃതദേഹം ഭരണാധികാരികൾ എടുത്തു മാറ്റിയത്..

'ഞങ്ങളുടെ മക്കളെ നിങ്ങളുടെ സ്കൂളിൽ പഠിപ്പിച്ചില്ലെങ്കിൽ നിങ്ങടെ പാടത്ത് മുട്ടിപ്പുല്ല് മുളപ്പിക്കും' എന്ന് നെഞ്ചുറപ്പോടെ പറഞ്ഞ അയ്യങ്കാളിയുടെ, സവർണ്ണർക്ക് മാത്രം പ്രവേശനമുണ്ടായിരുന്ന, വൈക്കം ക്ഷേത്രത്തിന്റെ വഴികളിൽ ജനാധിപത്യത്തിന്റെ കാഹളം മുഴക്കികയറിയ എ.കെ.ജി യുടെ പിന്നെ അനേകമായിരം ധീരരുടെ അദ്ധ്വാനത്തിലൂടെ പടുത്തുയർത്തിയതാണ് ഇന്ന് നാം കാണുന്ന ഈ കേരളം. അത് വീണ്ടും ജാതി കോമരങ്ങൾക്ക് അടിയറവ് വെക്കാൻ ഒരധികാരിയേയും അനുവദിച്ചുകൂടാ.. നമുക്കിടയിൽ ഓരോ പൗരനും നിയമപരമായി കിട്ടേണ്ട എല്ലാ അവകാശങ്ങളും അനുവദിച്ചുകൊടുത്തേ മതിയാവ...

സ്വന്തം അച്ഛന്റെ കയ്യാൽ കൊല്ലപ്പെട്ട ആതിര ഇന്നും കേരളത്തിലെ ഒരു ചർച്ചാ വിഷയമാണ്. പ്രണയം പിതാവിന്റെ ജാതിയുടെ പേരിലുള്ള മനക്ഷോഭം മകളുടെ അരും കൊലയിൽ വരെ എത്തിച്ചെങ്കിൽ അതിന്റെ മൂർച്ചയെത്ര എന്ന് ആലോചിക്കണം "SC, ST അല്ലാത്ത ആർക്കും ആലോചിക്കും" എന്ന ക്യാപ്ഷനുകളുള്ള മാട്രിമോണിയൽ പരസ്യങ്ങൾ നമ്മളെ അത്ഭുതപ്പെടുത്തിയില്ലെങ്കിൽ മുകളിൽ പറഞ്ഞ അരും കൊലയിൽ ഞെട്ടാനൊന്നുമില്ല.. ജാതി നോക്കി ജാതകം നോക്കി ആളുകളുടെ മാന്യത പട്ടികപ്പെടുത്തുന്ന മലയാളി മനസ്സിന്റെ ഒരു ഉദാഹരണം മാത്രമാണ് ആതിരയുടെ മരണം. ആളുകളെ ബന്ധപ്പെടുത്തുന്ന ആദ്യ അളവുകോൽ, സാക്ഷര കേരളത്തിൽ കാര്യത്തോടടുക്കുമ്പോൾ ഇന്നും ജാതിതന്നെയാണെന്ന് ഓർമ്മിപ്പിക്കട്ടെ... ബാക്കി പുറത്ത് കാണിക്കുന്ന പുരോഗമന വാദമൊക്കെ മലയാളി ഇന്നും ചെരുപ്പിനൊപ്പം ഉമ്മറത്തഴിച്ചിടുന്നു എന്നതാണ് വാസ്തവം.

ചെറ്റയും ചാത്തനുമാണ് ഇന്നും മലയാളികളുടെ തെറികൾ. ബ്രാഹ്മിൺ ഹോട്ടലും അച്ചാറും ഒക്കെ ഇന്നും വൃത്തിയുടെയും രുചിയുടെയും വിശ്വാസത്തിന്റെയും അടയാളങ്ങളാണ്. നമ്മുടെ രാഷ്ട്രീയ ചിന്തകൾക്കിടയിൽ നിന്നു മാത്രമാണ് ഇത്തരം പ്രശ്നങ്ങൾ പോയതെന്നും നമ്മുടെ സാംസ്കാരികയിടങ്ങളിൽ ഇന്നും ജാതീയതയിൽ കൈമുക്കിക്കുടഞ്ഞ ഒരു തലമുറ വാഴുന്നുണ്ട് എന്നതിനും കൂടുതൽ ഉദാഹരണങ്ങൾ തേടി പോവേണ്ടതില്ല. എണ്ണമറ്റ കലാരൂപങ്ങളുടെ നാടായ കേരളത്തിന് ഇന്നും കേരള കലാ ലോഗോകളും ചിത്രങ്ങളും എന്തുകൊണ്ട് കഥകളിയും മോഹിനിയാട്ടവും തിരഞ്ഞെടുക്കപ്പെടുന്നു എന്നത് പരസ്യമായ ഒരു രഹസ്യമാണ്.

ചിലത് ആവർത്തിച്ചാവർത്തിച്ചു പഠിപ്പിക്കുന്നതിനും ചിതല് മനപ്പൂർവ്വം തഴഞ്ഞ് പോവുന്നതിനും ഒരൊറ്റ രാഷ്ട്രീയമേ ഉള്ളൂ എന്നും അത് നാം തിരിച്ചറിയാതെ പോവരുതെന്നും ഓർമ്മിപ്പിക്കട്ടെ.

മധുവിനെ ഒരു ദയയുംകൂടാതെ തല്ലിക്കൊന്നതിനു പിന്നാലെ വന്ന ചർച്ചകളിലധികവും കണ്ടത് വിശപ്പ് കാരണം മോഷ്ടിച്ച ഒരാളെ ജനക്കൂട്ടം കൊന്നുവെന്നും, അതിനാൽ ആളുകളുടെ വിശപ്പ് മാറ്റാനുള്ള പദ്ധതികളും ചാരിറ്റികളും ശക്തമാക്കണമെന്നും ആണ്. കൂട്ടത്തിൽ നാട്ടുമനുഷ്യൻ കാടു കയ്യേറിയതിനാൽ കാട്ടുമനുഷ്യൻ പട്ടിണിയായി എന്നത് കൂടിയായപ്പോൾ പൂർത്തിയായി.

എന്നാൽ വിശന്നത് ഒരു താഴ്ന്ന ജാതിയെന്ന് പൊതുസമൂഹം വിലയിരുത്തിയ ഒരാൾക്കാണെന്നും, ഒരു താഴ്ന്ന ജാതിക്കാരന് വിശന്നതിനാൽ മാത്രമാണ് ആൾക്കൂട്ടത്തിന്റെ ഒരു പരിഗണനയും അവന് ലഭിക്കാതെ പോയതെന്നും ഉറപ്പിച്ചു പറയേണ്ടതുണ്ട്. അവന്റെ ജാതിയും ആ ജാതിയോടുള്ള സമൂഹത്തിന്റെ തികഞ്ഞ അവഗണനയുമാണ് മധുവിന്റെ മരണം ഇത്രയും ക്രൂരമാക്കിയതെന്നൊരു വാതമുയർന്നാൽ അത് കൊള്ളാൻ മാത്രം വൃത്തിയേ ഇന്ന് മലയാളി മനസ്സിനൊള്ളൂ എന്നതാണ് സത്യം.

മായ്ച്ചുവെന്നവകാശപ്പെടുന്ന ജാതീയത നമ്മളറിയാതെ തന്നെ (അറിയാതെ എന്നു നടിക്കുന്നു) നമ്മുടെ സാംസ്കാരികയിടങ്ങളിൽ ക്രൂരമായി ഇടപെടുന്നുണ്ട്. ഇത്തരം സവർണ്ണ ചിന്തകളിലാഴ്ന്ന പൊളിറ്റിക്കൽ അജണ്ടയുള്ള പാർട്ടികൾ കേരളത്തിൽ സ്വാധീനം ചെലുത്തിതുടങ്ങിയിരിക്കുന്നു. കാര്യ പ്രസക്തമായ പരിപാടികൾ ആസൂത്രണം ചെയ്ത് വലിയ ആഴത്തിലുള്ള പ്രവർത്തനങ്ങളും വെല്ലുവിളികളും ഏറ്റെടുക്കാൻ തന്റേടമുള്ള ഒരു ചുമതലയാണ് ഇന്നത്തെ തലമുറയെന്ന നിലയിൽ നാം ചെയ്യേണ്ടത്.

ചക്കക്കുരുതോരനും ചോറും കൂട്ടിക്കുഴച്ച് സഹോദരനയ്യപ്പനും കൂട്ടരും വാരിതിന്ന ഒരുപിടി ചോറുണ്ട് കേരളത്തിന്.. നമ്മുടെ മനസ്സുകളൊക്കെയും ആ ഇലകളിൽ നിന്നും ഒരുപാട് തെളിഞ്ഞ് വരേണ്ടിയിരിക്കുന്നു.

ഷോജിൻ കെ
Ist Year BCom Co-op.



# സ്വാതന്ത്ര്യ

**തിന്മ**യുടെ കീടങ്ങൾ നട്ടുവളർത്തിയ
പാഴ്ചെടിയിൽ നിന്നും
നന്മയുടെ ഹരിതകണം വെട്ടിനുറുക്കിയപോലെ
സ്വപ്നത്തിന്റെ ചിലന്തികണ്ണികൾക്ക്
വിള്ളലേൽക്കുമ്പോൾ
സ്വാർത്ഥതയുടെ ദ്വിമുഖം വളർന്നുപൊങ്ങുന്നു,
വായടപ്പിക്കുന്നു, സ്വാതന്ത്ര്യം നിഷേധിക്കുന്നു.
അധികാര വർഗ്ഗമേ യാഥാർത്ഥ്യത്തിന്റെ
കടലാസുപുസ്തകത്തിൽ നിന്നും
പാഴ്വാക്കുകളുടെ ധ്വനിയിൽ നിന്നും
അടർന്നുപോയിരിക്കുന്നു.
മാനവത്വം നഷ്ടപ്പെട്ട ഇരുകാലികൾ.
കാണരുത്, മിണ്ടരുത്, കേൾക്കരുത്.
എന്ന സരളത്തിനടിമപ്പെടുമ്പോൾ
വ്യക്തിത്വം നഷ്ടപ്പെടുന്ന കമനീയ
വർഗ്ഗത്തെ സൃഷ്ടിക്കുന്നു.

സുഹൈല
Ist Year BA West Asian Stuides

# ഗെയിൽ



**വികസനം** നമുക്ക് ആവശ്യം.
നാടിന് കരയാത്ത വികസനം ആവശ്യം.
എങ്കിലും...
വാതകപൈപ്പ്ലൈനിൽ കണ്ണുനീരലിയാതെ
നോക്കണം...
ലാഭിക്കാം നമുക്ക് ജനങ്ങൾക്ക് വേണ്ടി
സ്വപ്ന വീടിനെ തകിടം മറിക്കാതെ
ഹൃദയം മണ്ണിനെ ഗർത്തങ്ങളാക്കാതെ
നഷ്ടപരിഹാരത്തിനാകുമോ?
നെഞ്ചെരിയും വേദനയകറ്റാൻ
നീതിക്ക് വേണ്ടിയുള്ള സമരത്തിൽ
ചോരപ്പുഴ ഒഴുക്കരുതേ...
ജനവാസ കേന്ദ്രത്തിൽ അകന്നൊരു
പൈപ്പ്ലൈൻ വേണം നമുക്ക്
വികസനം ജനങ്ങൾക്കു വേണ്ടിയല്ലേ
പ്രതീക്ഷിക്കട്ടെ ഞങ്ങൾ
ജനാധിപത്യത്തിന്റെ അർത്ഥങ്ങൾ
പുലരുമെന്ന്...

മുഹ്സിന പി.കെ
IIIrd Year BA West Asian Stuides



# കമ

**ഞാൻ** മിണ്ടാൻ കൊതിച്ച
വാക്കായിരുന്നു 'കമ'
എന്നെ പറയാനനുവദിക്കാത്ത
വാക്കും അത് തന്നെ.
കമ എന്നൊരക്ഷരം ഉരിയാടാതെ
ഞാൻ നിശ്ചലമായപ്പോൾ
അകലങ്ങളിൽ നിന്നും
ശക്തി പകർന്നതും നീ.
ഇനിയെൻ ഇടറാത്ത സ്വരം
കമ എന്നുരിയാടും...!

ശബാന ജാസി
Ist Year BA Economics



# ഉണരൂ

**'കമ'** എന്ന രണ്ടക്ഷരത്തിലൂടെ
ഒഴുകുന്ന ഗർജ്ജനവാക്യങ്ങൾ
നുകരുന്ന സ്ത്രീ സമൂഹമേ...,
ഉണരൂ നീണ്ട നിദ്രയിൽ നിന്ന്
സമൂഹലോകത്തിൽ
നീ അടക്കപ്പെട്ടവളല്ല
നിന്നിലെ രുചികളും ചിന്തകളും
ഒഴുക്കപ്പെടേണ്ടവയാണ്...
ഉണരൂ സ്ത്രീ സമൂഹമേ ഉണരൂ...

# ആരാണ് വിദ്യാർത്ഥി



സഫ്‌വാൻ ഇല്ലിക്കൽ
Ist Year Mcom

**പഠനമാണ്** വിദ്യാർത്ഥിയുടെ പ്രഥമവും പ്രധാനവുമായ ദൗത്യമാണ് വിസ്മരിക്കാതെ തന്നെ പറയട്ടെ... പുസ്തകവും പേനയും കൈകളിലേന്തി പഠനം നടത്തുന്നവരേക്കാൾ മികവുറ്റവരാണ് ക്യാമ്പസിനകത്ത് ജീവിക്കുന്ന വിദ്യാർത്ഥികൾ. കലാലയത്തിന്റെ സ്പന്ദനം തിരിച്ചറിഞ്ഞ് അറിവിന്റെ വാതായനങ്ങളിൽ മലർക്കെ തുറക്കുന്ന നവോത്ഥാന ഗോപുരങ്ങളാൽ അത്ഭുതം സൃഷ്ടിച്ച് കൊണ്ട് ജീവിതത്തിൽ വിജയം കൈവരിക്കാൻ ക്യാമ്പസിൽ ജീവിച്ച് പഠനം യാഥാർത്ഥ്യമാക്കിയ വിദ്യാർത്ഥിയ്ക്കെ സാധ്യമാകൂ.

സർവ്വകലാശാലകൾ അവരുടെ മേധാവികളുടെ ഒപ്പും സീലും വെച്ച് പതിച്ച് നൽകുന്ന ബിരുദവും ബിരുദാനന്തര ബിരുദവും നിറഞ്ഞ സർട്ടിഫിക്കറ്റുകൾ വീടിന്റെ അലമാരയിലേക്ക് സംഭാവന ചെയ്യാൻ വേണ്ടിയാണ് ഭൂരിഭാഗം വിദ്യാർത്ഥികളും ഇന്ന് ക്യാമ്പസിലേക്ക് കടന്നുവരുന്നത്. ഇവരുടെ ലോകം നാല് ചുമരകൾക്കുളളിൽ ബെഞ്ചും ഡെസ്ക്കും അടക്കം 20 വിദ്യാർത്ഥികളും അധ്യാപകനും മാത്രം ഒതുങ്ങുന്നു. കറുത്ത ബോർഡിൽ വെളുത്ത ചോക്കുകൊണ്ട് പരീക്ഷയ്ക്ക് മാത്രം ഉപകരിക്കുന്ന അധ്യാപകൻ എഴുതിയ സിലബസ് മാന്ത്രികതയ്ക്ക് അപ്പുറത്ത് ഇവർക്ക് മറ്റൊരു ലോകമില്ല. യഥാർത്ഥ വിദ്യാർത്ഥി ക്യാമ്പസിനകത്ത് തിളങ്ങി നിൽക്കണം. മാറിക്കൊണ്ടിരിക്കുന്ന ലോകത്ത് സർവ്വകലാശാലകൾക്ക് കാലാനുസൃതമായി സിലബസ് മാറ്റാൻ നേരമില്ല എന്ന വാസ്തവം തിരിച്ചറിഞ്ഞ് പരീക്ഷ എന്ന രണ്ടര മണി

ക്കൂർ നേരത്തെ പരീക്ഷണത്തിന് മാത്രം സഹായിക്കുകയും അതു കഴിഞ്ഞാൽ ചവറ്റുകൊട്ടയിൽ സ്ഥാനം പിടിക്കുകയും ചെയ്യുന്ന പഴകി പുളിച്ച സിലബസുകൾക്കപ്പുറത്ത് കായികമായി നാം മുന്നേറേണ്ടതുണ്ട്.

വിദ്യാർത്ഥിത്വം എന്നു പറയപ്പെടുന്നത് അച്ചിലിട്ട യന്ത്രം കണക്കെ മൂന്ന് വർഷം കൊണ്ട് പുറത്തുചാടുന്ന ഒരുതരം യാന്ത്രികതയാവരുത്.അഭിപ്രായങ്ങളുടെ ആർജ്ജവമുള്ള ശബ്ദമായിരിക്കണം. സിലബസുകൾ മന:പാഠമാക്കി സർട്ടിഫിക്കറ്റ് വാങ്ങുമ്പോൾ നാം യഥാർത്ഥ ജീവിത വിജയം കൈവരിക്കുമോ എന്ന് ഒരു പുനർവിചിന്തനം നടത്തണം. ജീവിതത്തിന്റെ ഏറ്റവും മനോഹരമായ വിദ്യാർത്ഥി കാലഘട്ടം ആസ്വദിക്കാനും ആനന്ദിക്കാനും അനുഭവിക്കാനും ജീവിതം പഠിക്കാനും ഉള്ളതാണ്. അല്ലാതെ നാല് ചുമരുകൾക്കുള്ളിൽ തളച്ചിട്ട് പുസ്തകപുഴുക്കളായി നശിപ്പിക്കാൻ ശ്രമിക്കരുത്.

ചിത്രശലഭങ്ങളെപ്പോലെ പാറിപ്പറന്ന് നടന്ന് സ്വന്തം കൂട്ടുകാരുടെ വിഷമങ്ങൾ തിരിച്ചറിയാനും സന്തോഷങ്ങളിൽ പങ്കാളി ആവാനും സമയം കണ്ടെത്തുകയും ക്യാമ്പസ് രാഷ്ട്രീയത്തിൽ കൃത്യമായ സ്വത്വബോധത്തിന്റെ നയ നിലപാടുകളെ വ്യക്തമാക്കുകയും എൻ.എസ്.എസ്സും എൻ.സി.സിയും മ്യൂസിക് ക്ലബ്ബും നാച്ചുറൽ ക്ലബ്ബും കോളേജ് യൂണിയനും എണ്ണിയാൽ ഒതുങ്ങാത്ത രാഷ്ട്രീയ സാമൂഹിക മേഖലകളിലെ കൂട്ടായ്മയിൽ പങ്കാളികളാവാനും നമുക്ക് കഴിയുമ്പോൾ മാത്രമേ യഥാർത്ഥ വിദ്യാർത്ഥിത്വം പൂർണ്ണമാകൂ... ക്യാമ്പസിന്റെ മനം കുളിർക്കുന്ന കലാകായിക മാമാങ്കത്തിൽ പങ്കാളിയാവാനും പങ്കാളിയാകുന്നവരെ പ്രോൽസാഹിപ്പിക്കാനും നാം സമയം കണ്ടെത്തണം. അദ്ധ്യാപകരും വിദ്യാർത്ഥികളുമായി സൗഹാർദം സൃഷ്ടിച്ച് ക്യാമ്പസിനകത്ത് പാഠ്യവും പാഠ്യേതര വിഷയങ്ങളിലും നിറസാന്നിധ്യമായി ക്യാമ്പസിലെ സർവ്വ സമ്മതനായി നാം മാറണം.

ക്ലാസ് മുറിക്കകത്ത് അധ്യാപകൻ അറിവിന്റെ അക്ഷരങ്ങൾ നെയ്തു വിടുന്നത് ആസ്വദിക്കുന്നതോടൊപ്പം മഹാഗണി പാർക്കിലെ ഇളം തെന്നലും ലൈബ്രറിക്കകത്തെ പുസ്തക താളുകളും ക്യാന്റീനിലെ രുചി വൈഭവവും ആസ്വദിക്കാൻ നാം സമയം കണ്ടെത്തേണ്ടതുണ്ട്. അവസാനം സീതിഹാജി കവാടവും കടന്നു പോകുമ്പോൾ ഒരിക്കലും മരിക്കാത്ത ഒരു വ്യക്തിത്വത്തിന്റെ മനോഹരമായ അടയാളം നാം ഈ ക്യാമ്പസിലെ അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും തങ്കലിപികളാൽ തുന്നി ചേർക്കാൻ കഴിഞ്ഞാൽ അതായിരിക്കും കേരളത്തിലെ ഏറ്റവും വലിയ സർവ്വകലാശാല നൽകുന്ന സർട്ടിഫിക്കറ്റുകളേക്കാൾ മൂല്യം നിറഞ്ഞത്.

പരീക്ഷ എന്ന പരീക്ഷണത്തെ നേരിടാനുള്ള കേവലം ഒരു യാന്ത്രിക റോബോട്ടായി മാറാതെ ജീവിത ലക്ഷ്യങ്ങളിൽ വിജയം കൈവരിക്കാനുള്ള പരിശ്രമങ്ങളുമായി പ്രതിസന്ധികളിലും പുഞ്ചിരി കൈവിടാതെ ക്യാമ്പസിൽ ജീവിക്കുന്നവനായിരിക്കും യഥാർത്ഥ വിദ്യാർത്ഥി.

**വിദ്യാർത്ഥിത്വം യന്ത്രം കണക്കെ മൂന്ന് വർഷം കൊണ്ട് പുറത്തുചാടുന്ന ഒരുതരം യാന്ത്രികതയാവരുത്. അഭിപ്രായങ്ങളുടെ ആർജവമുള്ള ശബ്ദമായിരിക്കണം.**



**ഡോ. ധന്യ പി.എസ്**
Asst. Professor,
Department of Hindi

# കാഴ്ചകൾ മാറുന്നില്ല

**കഥപറയാൻ** മതിലുകളില്ലാതിരുന്ന കാലം .
കാച്ചിലും ചേമ്പും മാങ്ങയും ചക്കയും തിന്നിട്ട്.
കാറ്റിൽ മരത്തണലിൽ കളിച്ചബാല്യം.
കാത്തുസൂക്ഷിച്ചുള്ള മോഹത്തിൻ വിത്തുകൾ.
കാതങ്ങൾ വാരിവിതറിമുളപ്പിച്ച്
കാത്തിരിപ്പിന്റെതാം മധുര പ്രണയ കാലം.
കാലചക്രത്തിൻ മുറുമുറുക്കങ്ങളിൽ
കത്തും മത്സരയോട്ടത്തിനിപ്പുറം.
കാലും നീട്ടിയിരുന്നു ഞാൻ മറുപുറം കാണുന്നു.
കാഴ്ചകൾ മാറിയിട്ടില്ല യൊട്ടും
കറുപ്പും വെളുപ്പും മഞ്ഞയും നീലയും
കാണാചരടിലെ മാറാ മുത്തുകൾ മാത്രം.



ഓർമകളുടെ
മഴയിലും
അനുഭവങ്ങളുടെ
വെയിലിലും
നനയാതെ
അങ്ങനെ....

ഫർസീന പി.കെ
Ist Year BA West Asian Studies



# അസ്വസ്ഥമാകുന്ന ഇന്ത്യൻ അകത്തളം

**ഇന്ത്യ** ഒരുപാട് വൈവിധ്യങ്ങൾ നിറഞ്ഞൊരു രാജ്യമാണ്. ഭാഷയുടെയും മതത്തിന്റെയും സംസ്കാരത്തിന്റെയും അടിസ്ഥാനത്തിൽ ഈ വൈവിധ്യത്തെ നമുക്ക് കാണാൻ കഴിയും. എല്ലാ വിഭാഗക്കാരെയും ഒരു കുടക്കീഴിൽ കൊണ്ടുവരാനാണ് പഴയകാല നേതാക്കന്മാർ ശ്രമിച്ചത്. എന്നാൽ സമകാലിക ഇന്ത്യയിൽ ആ നിഗമനവും കാഴ്ചപ്പാടുമെല്ലാം വെറുമൊരു ചോദ്യചിഹനമായി നിലനിൽക്കുകയാണ്.അതിനൊരു ഏറ്റവും നല്ല ഉദാഹരണമാണ് ഇന്ന് നാം കണ്ടുവരുന്ന 'ഫാസിസം' വർഗീയ ഫാസിസവും, മതേതര ഫാസിസവും നമുക്കിടയിൽ അഴിഞ്ഞാടുകയാണ്.മതേതരത്വം ഉയർത്തിപ്പിടിക്കുന്ന ഇന്ത്യ എന്ന വാക്യത്തിൽ നിന്നും ഏറെ വേറിട്ടു നിൽക്കുകയാണ് ഇന്ത്യൻ സമൂഹം. ഭരണഘടനയും, രാഷ്ട്രീയ നേതാക്കൻമാരുമെല്ലാം വെറുമൊരു നോക്കുകുത്തികൾ മാത്രമാകുന്നു. പ്രശസ്ത ചിന്തകനായ ഹെജാസ് അഹമ്മദ് പറഞ്ഞത് ഫാസിസം നമ്മുടെ പടിവാതിൽക്കൽ എത്തി നിൽക്കുന്നു. എന്നാൽ ഇന്ന് ഫാസിസം പടിവാതിൽക്കൽ അല്ല, നടുമുറ്റത്താണ് എത്തിയിരിക്കുന്നത്.

ഇന്ത്യ ഒരു ജനാധിപത്യ രാജ്യമാണെന്ന് വാദിക്കുമ്പോഴും പലപ്പോഴും അതൊരു വാക്കിൽ മാത്രം ഒതുങ്ങിനിൽക്കുന്നു. സമകാലിക ഇന്ത്യയിൽ മതങ്ങളുടെ പേരിലുള്ള തർക്കങ്ങൾ ദിനംപ്രതി ഉയരുകയല്ലാതെ അതിനൊരു കുറവുമില്ല. ഇന്ത്യ ഒരു മതേതര രാജ്യമാണെന്നും, ഇന്ത്യയിൽ ഏതൊരു പൗരനും ഇഷ്ടമുള്ള മതം സ്വീകരിക്കാനും അത് പ്രചരിപ്പിക്കാനുള്ള അവകാശമുണ്ടെന്നും ഇന്ത്യൻ ഭരണഘടനയിലെ മൗലികാവകാശങ്ങളിലെ 25-ാം വകുപ്പിൽ പ്രതിപാദിക്കുന്നു. എന്നാൽ ഇന്നത്തെ പശ്ചാത്തലത്തിൽ ഇഷ്ടമുള്ള മതം സ്വീകരിച്ചാലും ആ ജീവിത പാത തുടരാനും അവകാശമില്ല. ഉത്തരേന്ത്യയിൽ ഇതിനുള്ള പല ഉദാഹരണങ്ങളും കണ്ടുവരുന്നുണ്ട്. മതത്തിന്റെ പേരിൽ കൊല്ലുകയും അക്രമിക്കുകയും ചെയ്യുന്ന ഒരു വിഭാഗമായി ഒതുങ്ങി തീരുകയാണ് ഇന്ത്യൻ ജനത. അതിലേക്ക് അഖ്ലാഖിനെ പോലെയുള്ള സാധാരണക്കാർ വഴുതിവീഴുകയും ചെയ്യുന്നു.

എന്തുകൊണ്ട് ഇന്ത്യൻ ജനത ഇത്രയും തരംതാഴുകയും, നരഭോജികളെപ്പോലെ പെരുമാറുകയും ചെയ്യുന്നുവെന്നതിനെക്കുറിച്ച് നാം ആഴത്തിൽ ചിന്തിക്കേണ്ട ഒന്നു തന്നെയാണ്. ഇന്ത്യയിൽ പല സംസ്ഥാനങ്ങളിലും ഇന്ന് യുക്തി ചിന്ത ഉയർന്നിട്ടില്ല എന്നത് നമുക്കിതിലൂടെ കാണാൻ സാധിക്കുന്നു. സ്വന്തം മതത്തെ ഉയർത്തിപ്പിടിച്ച് മറ്റുള്ള മതങ്ങളെ അടിച്ചമർത്താനാണ് മതേതരവാദികൾ ശ്രമിക്കുന്നത്. ഇതിനെല്ലാം ഒരു അന്ത്യം അനിവാര്യമാണ്. ഇന്ത്യ നമ്മുടേതാണ്, അതിനെ ചിഹനഭിന്നമാക്കാൻ ഒരു ശക്തിക്കും വിട്ടുകൊടുക്കില്ല എന്ന വിശ്വാസത്തോടെ നമുക്ക് മുന്നേറാം.

മുഹ്സിൻ കമാൽ സുലൈമാൻ
IInd Year MCom

# ഓടെടാ ഓട്ടം

**– അതേയ്** എങ്ങോട്ടാ...?
+ ഓടുന്നത് കണ്ടില്ലേ...?
- അത് കൊണ്ട് തന്നെയാ ചോദിച്ചത്...!
+ നാട് ഓടുവാണല്ലോ...
അപ്പോ നടുവെ ഓടണ്ടേ..?
- അല്ല, അപ്പോ നാട് എങ്ങോട്ടാ..?
+ അതറിയില്ല... എങ്ങനെയെങ്കിലും
നടുക്ക് എത്തണം.
- നാട് എങ്ങോട്ടെന്നറിയാതെ നിങ്ങൾ...!
+ സാരമില്ല ഞാൻ പവർബാങ്ക് എടുത്തിട്ടുണ്ട്
- അതെന്തിനാ-?
+ അവിടെ എത്തുമ്പോ...സ്റ്റാറ്റസ് മാറ്റും
അപ്പോ കണ്ടോണ്ടു.
- വീട്ടിൽ പറഞ്ഞിട്ടുണ്ടോ..?
+ ഇല്ല
- അതെന്താ ?
+ എന്റെ ജീവിതം എന്റെ
തീരുമാനങ്ങളാണ്.
- അപ്പോ ജന്മം തന്നവർക്ക്
ഒരവകാശവും ഇല്ലേ-?
+ മിണ്ടാതിരിക്കണം- മിസ്റ്റർ യാഥാസ്ഥിതികൻ
- (ഹോ...സങ്കി എന്ന് വിളിക്കാത്തത് ഭാഗ്യം)



അസ്മ എൻ
Ist Year BA Economics

# കാണല്ലേ കേൾക്കല്ലേ മിണ്ടല്ലേ

**യൂണിയൻ** ജാക്ക് പതാക ഇന്ത്യ താഴെയിറക്കിയിട്ട് എഴുപത് വർഷത്തിൽ എത്തി നിൽക്കുന്നു. സൗഹാർദ്ദവും സമാധാനവും നെഞ്ചോടു ചേർത്തു വെച്ച പാരമ്പര്യമാണ് ഇന്ത്യയുടേത്. ആ സൗഹാർദ്ദമാണ് ഇന്ത്യക്ക് ബഹുസ്വര രാഷ്ട്രത്തിന്റെ പട്ടം ഇന്നോളം നിലനിർത്താനാക്കയത്. മതസൗഹാർദ്ദവും മൈത്രിയും നിലനിർത്തി മാതൃകയായിത്തീർന്ന ചരിത്രമാണ് ഇന്ത്യക്കുള്ളത്. മുസോളിയൻ ഫാസിസം കാലയവനികക്കുള്ളിൽ മറഞ്ഞിട്ട് പതിറ്റാണ്ടുകൾ പിന്നിട്ടു. എങ്കിലും ലോകത്ത് പലയിടങ്ങളിലും ആ സിദ്ധാന്തം ഒളിഞ്ഞും തെളിഞ്ഞും പ്രത്യക്ഷപ്പെട്ട് കൊണ്ടിരിക്കുന്നു. ഏകാതിപതികൾ പ്രത്യക്ഷമായി അഴിഞ്ഞാടുന്ന രാജ്യങ്ങളും സ്വേഛാധിപതികൾ ജനാധിപത്യത്തിന്റെ മുഖംമൂടിയണിഞ്ഞ് പ്രത്യക്ഷപ്പെടുന്ന രാഷ്ട്രങ്ങളും നമുക്ക് മുൻപിലുണ്ട്. പരസ്പരം സ്നേഹത്തോടെയും സമാധാനത്തോടെയും ജീവിക്കണമെന്നാഗ്രഹിക്കുന്നവരാണ് ഇവിടുത്തെ ഭൂരിഭാഗം ജനങ്ങളും എന്നാൽ ഈ ജനവിഭാഗങ്ങൾക്കിടയിൽ ഭിന്നിപ്പ് സൃഷ്ടിച്ചും ഭരണഘടന മുന്നോട്ട്വെക്കുന്ന സ്വാതന്ത്ര്യത്തെ ഹനിക്കുന്ന നിലയിൽ രഹസ്യ അജണ്ടകൾ അടിച്ചേൽപ്പിച്ചും രാഷ്ട്രപൈതൃകങ്ങൾ വഴിമാറ്റാനുള്ള ശ്രമങ്ങളാണിപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. ഓരോ മനുഷ്യന്റെയും സ്വകാര്യ ജീവിതത്തിൽ വരെ ഇന്ന് ഫാസിസം എത്തി നിൽക്കുന്നു. ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാജ്യമായ ഇന്ത്യ, ആ ഇന്ത്യയിലാണ് ഫാസിസ്റ്റ് ശൈലി അടിച്ചേൽപ്പിക്കുന്ന സംഘ്പരിവാർ ഭരണകൂടം മനുഷ്യാവകാശങ്ങളെയും ഭരണഘടന അനുവദിക്കുന്ന സ്വാതന്ത്ര്യത്തെയും ധ്വംസിക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. തീൻമേശയിൽ പോലും ഫാസിസം എത്തിനിൽക്കുന്നു എന്നത് ഇന്ത്യ എന്ന രാജ്യത്തെ സംബന്ധിച്ചിടത്തോളം എത്രയോ തരം താഴ്ന്ന കാര്യമാണ്. ബീഫ് രാജ്യത്തെ ഒരു പ്രശ്നമായി അവതരിപ്പിച്ചു. അതിന്റെ പേരിൽ കോലപാതകങ്ങളും അക്രമങ്ങളും നടക്കുന്നു. ഭരണകൂട ഫാസിസ്റ്റ് നയങ്ങളുടെ

പേരിൽ ഇരയാക്കപ്പെട്ടവർ ദിനം പ്രതി വർധിച്ചു വരികയാണ്.

അഖ്‌ലാക്കും, പെഹ്‌ലുഖാനും, ജുനൈദും ഇവരിൽ ചിലർ മാത്രം. അവരെ ആശ്രയിക്കുന്ന കുടുംബങ്ങളുടെ തീരാ രോദനങ്ങൾ മാത്രമാണ് രാജ്യമെങ്ങും അലയടിച്ചുകൊണ്ടിരിക്കുന്നത്. ഫാസിസ്റ്റ് ഭരണകൂടങ്ങൾക്കെതിരെ ശബ്ദിക്കുന്നവരെയും, നിസ്സഹായരേയും ഒടുവിൽ അക്ഷരങ്ങളോടും ആശയങ്ങളോടുമുള്ള വൈരത്താൽ കൽബുർഗി, പൻസാരെ ഒടുവിൽ ഗൗരീ ലങ്കേഷിൽ വരെ എത്തിനിൽക്കുന്നു. ഇനി അടുത്തതാര് എന്ന ചോദ്യവും ഇവിടെ പ്രസക്തമാണ്. ലോകജനാധിപത്യ വ്യവസ്ഥയിൽ അതിനിർണായകമായ പങ്കുവഹിക്കുന്ന ഇന്ത്യാ മഹാരാജ്യത്തും ഫാസിസം തലപൊക്കിത്തുടങ്ങിയിട്ട് നാളുകളേറെയായി. ഇന്ന് രാജ്യത്ത് ഭരണം കൈയാളുന്നവരെന്ന നിലയ്ക്ക് അവർ ഭരണകൂടത്തിന്റെ എല്ലാ ഉപകരണങ്ങളെയും മതേതര മൂല്യങ്ങളെയും കശാപ്പ് ചെയ്യുന്നതിന് ഉപയോഗിക്കുകയാണ്. ഭരണഘടന അനുവദിക്കുന്ന സ്വാതന്ത്ര്യത്തെ അവർ കുഴിച്ചുമൂടുന്നു. ഇന്ത്യ ഉപഭൂഖണ്ഡത്തിൽ വ്യവസ്ഥീകരിക്കപ്പെട്ട ജാതിമത സഹിഷ്ണുതകളുടെയും പരസ്പര കൊടുക്കൽ വാങ്ങലുകളുടെയും നെഞ്ചിലേക്ക് അസഹിഷ്ണുതയുടെ കഠാരകുത്തിത്താഴ്ത്തുന്നു. പശുവിന്റെ പേരിൽ കൊന്നൊടുക്കാനും പ്രതികളെ പാലും തേനും നൽകി ഊട്ടിവളർത്താനും ഇവർ തിടുക്കം കാണിക്കുകയാണ്.

എല്ലാതരം ഫാസിസ്റ്റ് ഏകാധിപതികൾക്കും ദുരന്തപൂർണമായൊരു അന്ത്യമുണ്ട് എന്ന ചരിത്ര സത്യം ഈ കൂരിരുട്ടിലും നമുക്ക് പ്രതീക്ഷയുടെ പുൽന്നാമ്പുകൾ നൽകുന്നു. ഇന്ന് നടന്നുകൊണ്ടിരിക്കുന്ന ഓരോ അക്രമണങ്ങൾക്ക് ഇരയാകുന്നവർക്കായി രാജ്യത്തിന്റെ നാനാഭാഗങ്ങളിലും നടന്നുകൊണ്ടിരിക്കുന്ന പ്രതിഷേധത്തിൽ ആയിരക്കണക്കിനാളുകളാണ് പങ്കാളികളാകുന്നത്. സ്വയം പ്ലക്കാർഡുകൾ തയ്യാറാക്കി തെരുവിൽ ഇറങ്ങിയ ആ നല്ല മനുഷ്യരിൽ ഇന്ത്യയുടെ ഭാവി നാം കാണുന്നു. അതിൽ അഖ്‌ലാക്കിനായി, പെഹ്‌ലുഖാനായി, രോഹിതിനായി, ഗൗരീ ലങ്കേഷിനായി നമുക്ക് പോരാടാം. ഫാസിസ്റ്റ് ഭരണകൂടത്തെ അധികാരത്തിന്റെ സിംഹാസനത്തിൽ നിന്ന് താഴെ ഇറക്കുന്നത് വരെ.

നാനാത്വത്തിൽ ഏകത്വം എന്ന ചിന്താശബ്ദം ഭാരതീയ സംസ്കൃതിയുടെ മർമ്മമാണ്. സത്യത്തിന്റെ നാടായ ഭാരതത്തെ 21-ാം നൂറ്റാണ്ട് മാനവരാശിയുടെ നന്മയ്ക്ക് വേണ്ടി സജ്ജമാക്കാൻ അക്ഷീണം യത്നിക്കാം...



**എല്ലാതരം ഫാസിസ്റ്റ് ഏകാധിപതികൾക്കും ദുരന്ത പൂർണമായൊരു അന്ത്യമുണ്ട്**




**മാജിദ നസ്റിൻ ഇ.കെ**
Ist Year BA West Asian Studies

**ഞാൻ മധു,**
ഒരു മൃതശരീരം മാത്രം.
കത്തിയാളുന്ന വെയിൽ ചീളുകൾ
പേടിപ്പെടുത്തുന്ന ഗുഹാമുഖങ്ങൾ
വിശപ്പെരിയുന്ന വയർ
കൊല വിളികൂട്ടുന്ന മാലോകർ
ഞാൻ മധു,
ഞാനിന്ന് മണ്ണിന്റെ പുത്രൻ
സ്വപ്നങ്ങളും, മോഹങ്ങളും
മണ്ണുമായി പങ്കു വെയ്ക്കുന്നവൻ
കള്ളനെന്ന് മുദ്ര കുത്തപ്പെടാത്ത ലോകം
ജാതിയും മതവും എന്റെ ശരീരത്തിന്റെ നിറവും
മണ്ണിനോടലിഞ്ഞ്. അതും മണ്ണായി.
ഞാൻ മധു,
ഞാനൊരു മനുഷ്യനായിരുന്നു.
എന്റെ മോഹങ്ങൾക്ക്
ചിറകുകളില്ലായിരുന്നു.
എന്റെ സ്വപ്നങ്ങൾക്ക്
വിടരാനുള്ള ശക്തിയില്ലായിരുന്നു.
എന്തിന്?
എനിക്ക് വിശക്കാനുള്ള
അവകാശം പോലുമില്ല.
കാരണം ഞാൻ കാടിന്റെ
പുത്രനായിരുന്നു.

# പരലോക മൊഴികൾ




കലകളുടെ
കാലൊച്ചകൾ
കേൾക്കാൻ,
ഈ ഭാർഗവീനിലയം...

ജിംഷ ബിൻത്ത് പി
IInd Year BA Economics

# ...കാരണം, ഞാനൊരു പെണ്ണല്ലേ

**1998.** ഞാൻ ജനിച്ചു. കൂടെ 'കമ'യും. കാരണം ഞാനൊരു പെണ്ണായിരുന്നു. പെണ്ണിന്റെ പിറകെ എപ്പോഴും എന്തേലും കാണുമെന്നാണ് പഴമക്കാരുടെ പറച്ചിൽ. അങ്ങനെ ഞാൻ ജനിച്ച അന്ന് അതേ ദിവസം അവളും എന്റെ അമ്മയുടെ വയറ്റിൽ പിറന്നു. പക്ഷേ അവൾക്ക് അച്ഛനില്ലായിരുന്നു. എന്നാലും അവളെന്റെ സഹോദരിയായി. അവൾക്കെന്നോട് ചേർന്ന് കിടക്കാനായിരുന്നു ഇഷ്ടം. കാരണം ഞാനൊരു പെണ്ണല്ലേ പെണ്ണിനുവേണ്ടി സൃഷ്ടിച്ചതാണോ അവളെ? എനിക്കറിയില്ല. അവളുടെ പിറവിയിൽ ഞാൻ തൃപ്തയായിരുന്നില്ല. എന്റെ സ്നേഹത്തെ അവൾ പങ്കിട്ടെടുക്കുമോ എന്ന ഭയമായിരുന്നു എനിക്ക്, പക്ഷേ എന്റെ സ്നേഹത്തെ കാർന്നു തിന്നുകയായിരുന്നു അവളെന്ന് പിന്നീടാണ് എനിക്ക് മനസ്സിലായത്.

ആശുപത്രി കിടക്കയിൽ അവൾ എന്നെപ്പോലെ തന്നെ സർവ്വസുഖവും അനുഭവിച്ചു വളർന്നു. എന്നോളം വളർന്നു, അല്ലെങ്കിൽ എന്നെക്കാൾ വളർന്നു. ഡിസ്ചാർജ് ആവുന്ന ദിവസം അവളെന്നോടൊപ്പം പോരുകയാണെന്നറിഞ്ഞ് ഞാൻ കുറെ കാലിട്ടലറി. പക്ഷേ അമ്മ കേട്ടില്ല. എന്നെ നിയന്ത്രിക്കാൻ അവർ വേണം പോലുംകാരണം ഞാനൊരു പെണ്ണല്ലേ.

ഞാൻ വളർന്ന ഓരോ നിമിഷവും അവൾ എന്നെക്കാൾ തലയെടുപ്പിൽ വളർന്നു. എന്റെ ഓരോ ശ്വാസവും അവൾ നിയന്ത്രിച്ചു, ഞാൻ വെറുമൊരു കളിപ്പാട്ടമായി മാറി. ആരോ നിയന്ത്രിക്കുന്ന ഒരു പാവ. ഇതിനെല്ലാം കാരണം എന്റെ ഇരട്ടസഹോദരിയായ 'കമ'യാണ്. ഞാനവൾക്ക് ഒരച്ഛനെ കണ്ടെത്താൻ ശ്രമിച്ചു. കാരണം എനിക്കവളെ പിഴുതെറിയണമായിരുന്നു. എന്റെ അമ്മയുടെ വയറ്റിലല്ലേ, ഏതോ ഒരുത്തി പ്രസവിച്ച കുഞ്ഞ് അതെന്റെ കൂടെ കിടന്നതാണെന്ന് ഞാൻ സ്വയം മനസ്സിനെ പറഞ്ഞു പഠിപ്പിക്കാൻ ശ്രമിച്ചു. 'കമ'യുടെ അച്ഛനെക്കുറിച്ച് എന്തേലും കിട്ടുമൊ എന്നറിയാൻ ഞാൻ അച്ഛനോട് ചോദിക്കാൻ ചെന്നു. ചോദിക്കാൻ പുറപ്പെട്ടപ്പോഴേക്ക് 'കമ' എന്നൊരക്ഷരം മിണ്ടരുതെന്ന് പറഞ്ഞു.

അതെന്നെ വേദനിപ്പിച്ചു. അച്ഛന് അവളെ മകളായി അംഗീകരിക്കേണ്ടി വന്നിരിക്കുന്നു. ഞാൻ എന്തേലും പറയാൻ ചെല്ലുമ്പോൾ അമ്മയും ഇത് തന്നെ പറഞ്ഞു. അവരെല്ലാം അവളെ മകളായി കണ്ടിരിക്കുന്നു.

അവളെന്റെ ജീവിതത്തെ അസ്വാരസ്യപ്പെടുത്തി ഒടുവിൽ ഞാൻ 'കമ'യെ സ്നേഹിച്ചു തുടങ്ങി. അതിനൊരു സ്വാർത്ഥ ലക്ഷ്യമുണ്ടായിരുന്നു. വിവാഹം വരെ മാത്രമെ ഞാനും അവളും ഒരുമിച്ച് വീട്ടിലുണ്ടാവു. കാരണം ഞാനൊരു പെണ്ണല്ലേ.അത് കഴിഞ്ഞാൽ രണ്ടാളും ഭർത്താക്കൻമാരുടെ വീട്ടിൽ.അത് വരെയെങ്കിലും 'കമ'യെ ഞാൻ കൂടെ കൂട്ടി. ഇരുട്ടിൽ കഴിഞ്ഞു.

ഇന്നെന്റെ വിവാഹമാണ്, ഞാൻ വളരെ സന്തോഷവതിയാണ്. ഇനിയുള്ള എന്റെ ജീവിതത്തിലേക്ക് ഞാൻ 'കമ'യെ ക്ഷണിച്ചില്ല അവർ വരില്ലെന്ന പ്രതീക്ഷയിൽ ഭർത്താവിന്റെ വീട്ടിലേക്ക് വലതുകാൽ വച്ച് കയറി. ഒരാഴ്ച്ച കഴിഞ്ഞു. ഭർത്താവുമായുള്ള കുശലസംഭാഷ




ണത്തിനിടയിൽ അദ്ദേഹം എന്നോട് 'കമ' എന്നൊരക്ഷരം മിണ്ടരുതെന്ന് പറഞ്ഞു. ഞാൻ അന്ധാളിച്ചു പോയി. ജീവിതത്തിൽ നിന്നും ഞാൻ ഒഴിവാക്കി പോന്ന 'കമ' വീണ്ടും... ഇവിടെ അവൾ എന്റെ ഭർത്താവിന്റെ ആദ്യ ഭാര്യയായിരുന്നുവെന്ന് ഞാൻ അറിയാതെ പോയി. വീണ്ടും 'കമ' എന്റെ രണ്ടാനമ്മയുടെ രൂപത്തിലും ഭർത്താവിന്റെ സഹോദരിയുടെ രൂപത്തിലും.

എനിക്കാകെ ഭ്രാന്തു പിടിച്ചു.

ദാമ്പത്യ ജീവിതം സഹിച്ചും ക്ഷമിച്ചും തള്ളി നീക്കി ഒടുവിൽ എനിക്കൊരു കുഞ്ഞ് പിറന്നു. ഒന്നല്ല രണ്ട് കുഞ്ഞുങ്ങൾ എന്റെ കുഞ്ഞിന് ഒരു ഇരട്ട സഹോദരി വേണമെന്ന് അവളുടെ അച്ഛന് നിർബന്ധമുണ്ടായിരുന്നു, പേര് 'കമ'.

അദ്ദേഹത്തിന്റെ ആവശ്യം നിറവേറ്റിക്കൊടുക്കണമായിരുന്നു. കാരണം ഞാനൊരു പെണ്ണല്ലേ.

ഇന്ന് ഞാൻ 'കമ'യുടെ അമ്മയാണ്. ഒരിക്കൽ അവളെന്റെ സഹോദരിയായിരുന്നു; അമ്മയായിരുന്നു അച്ഛനായിരുന്നു ഭർത്താവായിരുന്നു, ഇന്നവൾ എന്റെ മകളായി.

പക്ഷേ എനിക്കവളെ കൊല്ലണമായിരുന്നു. ഭ്രൂണഹത്യ ശിക്ഷാർഹമായത്കൊണ്ട് എന്റെ അമ്മയിലെ പേരിലെ അവളെ പിഴുതെറിയാൻ എനിക്ക് കഴിഞ്ഞില്ല. അങ്ങനെ ആയിരുന്നുവെങ്കിൽ ഇന്നവൾ ഈ ലോകത്ത് ജനിക്കില്ലായിരുന്നു. ആരുടെയും സ്വാതന്ത്ര്യത്തെ ഹനിക്കുകയും ചെയ്യില്ലായിരുന്നു.

ഇതെല്ലാം എനിക്ക് ചെയ്യാനാവുമോ? കാരണം ഞാനൊരു പെണ്ണല്ലേ?

# കാലം മറന്ന ലോകം

ഷഫല തസ്നീം പി.കെ
IInd Year BA West Asian Studies



**ദൈവം** നമുക്ക് നൽകിയ അമൂല്യമായ സ്വത്താണ് നമ്മുടെ പ്രകൃതി. കാലത്തിനൊപ്പം യാത്രചെയ്യുന്ന ഇന്നത്തെ പ്രകൃതിയുടെ അവസ്ഥ ദുരിതപൂർണ്ണം തന്നെയാണ്. ഒരു കാലത്ത് സമൃദ്ധിയുടെ വസന്തമായിരുന്ന നമ്മുടെ ചുറ്റുപാടിന്റെ അവസ്ഥയെക്കുറിച്ച് പലപ്പോഴും നാം മറന്ന് പോകുന്നു. ലോകം ഇന്നേ വരെ കാണാത്ത പല പാരിസ്ഥിതിക പ്രശ്നങ്ങളിലൂടെയും നാം കടന്ന് പോയിക്കൊണ്ടിരിക്കുകയാണ്.
കാഴ്ചയുടെ ലോകത്തിന്റെ വഴി മറന്നു

> **ഇന്നത്തെ കാറ്റിനു പോലും**
> **വിഷാംശ ഗന്ധമാണുള്ളത്.**
> **മൺമറഞ്ഞുപോയ**
> **ധാരാളം മഹാന്മാരുടെ**
> **പ്രയത്നം മൂലം**
> **സമൃദ്ധി നിറഞ്ഞ നമ്മുടെ**
> **ഈ ചുറ്റുപാടിനെ അവരുടെ**
> **പിൻഗാമികൾ**
> **കൊന്നൊടുക്കുന്നു.**

പോയ ഒരു കൂട്ടം കിരാത ജനതകളുടെ അനിയന്ത്രിതമായ കൈ കടത്തൽ പ്രകൃതിയുടെ നാശത്തിന്റെ തുടക്കമാണ്. ധാരാളം സമൃദ്ധികളോടു കൂടി വാണിരുന്ന ഒരു കലവറയായിരുന്നു ഈ ലോകം. എവിടെ നോക്കിയാലും ഹരിതാഭമായ കാഴ്ച്ചകൾ, കാറ്റിന്റെ താളത്തിൽ ആടിയുലയുന്ന മരക്കൊമ്പുകളിൽ കുഞ്ഞുകുരുവികൾ കലപില കൂടുന്ന മനോഹര ശബ്ദങ്ങൾ, തണുത്ത് വീശുന്ന ഇളം കാറ്റ് വർണ്ണതിരകളായി ഒഴുകുന്ന നദികൾ ഇതെല്ലാം ഒരു കാലത്ത് നാം അനുഭവിച്ച് പോന്ന സ്വത്തുക്കളായിരുന്നു. എന്നാൽ കാലാവസ്ഥയുടെ താളം തെറ്റിയ പോക്ക് എല്ലാം തകിടം മറിച്ചു. ഈ കാഴ്ച്ചകളെല്ലാം ഇന്ന് വെറും ഓർമ്മകൾ മാത്രം. ധാരാളം പ്രകൃതി ദുരന്തങ്ങൾക്ക് ഈ ലോകം സാക്ഷ്യം വഹിച്ചിട്ടുണ്ട്.

ഈ ലോകത്ത് അടുത്ത കാലത്ത് ഉത്തരാഖണ്ഡ് തലസ്ഥാനമായ ബദ്രിനാഥിൽ നടന്ന വെള്ളപ്പൊക്കം പാരിസ്ഥിതിക ദുരന്തത്തിന്റെ വലിയ ഉദാഹരണമാണ്. ചരിത്രത്തിൽ തന്നെ അത് പ്രളയം സൃഷ്ടിച്ചു. കാലം തെറ്റി പെയ്ത പേമാരി ആ സംസ്ഥാനത്തെ ഇളക്കി മറിച്ചു. ശക്തമായ കാറ്റോട് കൂടിയ മഴ അവരെ എത്തിച്ചത് കൊടിയ ദുരന്തത്തിലേക്കായിരുന്നു. ലോകത്തിലെ പുണ്ണ്യ ക്ഷേത്രങ്ങളിൽ ഒന്നായ ബദ്രിനാഥ് ക്ഷേത്രവും അവിടത്തെ പുണ്ണ്യ നദിയായ അളകനന്ദയും ഈ ദുരന്തത്തിൽ നാമാവശേഷമായി. മനുഷ്യരുടെ ആവാസ കേന്ദ്രം തന്നെ നശിക്കുവാൻ ഇടയാക്കി. ലാഭത്തിന്റെ കണ്ണിലൂടെ മാത്രം പ്രകൃതിയെ നോക്കികാണുന്നവർ വിതക്കുന്നത് വിനാശത്തിന്റെ വിത്തുകളാണ്. വികസനത്തിന്റെ പാതയിൽ മനം മറിഞ്ഞ മനുഷ്യർ നമ്മുടെ വരദാനത്തെ നശിപ്പിക്കുകയാണ്. മനുഷ്യർക്കിടയിലെ കിരാതന്മാർ പരിസ്ഥിതിക്ക് നൽകുന്നത് നാശനഷ്ടങ്ങളും മഹാദുരന്തങ്ങളും മാത്രമാണ്. ചിലരുടെ ആക്രമണങ്ങൾ പരിസ്ഥിതിയെ താളം തെറ്റിച്ചു തുടങ്ങി. വെളിച്ചത്തിന്റെ പാതയിൽ നിന്ന് ഇരുട്ടിന്റെ വഴിയിലേക്ക് വന്നിറങ്ങിയ ഒരുകൂട്ടം ജനങ്ങളുടെ പ്രയത്നം മൂലം ശ്വസിക്കുന്ന വായുപോലും വിഷാംശം നിറഞ്ഞിരിക്കുകയാണ്.

ഇന്നത്തെ കാറ്റിന് പോലും വിഷാംശ ഗന്ധമാണുള്ളത്. മൺമറഞ്ഞുപോയ ധാരാളം മഹാന്മാരുടെ പ്രയത്നം മൂലം സമൃദ്ധിനിറഞ്ഞ നമ്മുടെ ഈ ചുറ്റുപാടിനെ അവരുടെ പിൻഗാമികൾ കൊന്നൊടുക്കുന്നു. കത്തിജ്ജ്വലിക്കുന്ന തീ നാളത്തിൽ എരിയുന്ന ഈ ലോകം കാലം മറക്കാത്ത ദുരന്തങ്ങൾക്കിടയാവാൻ സാധ്യത കൂടുതലാണ്. തകിടം മറിക്കുന്ന പ്രകൃതി ദുരന്തങ്ങളിൽ നിന്ന് രക്ഷനേടാൻ നമ്മുടെ പ്രവർത്തനങ്ങൾക്കേ കഴിയൂ... ഈ പോരാട്ടം ചരിത്രത്തിന്റെ നാഴികക്കല്ലുകളിൽ ഒന്നായി മാറട്ടെ.

ലഫ്. അബ്ദുൽ റഷീദ് പി
Asst. Professor, Department of English

ഏതൊരു ഏറനാടൻ പൈതലിനെയും പോലെ എനിക്കും ജീവിതത്തിലെ ആദ്യാഭിലാഷം ഒരു ഡ്രൈവർ ആകണമെന്നതായിരുന്നു. സ്കൂളിൽ ചേർക്കും മുമ്പേ അരീക്കോട്-കൊണ്ടോട്ടി റൂട്ടിലെ ഓരോ ബസ്സും ഞങ്ങളുടെ നാട്ടിൽ എത്തുന്ന സമയവും ബസ്സിൻറെ പേരും, നിറവും,എല്ലാം ഞാൻ കാണാപ്പാഠം പഠിച്ചിരുന്നു.

# ആ തേൻമിഠായിയുടെ മധുരിതമായ ഓർമയ്ക്ക്



ഉമ്മയുടെ കൂടെ ഉമ്മാന്റെ വീടായ മോങ്ങത്തേക്ക് പോകുമ്പോൾ മിക്കവാറും ബസ്സിലായിരുന്നു യാത്ര. അങ്ങനെയാവണം ഈ ഒരു ഭ്രാന്തമായ അഭിനിവേശം ഉണ്ടായത്. ഓരോ യാത്രയിലും മുൻഭാഗത്ത് ഡ്രൈവറുടെ അടുത്തായിരിക്കും ഞാൻ... ഓരോ ബസ് യാത്രക്ക് ശേഷവും ഞാൻ കൂടണയാൻ ധൃതി കൂട്ടും. വീടണഞ്ഞാലുടൻ ഒരു വളയം എടുത്തു പുറത്തിറങ്ങും. പിന്നെ ഞങ്ങൾ താമസിച്ചിരുന്ന നെല്ലിക്കുന്ന് മല മുഴുവൻ ബസ് ഓട്ടും. കുത്തനെ ഉള്ള കുന്നായിരുന്നു അന്നു നെല്ലിക്കുന്ന്. നിഷ്കളങ്കരായ ആളുകൾ വസിച്ചിരുന്ന കുന്നു. വേനൽ കാലത്ത് വെള്ളം ഉണ്ടാവില്ല എന്ന സങ്കടം മാത്രമേ നെല്ലികുന്നിനു ഉണ്ടായിരുന്നൊള്ളൂ... അങ്ങു താഴെ മൊല്ലാക്കയുടെ ക്ലാസ്സിക് ചായ പീടിക. അന്നത്തെ രാഷ്ട്രീയ, സാമൂഹിക, സാംസ്കാരിക ചർച്ചകളുടെ പ്രഭവ കേന്ദ്രം. ഇട വഴി വളഞ്ഞു അൽപം മുകളിലേക്കു കുന്നു കേറിയാൽ എ.എൽ.പിസ്കൂളും ഗ്രൗണ്ടും. മാവും ചീനിയും തണൽ വിരിച്ച കലാലയം. പിന്നേ മേലേക്ക് പാറക്കൂട്ടമാണ്. ഇടക്കിടക്കു പറങ്കിമാവുകൾ ഉണ്ട്. വലതു ഭാഗത്ത് അൽപം മുകളിൽ കെട്ടിയുണ്ടാക്കിയ പഴയ ഒരു പഞ്ചായത്ത് കുളം ഉണ്ടായിരുന്നെങ്കിലും, ഒരിക്കൽ പോലും അതിൽ വെള്ളമോ കുളിയോ ഞാൻ കണ്ടിട്ടില്ല. താഴെ, ഒരു തുരുത്തു പോലെ പാറക്കൂട്ടത്തിനിടയിൽ കാടുണ്ട് അവിടെ ഞാവൽപഴ ചെടിയും, തെച്ചിക്കായും തഴച്ചു വളരും. മഴക്കാലത്ത് കുന്നിൻ മുകളിൽ നിന്ന് വെള്ളം താഴോട്ട് ഒഴുകുമ്പോൾ ഈ തുരുത്തിൽ ആളുകൾ വഴുതി വീഴാൻ തുടങ്ങും. അതിൻറെ ഇടതു സൈഡിൽ, ശീമകൊന്ന അതിരിട്ടതായിരുന്നു ഞങ്ങളുടെ ഓടിട്ട വീട്. പഞ്ചാര 'മൂച്ചി', ശർക്കര 'മൂച്ചി', കോമാങ്ങ, നാടൻ മാങ്ങ, ചക്ക, പൈൻ



ആപ്പിൾ, കുന്നിക്കുരു ചെടി, തുടങ്ങി കാവുത്തും, ചേമ്പും, മധുരകിഴങ്ങും, കപ്പയും എല്ലാം ഉണ്ടായിരുന്നു ഞങ്ങളുടെ വീട്ടിൽ. തേനീച്ചയും തത്തമ്മയും മുയലും ആടും പശുവും എല്ലാം വളർത്തിയിരുന്നു. കുറേ ഔഷധ ചെടിയും വീടിനു ചുറ്റും ഉണ്ടായിരുന്നു. വീടിന്റെ മേൽ ഭാഗത്തും, താഴ്ഭാഗത്തും ഹരിജനങ്ങളായിരുന്നു. നിത്യ വൃത്തിക്ക് കഷ്ടപെടുന്ന സ്നേഹിക്കാൻ മാത്രം അറിയുന്നവർ. അതു കൊണ്ട് എൻറെ കളിക്കൂട്ടുകാർ ഏറിയ പങ്കും അവരാണ്. വീണ്ടും കുന്നു കേറിയാൽ ഒരു കരിമ്പാറ കൂട്ട മുണ്ടായിരുന്നു. അവിടെ മഴക്കാലത്ത് പല കുണ്ടിലും വെള്ളം കെട്ടി നിൽക്കും.വസ്ത്ര മലക്കാനും, കുളിക്കാനും അവിടെ എപ്പോഴും തിരക്കായിരിക്കും.ഞങ്ങൾ അതിൽ പോയി ആറാടും... ...മേൽ പറഞ്ഞ എല്ലാ സ്ഥലത്തും ഞാൻ വളയം പിടിച്ചു എത്തും. മിക്കവാറും ബക്കറ്റിന്റെ മൂടി, പാത്രങ്ങൾ ഒക്കെ ആവും സ്റ്റിയറിംഗ്. എൻറെ ഡ്രൈവിംഗ് ആ പ്രദേശമാകെ പ്രസിദ്ധമായിരുന്നു. നീളൻ വള്ളികൊണ്ടുള്ള ബസ്സിൽ എൻറെ കൂടെ ഒരു പാട് കൂട്ടുകാരും ഉണ്ടാകും.

നീളൻ വള്ളികൊണ്ട് ബസ് ഉണ്ടാക്കിതന്നിരുന്നത് നീലാണ്ടനായിരുന്നു. കോളനിയിലെ ശങ്കരൻറെ അച്ഛൻ. പാള കൊണ്ടുള്ള തൊപ്പി ധരിച്ചാണ് നീലാണ്ടനെ കാണുക, കയ്യിൽ അരിവാളും തൂക്കി ഒരു തോർത്തും ഉടുത്തു നടക്കുന്ന കുനിഞ്ഞ ശരീരമുള്ള വൃദ്ധ രൂപം. ഏന്തി ഏന്തി നടന്നിരുന്ന പച്ച പാവം മനുഷ്യൻ. 'ബാവുട്ടി' എന്നു എന്നെ വിളിച്ചിരുന്ന ലോകത്തിലെ ഏക വ്യക്തി. ഒറ്റക് സംസാരിക്കുന്ന പ്രക്രതവുമുണ്ട് നീലാണ്ടനു... ചിലപ്പോൾ ആരോടും ഒന്നും പറയാതെ അങ്ങു ശൂന്യതയിലേക്ക് കണ്ണും നട്ടിരിക്കുന്ന നീലാണ്ടനെ കണ്ടു എൻറെ കുട്ടി മനസ്സ് പലവട്ടം അത്ഭുതം കൂറിയിട്ടുണ്ട്. നെല്ലികുന്നിന്റെ കിഴക്കേ ഭാഗം തേക്കും കാടു എന്നറിയപ്പെട്ടിരുന്ന തെങ്ങും തോപ്പായിരുന്നു. അവിടേക്ക് കയറുന്നതിന്റെ മുമ്പേ കാടുമൂടിയ ഒരു സ്ഥലമുണ്ട്. പല ഭൂത പ്രേതാതികളും ഉണ്ട് എന്നു മുതിർന്നവർ പറഞ്ഞിരുന്നതിനാൽ ഞങ്ങൾ അവിടേക്ക് പോകാറില്ല. പക്ഷേ, നീലാണ്ടൻ ആ കാട്ടിലേക്ക് മറയും, പിന്നെ നല്ല നീളൻ വള്ളിയുമായി വരും, വണ്ടിയുണ്ടാക്കിതരും. ഞാൻ ഓരോ കോളനി വീട്ടിൻറെ ഓരത്തും എൻറെ ബസ്സുമായി എത്തും. ബസ്സിൻറെ ശബ്ദം കേട്ടാണ് പലരും ബസ്സിൽ കയറുക. എന്റെ പെങ്ങൾ, ബീന, ഷൈനി, സജ്ന,മുജീബ് ജനാർദനൻ, അങ്ങനെ പലരും എൻറെ ബസ്സിൽ കയറും, ഞങ്ങൾ മലയാകെ റൗണ്ടടിക്കും. ചുറ്റിത്തിരിയും. ഭക്ഷണത്തിനുള്ള ഉച്ചത്തിലുള്ള വിളി വന്നാലേ വീട്ടിലേക്ക് പോവൂ. ..

ഒരു ദിവസം ബസ്സ് ആന പോലുള്ള പാറ ഇറങ്ങി നീലാണ്ടന്റെ ഓല പുരയുടെ മുറ്റത്തെത്തി. ഒരു ഞരക്കം കേട്ട് ഞാൻ ബസ് നിർത്തി, നീലണ്ടാനാണ്. ഇരു കാലിൽ, തല താഴ്ത്തി, ഇരു കയ്യിലും മുഖം പൊതിഞ്ഞു ഇരിക്കുകയാണ്.. ഞാൻ അടുത്തേക്ക് ചെന്നപ്പോൾ ഞരങ്ങി ഞരങ്ങി വിരലുകൾക്കിടയിലൂടെ കണ്ണിമയിട്ടു പറഞ്ഞു.

'എന്നെ ബവുട്ടിന്റെ ബസ്സിൽ ആസുവത്രീക്ക് കൊണ്ടോകോ?... പള്ളൻറെ ഉള്ളിൽ ആകേ ബേദനെ ആണ്, നീച്ചാം വെയ്യാ'

ഇത് പറഞ്ഞു കയ്യിൽ നിന്ന് മുഖം എടുത്തു എന്നെ നോക്കാൻ നോക്കുകയാണ് അയാൾ. ചുവന്ന, വെള്ള പാടയുള്ള കണ്ണുകൾ മുഴുവൻ തുറക്കാൻ കഴിയാതെ, തലയിളക്കി ഒരു ചിരി ചിരിക്കാൻ പാട് പെടുകയാണ്. ഇതൊക്കെ കണ്ടു എൻറെ കൂടെ ഉണ്ടായിരുന്ന ആരോ ഉറക്കെ ചിരിച്ചു. ഞാൻ വള്ളി താഴെയിട്ടു, ബസ് അവിടെ ഹാൾട്ട് ആക്കി. നിക്കർ ഒന്നു നേരെയാക്കി നേരെ വീട്ടിലേക്കു ചീറി പാഞ്ഞു. ഉപ്പയോടും ഉമ്മച്ചിയോടും കാര്യം പറഞ്ഞു... ആരൊക്കെയോ നീലാണ്ടനെ ആശുപത്രീക്ക് കൊണ്ടുപോയി.

കുറച്ചു ദിവസം കഴിഞ്ഞപ്പോൾ, വീട്ടിലെ മുകൾ ഭാഗത്തെ അതിരായ പൈൻ ആപ്പിൾ ചെടികളും, മുളം കാടും വകഞ്ഞു മാറ്റി, വാഴക്കൂട്ടതിന്നിടയിലൂടെ നീലാണ്ടൻ വന്നു. ഞങ്ങളുടെ കാവിയിട്ട കോലായിൽ ഇരുന്നു..

നീലാണ്ടൻ ഉച്ചത്തിൽ വിളിച്ചു 'ബാവുട്ടിയേ.. വായോ...'

ഞാൻ മെല്ലെ ചെന്നു.

ചുവന്ന നിറത്തിലുള്ള ഉള്ളു നിറയെ തേനുള്ള തേൻ മിട്ടായിയും, കൂടെ നല്ല നീളത്തിലുള്ള തടിച്ച വള്ളിയും നീലാണ്ടൻ എനിക്ക് നേരെ നീട്ടി മന്ദഹസിച്ചു.

പുതിയ തടിയൻ വള്ളിയിൽ തീർത്ത ബസ്സുമായി, തേൻ മുട്ടായിയും തിന്നു, വള്ളി നിക്കറും വലിച്ചു കേറ്റി പോകുന്ന എന്നെ നോക്കി നീലാണ്ടൻ ഞങ്ങളുടെ കോലായിൽ ഇരുന്നു, കേടുവന്ന പല്ല് കാട്ടി, ചിരിച്ചു. ജന്മ ജന്മാന്തരങ്ങളെ അറിഞ്ഞ ചിരി...

ഞാൻ അന്നു കഴിച്ച തേൻ മിഠായിയുടെ മധുരം ഓർമയുടെ ഇളം തെന്നലിലേറി ഇന്നും ഇടയ്ക്കിടയ്ക്ക് എന്നെ തേടിയെത്താറുണ്ട്...

# മകനോട്

**നിന്റെ** രക്തക്കറ മാഞ്ഞുപോയിരിക്കുന്നു
സമൂഹം നിന്നെ ഊമയാക്കിയിരിക്കുന്നു
അടിച്ചമർത്തപ്പെട്ടവരുടെ തോന്നലുകൾ
ഇവിടെ അലയടിച്ചുകൊണ്ടിരിക്കുന്നു
പൊക്കിൾക്കൊടി ബന്ധത്തിൽ
ഞാൻ ചേർത്തു വച്ച ബന്ധം
നീ ഉയർത്തിയ ശബ്ദങ്ങൾക്ക്
ഒരായിരം ബാക്കി ശബ്ദങ്ങൾ ജനിച്ചു
വേദനകൾ പുകയുന്നുവെങ്കിലും
ഓർക്കുവാൻ നീ തന്ന ഊർജം
രക്ത ദാഹികൾ ഇനിയും ചിരിക്കും
ഇരുളിൽ വാളിൻ മൂർച്ച കൂടും
ഞാനെന്റെ ആത്മാവിനും മൂർച്ച കൂട്ടും..
എന്നിൽ ഓടിപ്പോകാൻ നിൽക്കുന്ന നിഴലിനെ
ഞാൻ ശക്തിയുള്ളതാക്കും...
നീ തിരികെ വരണം എന്നതിലുപരി
ഞാൻ പ്രാർത്ഥിക്കുന്നത്...
ഇനി പിറക്കുരുതേ നീയായ മകനും
തോരാത്ത കണ്ണുള്ള ഞാനും...





# ബെന്യാമിൻ

## സംസാരിക്കുന്നു

## ‘വെറുതെ നടന്നുപോകുമ്പോൾ തലയിൽ തേങ്ങ വീണു മരിക്കുന്നതിനേക്കാൾ എനിക്കിഷ്ടം ആവിഷ്കാരത്തിന്റെ പേരിൽ വെടിയേറ്റു മരിക്കാനാണ്...’

– ബെന്യാമിൻ





***മാഗസിൻ സമിതി:** ആവിഷ്കാര സ്വാതന്ത്ര്യം ഇന്ത്യൻ ജനതയുടെ പ്രാണവായുവാണ്. വാക്കുകളിലൂടെയും വരകളിലൂടെയും നിർഭയമായി ആശയങ്ങൾ ആവിഷ്കരിച്ച ഇന്ത്യൻ സാഹിത്യകാരന്മാരിൽ പലരുടെയും ദാരുണമായ അന്ത്യത്തിന് നാം സാക്ഷ്യം വഹിച്ചു. ഈ സാഹചര്യം നിലനിൽക്കെ, വർത്തമാന ഇന്ത്യയിലെ ആവിഷ്കാര സ്വാതന്ത്ര്യത്തെപ്പറ്റിയുള്ള താങ്കളുടെ വിചാരപ്പെടലുകൾ എന്തൊക്കെയാണ്?*

**ബെന്യാമിൻ:** ഇന്ത്യയിൽ ഇപ്പോൾ മാത്രമല്ല മുൻ കാലങ്ങളിലും ആവിഷ്കാര സ്വാതന്ത്ര്യം ഹനിക്കപ്പെട്ടിട്ടുണ്ട്. സൽമാൻ റുഷ്ദിയെ പോലെ ഒരെഴുത്തുകാരന് രാജ്യം വിട്ട് പോവേണ്ടിവന്നിട്ടുണ്ട്. തസ്‌ലീമ നസ്റിൻ ആവിഷ്കാര സ്വാതന്ത്ര്യം ഹനിക്കപ്പെട്ട എഴുത്തുകാരിയാണ്. എം.എഫ്. ഹുസൈൻ പോലെയുള്ള ഒരു വലിയ കലാകാരന് രാജ്യം വിട്ട് പോകേണ്ടിവന്നിട്ടുണ്ട്. എല്ലാകാലത്തും എല്ലാതരം ആവിഷ്കാര സ്വാതന്ത്രത്തിനും എതിരായിട്ടാണ് മതങ്ങളും ജാതികളും വർഗങ്ങളും നിലനിന്നിരുന്നത്. പക്ഷെ, ഭൂരിപക്ഷം വരുന്ന ഒരു വിഭാഗം അധികാരത്തിൽ വന്നപ്പോൾ അവർ എല്ലാത്തരം ആവിഷ്കാര സ്വാതന്ത്ര്യത്തിനുമെതിരെ ആഞ്ഞടിക്കാൻ തുടങ്ങി. അപ്പോഴാണ് പ്രതിഷേധങ്ങളെല്ലാം വ്യാപകമായി വരുന്നത്. മുൻ കാലങ്ങളിലൊന്നും അത്തരം വ്യാപകമായ ഭൂരിപക്ഷം നമ്മളെ ഭരിക്കാൻ നിന്നിട്ടില്ല. ശ്രമിച്ചിട്ടില്ല. ഇത്തരത്തിൽ മൃഗീയമായി ജാതി പറഞ്ഞ് നിന്നിട്ടില്ല. സ്വാഭാവികമായും വെല്ലുവിളി നേരിടുമ്പോൾ എഴുത്തുകാരും കലാകാരന്മാരും അതിനെതിരെ പ്രതികരിച്ചുക്കൊണ്ടിരിക്കും; ലോകത്ത് എന്നും അങ്ങനെയാണ്. ആവിഷ്കാര സ്വാതന്ത്ര്യത്തിന് വേണ്ടി മരണം വരിച്ച എഴുത്തുക്കാരുടേയും കലാകലരന്മാരുടേയും ലോകമാണ് നമ്മുടെ മുന്നിലുള്ളത്. അതുകൊണ്ടുതന്നെ, നമ്മൾ അതിനെതിരെ ശബ്ദിച്ചു കൊണ്ടിരിക്കും. അതിന് പിന്തുണ ഉണ്ടാകേണ്ടത് ജനങ്ങളിൽ നിന്നാണ്. ബാലചന്ദ്രൻ ചുള്ളിക്കാട് ഒരിക്കൽ ഒരു ഇന്റർവ്യൂയിൽ പറഞ്ഞ കാര്യമുണ്ട്. അടിയന്തിരാവസ്ഥക്കെതിരെ ബാലചന്ദ്രൻ ചുള്ളിക്കാട് ഉൾപ്പെടെയുള്ള കവികളും കലാകാരന്മാരും

**രണ്ടോ മൂന്നോ പേരെ അവർ ഇല്ലാതാക്കിയിട്ടും എഴുത്തുകാർ ശബ്ദമുയർത്തുന്നെങ്കിൽ, നിങ്ങൾ ഉയർത്തുന്ന ഭീഷണികളെ ഞങ്ങൾ ഭയക്കുന്നില്ല എന്നു തന്നെയാണ് അതിന്റെ അർത്ഥം.**

MMC
QUALITY HEALTH CARE

# MALABAR MEDICAL CENTRE

കുറുപ്പത്ത് ജംഗ്ഷൻ, മെഹന്തി ഓഡിറ്റോറിയത്തിന് സമീപം **കൊണ്ടോട്ടി**

**ബുക്കിംഗ്: 2712001, 9645442020**

## ലഭ്യമായ സേവനങ്ങൾ

| | |
|---|---|
| ജനറൽ മെഡിസിൻ (പ്രമേഹ, തൈറോയിഡ് വിഭാഗം): | **ഡോ. മൂസ പി.ഇ** |
| കാർഡിയോളജി വിഭാഗം: | **ഡോ. സന്ദീപ് മോഹനൻ** |
| യൂറോളജി വിഭാഗം: | **ഡോ. ഷംബു സി.കെ** |
| ഗാസ്ട്രോ എൻട്രോളജി വിഭാഗം: | **ഡോ. ആദർശ് രാജേന്ദ്രൻ** |
| അസ്ഥി-സന്ധി വാതരോഗ വിഭാഗം: | **ഡോ. രാജീവ്, ഡോ. ടി. മുഹമ്മദ്** |
| ഇ.എൻ.ടി വിഭാഗം: | **ഡോ. ദിവ്യാ ഭരതൻ, ഡോ. മുനീർ** |
| ചർമ്മരോഗ വിഭാഗം: | **ഡോ. മുഹമ്മദ് നസീഫ്** |
| സർജറി വിഭാഗം: | **ഡോ. നസീർ സി.പി** |
| മനോരോഗ വിഭാഗം: | **ഡോ. ദീപക് കുര്യാക്കോസ്** |

**സ്കാനിംഗ്, എക്കോടെസ്റ്റ്, എന്നിവയ്ക്ക് മുൻകൂട്ടി ബുക്ക് ചെയ്യുക**

24 മണിക്കൂറും
ലഭ്യമാകുന്ന സേവനങ്ങൾ

- ജനറൽ ഡോക്ടറുടെ സേവനം
- കാഷ്വാലിറ്റി
- ലാബോറട്ടറി
- ഫാർമസി
- ഇ.സി.ജി
- എക്സ്-റേ






ശക്തമായി പ്രതിരോധമുയർത്തി. നിരവധി കവികൾ ജയിലിൽ പോയി. പലർക്കും മർദനമേറ്റു. പക്ഷെ, അടിയന്തരാവസ്ഥ കഴിഞ്ഞു വന്ന തെരഞ്ഞെടുപ്പിൽ കേരള ജനത ചെയ്തതെന്താണ്? അടിയന്തിരാവസ്ഥ പ്രഖ്യാപിച്ച സർക്കാറിന് പിന്തുണ നൽകി, കവികളുടെ ശബ്ദങ്ങൾ പ്രസക്തമല്ല, നിങ്ങളെ ഞങ്ങൾക്ക് വേണ്ട എന്നു പ്രഖ്യാപിക്കുകയാണ് ചെയ്തത്. ഇത്തരത്തിൽ ആണോ നമ്മൾ ആവിഷ്കാര സ്വാതന്ത്ര്യത്തിനവേണ്ടി പിന്തുണ കൊടുക്കേണ്ടത് എന്നത് വളരെ പ്രധാനമാണ്. സ്വന്തം ജീവൻ ബലികഴിച്ചു ഒരാൾ ഒരു പ്രധിഷേധത്തിലേക്ക് വരുമ്പോൾ അതിനു പിന്തുണ കൊടുക്കാതെ എതിരെ നിൽക്കുന്ന ഒരു സമൂഹം ഉണ്ടാവരുത് എന്നാണ് എനിക്ക് തോന്നുന്നത്. ആവിഷ്കാര സ്വാതന്ത്ര്യത്തിന് വേണ്ടി ശബ്ദിക്കാൻ എല്ലാവർക്കും കഴിയില്ല. എന്നാൽ കഴിവുള്ളവർ ശബ്ദിക്കുമ്പോൾ അതിനെ പിന്തുണ കൊടുക്കലാണ് യുവാക്കളും ജനങ്ങളും ചെയ്യേണ്ടതെന്ന് ഞാൻ കരുതുന്നു.

രണ്ടോ മൂന്നോ പേരെ അവർ ഇല്ലാതാക്കിയിട്ടും എഴുത്തുകാർ ശബ്ദമുയർത്തുന്നെങ്കിൽ, നിങ്ങൾ ഉയർത്തുന്ന ഭീഷണികളെ ഞങ്ങൾ ഭയക്കുന്നില്ല എന്നു തന്നെയാണ് അതിന്റെ അർത്ഥം. ഇപ്പോൾ ഒരു എഴുത്തുകാരൻ എഴുത്തിലേക്ക് നിൽക്കുമ്പോൾ അയാൾ എപ്പോഴും സന്തോഷത്തിന്റെ പാതയിലല്ല നിൽക്കുന്നത്. പലതരത്തിലുള്ള ഭയങ്ങളും വേട്ടയാടുന്നുണ്ട്. എന്നെക്കുറിച്ച് പറയുമ്പോൾ, പലരും എന്നോട് ചോദിക്കാറുണ്ട് - നിങ്ങളുടെ ജീവിതം അപകടത്തിലല്ലേ എന്ന്. പക്ഷേ, എനിക്ക് പേടിയില്ല. കാരണം നമ്മൾ വഴിയിലൂടെ പോകുമ്പോൾ തേങ്ങ വീണ് ചാകുന്നതിനേക്കൾ നല്ലത് വെടിയേറ്റു മരിക്കുന്നത് തന്നെയാണ്. എല്ലാ കാലത്തും നമ്മൾ ജീവിച്ചിരിക്കില്ലല്ലോ. അപ്പോൾ നമുക്ക് പറയാനുള്ളത് നമ്മൾ പറഞ്ഞിരിക്കും.

***വാക്കുകളെ തോക്കുകളാക്കിയവരാണല്ലോ ഇന്ത്യൻ സാഹിത്യകാരന്മാർ. അഴിഞ്ഞാടിയ ഫാസിസ്റ്റ് നയങ്ങൾക്കെതിരെ ശബ്ദിച്ചവരുടെ മരണവും സാഹിത്യകാരന്മാരുടെ വേറിട്ട പ്രതിഷേധവും ഇന്ത്യയിലെ എഴുത്തുകാരുടെ പരിമിതികളെ തുറന്നു കാണിക്കുന്നു. ഇന്ത്യയിലെ ഫാസിസ്റ്റ് നയങ്ങളുടെ അങ്ങേയറ്റത്തെ ചൂഷണം സാഹിത്യമേഖലയെ എത്ര മാത്രം ഗ്രസിച്ചിരിക്കുന്നു?***

കലയ്ക്കും സാഹിത്യത്തിനും മേലുള്ള കയ്യേറ്റം പ്രകടമാണ്. കേന്ദ്രസാഹിത്യ അക്കാദമി പിടിച്ചടക്കാനുള്ള ശ്രമം അവർ നടത്തി; പക്ഷെ പരാജയപ്പെട്ടു. സാഹിത്യകാരന്മാരെല്ലാം ഒറ്റക്കെട്ടായി നിന്നുകൊണ്ട് അതിനെ പരാജയപ്പെടുത്തി. എന്നുകരുതി ഫാസിസ്റ്റ് ശക്തികൾ അടങ്ങിയിരിക്കുന്നില്ല. എല്ലാ മേഖലകളിലും നുഴഞ്ഞു കയറുകയോ പിടിച്ചടക്കുകയോ ആണ് അവരുടെ ന

യം. ജെ.എൻ.യു പോലുള്ള വലിയ യൂണിവേഴ്സിറ്റിയിൽ അവർ കടന്നുകയറാൻ ശ്രമിക്കുന്നു. എല്ലാ വിദ്യാഭ്യാസമേഖലകളിലും അവർ കടന്നുകയറുന്നു. അവരുടെ ആശയങ്ങൾ അടിച്ചേൽപ്പിക്കാൻ ശ്രമിക്കുന്നു. ചരിത്ര പുസ്തകങ്ങൾ തിരുത്തിക്കുറിക്കുന്നു. ഷാജഹാന്റേതാണോ താജ്മഹൽ എന്നു ചോദിക്കുന്നു.എല്ലാ ഇടങ്ങളിലും അമ്പലങ്ങൾ ഉണ്ടായിരുന്നുവെന്നും പള്ളികൾ പൊളിച്ച് അവ പുനഃസ്ഥാപിക്കണമെന്നുമുള്ള പ്രചരണങ്ങൾ ഉണ്ടാക്കിയെടുക്കുന്നു. കള്ള ചരിത്രകാരന്മാരെ ഉപയോഗിച്ച് ഇതാണ് ചരിത്ര വസ്തുത എന്ന് സ്ഥാപിക്കാനാണ് ശ്രമിച്ചു കൊണ്ടിരിക്കുന്നത്.

ഇത്തരത്തിൽ നമ്മുടെ എഴുത്തിന്റെ മേഖലയിലും സാംസ്കാരിക മേഖലയിലും വലിയ കടന്നുകയറ്റത്തിന് അവർ ശ്രമിച്ചുകൊണ്ടിരിക്കുന്നു. പക്ഷെ, ഇതിനെതിരെ എഴുത്തുകാരും കലാകരന്മാരും പ്രതിരോധം ഉയർത്തുകയും ഇങ്ങനെയല്ല, ഇവർ പറയുന്നത് കള്ളമാണ് എന്ന് വ്യക്തമാക്കുകയും ചെയ്യുന്നു. ഭരണകൂട ശക്തികൾ ടെലിവിഷൻ ചാനലുകൾ വിലക്കെടുത്ത് ആസൂത്രിതമായ പ്രചാരണമാണ് നടത്തുന്നത്. എതിർപക്ഷത്തു നിൽക്കുന്ന എഴുത്തുകാർ ദുർബലരാണ്; അവർക്ക് ചാനലുകൾ ഇല്ല, യാതൊന്നുമില്ല. എന്നിട്ടും തങ്ങളാലാവും വിധമുള്ള പ്രതിരോധം നടത്തിക്കൊണ്ടേയിരിക്കുന്നു എന്നതാണ് വസ്തുത. എല്ലാകാലത്തും എഴുത്തുകാർ ജാഗരൂഗരായിരുന്നിട്ടുണ്ട്. ഇനിയും ജാഗരൂഗരായിരിക്കും. അതുകൊണ്ടാണ് അവരുടെ ശബ്ദം ഉയരുന്നത്. അവർ ലക്ഷ്യംവെക്കപ്പെടുന്നതും അതുകൊണ്ടാണ്.

**ഭരണകൂട ശക്തികൾ ടെലിവിഷൻ ചാനലുകൾ വിലക്കെടുത്ത് ആസൂത്രിതമായ പ്രചാരണമാണ് നടത്തുന്നത്. എതിർപക്ഷത്തു നിൽക്കുന്ന എഴുത്തുകാർ ദുർബലരാണ്; അവർക്ക് ചാനലുകൾ ഇല്ല, യാതൊന്നുമില്ല. എന്നിട്ടും തങ്ങളാലാവും വിധമുള്ള പ്രതിരോധം നടത്തിക്കൊണ്ടേയിരിക്കുന്നു**

*ബെന്യാമിന്റെ വസതിയിലെ വായനാമുറി*





*ഗൗരി ലങ്കേഷ്*



*എം.എം കൽബുർഗി*



*നരേന്ദ്ര ധബോൽകർ*

*ആത്മീയത എന്നാൽ കച്ചവടസാധ്യതയുള്ള പരിപാടിയാണെന്നാണല്ലോ 'ശരീരശാസ്ത്രം' പറയുന്നത്. ഈ കൃതിയുടെ ഇതിവൃത്തത്തിലൂടെ ആധുനിക സമൂഹത്തിന് താങ്കൾ നൽകാനുദ്ദേശിക്കുന്ന സന്ദേശമെന്താണ്?*

ഓരോ എഴുത്തും എന്തെങ്കിലും ഒരു പുതിയ കാര്യം ലോകത്തിനോട് പറയാനുള്ള ഒരു ശ്രമമാണ്. 'ശരീരശാസ്ത്രം' എന്ന കൃതിയിലേക്കു വരുമ്പോൾ, ഇന്നു നമുക്കറിയാം, മതം വല്ലാതെ വലുതായിക്കൊണ്ടിരിക്കുകയാണ്. മതപ്രഭാഷണങ്ങൾ വലുതാവുന്നു, രോഗശാന്തി ശുശ്രൂഷകൾ വലുതായിക്കൊണ്ടിരിക്കുന്നു. പള്ളിയിൽ പോകുന്നവർ, അമ്പലത്തിൽ പോകുന്നവർ, മതാചാരങ്ങൾ... എല്ലാം വികാസം പ്രാപിക്കുന്നു. പക്ഷേ, അതോടൊപ്പം തന്നെ നമുക്കിടയിലുള്ള എല്ലാ കാലുഷ്യങ്ങളും വർധിച്ചിരിക്കുന്നു. നമ്മൾ പരിശോധിക്കുമ്പോൾ ആത്മീയത എന്ന നന്മയെ, നിറവിനെ, ആ കാരുണ്യത്തെ ഇല്ലാതാക്കിക്കൊണ്ട് മതം ഒരു വിഷമായി നമ്മിൽ കയറുകയാണ്. മതം നമ്മുടെ ഉള്ളിൽ വിഷം കലർത്തുകയും ആത്മീയതയെ ഇല്ലാതാക്കുകയും ചെയ്യുന്നു. പക്ഷേ, ഇതിന്റെ പേരും ആത്മീയത എന്നുതന്നെയാണ്. ആത്മീയതയെ കച്ചവടം ചെയ്തുകൊണ്ടാണ് സമൂഹത്തിൽ വലിയൊരു വിഭാഗം ജനങ്ങളും ജീവിച്ചുകൊണ്ടിരിക്കുന്നത്. നമ്മുടെ മതപ്രഭാഷണങ്ങൾ നോക്കാം. കാലത്തിനു പിന്നിലേക്ക് നടക്കാൻ പ്രേരിപ്പിക്കുന്ന തരത്തിൽ നമ്മുടെ ശാസ്ത്ര പുരോഗമനങ്ങളെ എല്ലാം ഒരു ദിവസം യാതൊരു ബോധവുമില്ലാത്ത ഒരാൾ വന്നിട്ട് ചോദ്യം ചെയ്യുകയാണ്. എത്രയോ കാലംകൊണ്ട് മനുഷ്യൻ പരീക്ഷണ നിരീക്ഷണങ്ങളിലൂടെയെല്ലാം ആർജിച്ച അറിവാണ് ശാസ്ത്രം. ഇതിനൊന്നും ഒരുവിലയും കൽപ്പിക്കാതെ ഒരു പൊട്ടൻ രാവിലെ വന്നു പറയുകയാണ്: 'ശാസ്ത്രത്തിലൊന്നും ഒരു കാര്യവുമില്ല' അല്ലെങ്കിൽ, 'ഇതൊക്കെ പണ്ടേ എഴുതപ്പെട്ടതാണ്' എന്ന്. അതെല്ലാം കേട്ട്

**ആത്മീയത എന്ന നന്മയെ, നിറവിനെ, ആ കാരുണ്യത്തെ ഇല്ലാതാക്കിക്കൊണ്ട് മതം ഒരു വിഷമായി നമ്മിൽ കയറുകയാണ്. മതം നമ്മുടെ ഉള്ളിൽ വിഷം കലർത്തുകയും ആത്മീയതയെ ഇല്ലാതാക്കുകയും ചെയ്യുന്നു. പക്ഷേ, ഇതിന്റെ പേരും ആത്മീയത എന്നുതന്നെയാണ്.**

വിശ്വസിക്കുകയും അങ്ങനെ മൊത്തത്തിൽ കച്ചവടച്ച രക്കായി മാറുകയും ചെയ്യുന്ന ലോകത്ത് അങ്ങനെയല്ല ആത്മീയത എന്നും, യഥാർത്ഥ ആത്മീയത മറ്റൊന്നാണെന്നും അതിന് കാരുണ്യത്തിന്റെയും സ്നേഹത്തിന്റെയും പാരസ്പര്യത്തിന്റെയുമൊക്കെ നിറമാണ് എന്നു പറയാനാണ് ശരീരശാസ്ത്രം ശ്രമിക്കുന്നത്. ലോകഗതി എന്തെന്നു മനസ്സിലാക്കി, അതിന് എതിരുനിന്ന് ഒരു കണ്ണാടിയാവുക എന്നതാണ് എഴുത്തു കൊണ്ടുദ്ദേശിക്കുന്നത്. അത്തരത്തിലുള്ള ഒരു കണ്ണാടി തിരിക്കലാണ് ശരീരശാസ്ത്രം എന്ന നോവൽ.



**ഞാൻ എന്നെ കുറിച്ച് മാത്രമേ ചിന്തിക്കുക യുള്ളൂ, ഞാൻ എന്നെ മാത്രമേ കാണുന്നുള്ളൂ... അതിൽനിന്നു മാറി നമ്മൾ കണ്ണു തുറന്ന് മറ്റുള്ളവരെ കാണുക. നമ്മളേക്കാൾ സങ്കടവും വേദനയും അനുഭവിക്കുന്ന എത്രയോ പേരെ കാണുമ്പോഴാണ് നമ്മുടെ പ്രശ്നങ്ങൾ അത്രയൊന്നും വലിയ പ്രശ്നമല്ലെന്ന് മനസ്സിലാക്കുന്നത്.**

*'നാം അനുഭവിക്കാത്ത ജീവിതങ്ങളെല്ലാം നമുക്ക് വെറും കെട്ടു കഥകളാണെ'ന്ന ആടുജീവിതത്തിലെ പ്രസിദ്ധമായ വാചകത്തിലെ അന്തരാർത്ഥങ്ങൾ പങ്കുവെക്കാമോ?...*

നമ്മൾ എല്ലായ്പ്പോഴും ചിന്തിക്കുന്നത് നമ്മുടെ ചുറ്റുമുള്ള ലോകമാണ് ഏറ്റവും സങ്കടകരമായതും വിഷമകരമായതുമെന്നാണ്; പ്രത്യേകിച്ച് നിങ്ങളുടെ ഒക്കെ പ്രായമുള്ള കുട്ടികളോട് ചോദിച്ചാൽ പറയും പരീക്ഷക്ക് പഠിക്കാനുള്ള പ്രയാസം ജീവിതത്തെ സങ്കീർണമാക്കുന്നുവെന്ന്. ഒരു പരീക്ഷക്ക് അൽപ്പം മാർക്ക് കുറഞ്ഞാൽ തന്നെ മാനസികമായി തളരുന്നു. ഫലം വരുമ്പോൾ ആത്മഹത്യക്ക് ശ്രമിക്കുന്നു. അത്തരത്തിൽ ഞാൻ - എന്റെ ലോകം സങ്കടകരമാണ് എന്ന ചിന്ത എങ്ങനെയോ പുതിയ കാലത്ത് വന്നിട്ടുണ്ട്. പ്രശ്നങ്ങളെ അഭിമുഖീകരിക്കൻ കഴിയാതെ വരിക അങ്ങനെ ഇരിക്കുമ്പോഴാണ് നമ്മൾ മറ്റുള്ളവരുടെ ജീവിതം ഒന്ന് കാണേണ്ടതുണ്ട്. ഇത് നമ്മൾ നമ്മളിലേക്ക് മാത്രം ഒതുങ്ങി കൂടുന്നതിന്റെ ഒരു പ്രശ്നമാണ്.

ഞാൻ എന്നെ കുറിച്ച് മാത്രമേ ചിന്തിക്കുകയുള്ളൂ, ഞാൻ എന്നെ മാത്രമേ കാണുന്നുള്ളൂ... അതിൽനിന്നു മാറി നമ്മൾ കണ്ണ് തുറന്ന് മറ്റുള്ളവരെ കാണുക. നമ്മളേക്കാൾ സങ്കടവും വേദനയും അനുഭവിക്കുന്ന എത്രയോപേരെ കാണുമ്പോഴാണ് നമ്മുടെ പ്രശ്നങ്ങൾ അത്രയൊന്നും വലിയ പ്രശ്നമല്ലന്ന് മനസ്സിലാക്കുന്നത്. അപ്പോഴാണ് നമ്മൾ ആ ഒരാശയത്തിലെത്തുന്നത്. നാം അനുഭവിക്കാത്ത ജീവിതമെല്ലാം നമുക്ക് കെട്ടുകഥകളാണെന്നാണ് തോന്നുക. സമൂഹത്തിലേക്കിറങ്ങിച്ചെല്ലാനുള്ള ഒരു ക്ഷണമാണിത്. ചുറ്റുപാടുകളെ കാണുകയും അവരുടെ വേദനകൾ നമ്മളറിയുകയും ചെയ്യുമ്പോഴാണ് നമ്മുടെ പ്രശ്നങ്ങളൊന്നും ഒന്നുമല്ലെന്ന് നമുക്ക് ബോധ്യമാകുന്നത്.

*'അവസരങ്ങൾ പറക്കും നക്ഷത്രങ്ങൾ പോലെയാണ്. നമ്മുടെ കണ്മുന്നിൽ വെച്ച് അത് അപ്രത്യക്ഷമാകും. പിന്നെ അതിനെയോർത്ത് വ്യാകുലപ്പെട്ടിട്ട് ഒരു കാര്യവുമില്ല' എന്ന 'മുല്ലപ്പൂ നിറമുള്ള പകലുകളി'ലെ വാക്കുകളിലൂടെ പുതിയ തലമുറക്ക് എന്ത് സന്ദേശമാണ് നൽകാനുള്ളത്?*

അത് ആ വാചകത്തിൽ തന്നെയുണ്ട്. അവസരങ്ങൾ ഒരിക്കലും നമ്മളെക്കാത്ത് നിൽക്കില്ല. അവസരങ്ങളെ തേടിപ്പോവുകയും അതതു നിമിഷങ്ങളിൽ തന്നെ അത് ഉപയോഗപ്പെടുത്തുകയും ചെയ്യുക. നമ്മുടെ ഒരു നിമിഷത്തെ മടി, അല്ലെങ്കിൽ അത് ഇന്ന് വേണ്ട നാളെയാക്കാം എന്ന ലേസിനെസ്സ്... ഇതൊക്കെ നമ്മുടെ ജീവിതത്തിൽ പിന്നീട് ഒരിക്കലും കിട്ടാത്ത വിധത്തിൽ അവസരങ്ങൾ നഷ്ടപ്പെട്ടു പോകുന്നതിന് കാരണമാകും. ഒരു ഉദാഹരണം; നിങ്ങൾ ഒരിക്കൽ എന്നെ വിളിച്ചു അന്ന് ഞാൻ പറഞ്ഞു, തിരക്കിലാണ്, പറ്റില്ലാന്ന്. ഒരുപക്ഷെ, പിന്നീട് നിങ്ങൾ വിളിച്ചില്ലായിരുന്നെങ്കിൽ ഒരിക്കലും നിങ്ങൾക്കിവിടെ വരാൻ സാധിക്കില്ലായിരുന്നു. അങ്ങനെ അവസരങ്ങളെ പിന്തുടരാനും വീണ്ടും ട്രൈ ചെയ്യാനുമുള്ള ഒരു ക്ഷമ നമ്മൾക്കുണ്ടാകണം. നഷ്ടപ്പെട്ടു

പോവുകയാണെങ്കിൽ പോട്ടെ. ഒരു, പക്ഷെ ഒരു തവണകൂടി ശ്രമിക്കാനുള്ള ഒരു ക്ഷമ നമുക്ക് ജീവിതത്തിലുടനീളം ഉണ്ടാവണം.

*ഒരു കഥാകാരനെ സംബന്ധിച്ച് അയാളുടെ ആയുധം അക്ഷരങ്ങളാണ്. ആശയങ്ങളെ എഴുത്തിലേക്ക് കൊണ്ട് വന്നപ്പോൾ ഏത് അക്ഷരങ്ങളോടായിരുന്നു കൂടുതൽ പ്രണയം.?*

അല്ല, അക്ഷരം എന്ന് പറയാൻ പറ്റുമോ എന്ന് എനിക്കറിയില്ല. ഒരു പക്ഷേ, ഏറ്റവും ഇഷ്ടപ്പെടുന്ന വാക്ക് സ്നേഹമായിരിക്കും. കാരണം നമ്മൾ മനുഷ്യർക്ക് പങ്കുവെക്കാവുന്ന ഏറ്റവും മനോഹരമായ വികാരം സ്നേഹം തന്നെയാണ്. എല്ലാ ആശയങ്ങളും പങ്കുവെക്കപ്പെടുന്നത് അല്ലെങ്കിൽ കഥകളും കവിതകളുമൊക്കെ എഴുതപ്പെടുന്നത്, അത്യന്തികമായി മനുഷ്യന്റെ സ്നേഹവും നന്മയും ഉണർത്തുന്നതിന് വേണ്ടി തന്നെയാണ്. എഴുത്തുകളും അങ്ങനെ തന്നെയാണ്; അല്ലാതെ ശത്രുത പകർത്തുന്നതിനല്ല. എല്ലാകാലത്തും എല്ലാകഥാകാരന്മാരും അങ്ങനെ തന്നെയാണ് ചെയ്തത്. സ്നേഹം നമ്മുടെ ഉള്ളിലുണ്ട്, കരുണ നമ്മുടെ ഉള്ളിലുണ്ട്, നന്മ പക്ഷേ ഒരു ഘട്ടത്തിൽ വെച്ച് അറിയാതെ മറഞ്ഞ് പോകുന്നുണ്ട്. കഥകളിലൂടെയും കവിതകളിലൂടെയും അവയെ വീണ്ടെടുക്കാനും പുനഃസൃഷ്ടിക്കാനും ശ്രമിക്കുകയാണ് എഴുത്തുകാർ ചെയ്തുകൊണ്ടിരിക്കുന്നത്.

*നാടോടുമ്പോൾ നടുവേ ഓടണം എന്ന് പറയാറുണ്ട്. ഇപ്പോൾ നാടോടുന്നതിന് മുൻപിലാണ് നമ്മളെന്ന് താങ്കൾക്ക് തോന്നുന്നുണ്ടോ.?*

സോഷ്യൽ മീഡിയയുടെ ഈ കാലത്ത് പ്രത്യേകിച്ച് കാരണങ്ങളൊന്നുമില്ലാതെ പ്രശ്നങ്ങളുണ്ടാക്കി നമ്മൾ,

**നമ്മൾ മനുഷ്യർക്ക് പങ്കുവെക്കാവുന്ന ഏറ്റവും മനോഹരമായ വികാരം സ്നേഹം തന്നെയാണ്. എല്ലാ ആശയങ്ങളും പങ്കുവെക്കപ്പെടുന്നത് അല്ലെങ്കിൽ കഥകളും കവിതകളുമൊക്കെ എഴുതപ്പെടുന്നത്, അത്യന്തികമായി മനുഷ്യന്റെ സ്നേഹവും നന്മയും ഉണർത്തുന്നതിന് വേണ്ടി തന്നെയാണ്.**










## നാടോടുമ്പോൾ നടുവേ ഓടേണ്ടതില്ല എന്നാണ് എനിക്ക് തോന്നുന്നത്.

നമ്മുടെ മതം, നമ്മുടെ ജാതി, നമ്മുടെ വംശം എന്നൊക്കെ പറഞ്ഞു കൊണ്ട് അവനവന്റെ മാത്രം കൂടാരങ്ങളിലേക്ക് ഒതുങ്ങി കൂടുന്ന ഒരു സാഹചര്യത്തിലേക്ക് നമ്മൾ ചെന്നെത്തിയിട്ടുണ്ട്. എല്ലാവരും ചെയ്യു മ്പോൾ ഞാനും ചെയ്യൂന്നു; അതാണല്ലോ നാടോടുമ്പോൾ നടുവേ ഓടുക എന്ന് പറയുന്നതിന്റെ അർത്ഥം. അപ്പോൾ യഥാർത്ഥത്തിൽ നമ്മൾ അതിൽ നിന്നൊക്കെ കുറച്ചൊന്നു മാറിനിൽക്കുകയും, സോ ഷ്യൽ മീഡിയയിൽ പറയുന്നതെല്ലാം ശരിയാണോ? എല്ലാത്തിനോടും നാം പ്രതികരിക്കേണ്ടതുണ്ടോ? എല്ലാത്തിനോടും ഇങ്ങനെയാണോ പ്രതികരിക്കേണ്ടത്? വൈകാരികമായാണോ പ്രതികരിക്കേണ്ടത്? എല്ലാത്തിനേയും തെറി വിളിച്ചാണോ പ്രതികരിക്കേണ്ടത് എന്ന് ചോദിക്കുന്നു. എല്ലാവരും ഓടുന്നതിനൊപ്പം നമുക്കും ഓടാൻ സാധിക്കും. പക്ഷെ, അതല്ല വേണ്ടതെന്നും നമ്മുടേതായ ചിന്തകളും കാഴ്ച്ചപ്പാടുകളും നിരീക്ഷണങ്ങളും ഉണ്ടാക്കി ഈ ഒഴുക്കിനെതിരെ നിന്ന് ചിന്തിക്കുകയും അതിനനുസൃതമായി നമ്മൾ പ്രതികരിക്കുക യുമാണ് വേണ്ടതെന്നും നമ്മൾ തിരിച്ചറിയുന്നു. അപ്പോൾ നാടോടുമ്പോൾ നടുവേ ഓടേണ്ടതില്ല എന്നാണ് എനിക്ക് തോന്നുന്നത്.

*'കമ' മാഗസിന് നൽകാനുള്ള താങ്കളുടെ സന്ദേശമെന്താണ്.?*

കമ എന്ന ഒരാശയം വളരെ നന്നായിട്ടാണ് എനിക്ക് തോന്നുന്നത്. കാരണം, എല്ലാത്തിനും വിലക്കുകൾ നേരിടുന്ന ഒരു കാലമാണിത്. അവനവൻ എന്തു കഴിക്കണം, എന്തു ധരിക്കണം, എന്തുപറയണം എന്നതിനൊക്കെ വിലക്കുകൾ നേരിട്ട കാലത്താണ് യുവാക്കൾ. കമക്കെതിരെ നിന്ന് നമ്മൾ ചിലത് സംസാരിക്കും. ഈ ഇന്ത്യാ രാജ്യത്ത് സന്തോഷത്തിൽ ജീവിക്കണോ അല്ലാതെ തമ്മിൽ കലഹിച്ചും തമ്മിലടിച്ചും ജീവിക്കണോ എന്ന് തീരുമാനിക്കാനുള്ള ഉത്തരവാദിത്തം യുവാക്കളായ നിങ്ങളിലാണ് നിശ്ചിതമായിരിക്കുന്നത്. പ്രായമായവർ, നരച്ചവർ നിങ്ങളിൽ പലതരം അഭിപ്രായങ്ങളും അടിച്ചേൽപ്പിക്കാൻ ശ്രമിക്കുമ്പോൾ നമ്മൾ തുറസ്സായ ലോകത്തേക്ക് ഉപാധികളില്ലാതെ നോക്കുകയാണ് ചെയ്യേണ്ടത്. ജാതിചിന്ത അപ്രസക്തമായിട്ടുണ്ട് എന്ന കാര്യം നാം തിരിച്ചറിയേണ്ടതുണ്ട്. ഞാൻ, എന്റെ ജാതി, എന്റെ രാഷ്ട്രീയം എന്നു പറയുന്ന സമൂഹങ്ങളൊക്കെ പിന്നീട് നോക്കുമ്പോൾ എന്തൊക്കെയോ കാരണങ്ങളാൽ ഉള്ളിൽ നിന്ന് ശിഥിലമാകുന്നുണ്ട്.

അതേസമയം, ഇതെല്ലാം ഒഴിവാക്കി, എല്ലാവർക്കും തുല്യതയോടെ ജീവിക്കാൻ കഴിയുന്ന രാജ്യങ്ങളുണ്ട്. അമേരിക്ക പോലുള്ള രാജ്യങ്ങൾ നോക്കുമ്പോൾ കുറേക്കൂടി സമാധാനത്തോടെ, സഹവർത്തിത്തത്തോടെ ജീവിക്കുന്ന മനുഷ്യരെ നമുക്ക് കാണാൻ കഴിയും. കാരണം എനിക്ക് സ്നേഹവും സൗഹൃദവും വരുമ്പോഴാണ് എന്നെപ്പോലെയാണ് എന്റെ അടുത്ത മതക്കാരും ജാതിക്കാരുമെന്നും അവരും മനുഷ്യരാണെന്നും സാധാരണക്കാരാണെന്നും മനസ്സിലാക്കുന്നത്. നമ്മൾ സാധാരണ ചെയ്യുന്നത് അവനവന്റെ കൂടാരങ്ങളിൽ ഒതുങ്ങി അടുത്തവനെ ഒരു ശത്രുവായി കാണുകയും അവനെ എന്തോ ഒരു ഭീകരജീവിയായി സങ്കൽപിക്കുകയുമാണ്. ഈ സങ്കൽപത്തിൽ നിന്നാണ് ഭയമുണ്ടാകുന്നത്. ഈ ഭയത്തിൽ നിന്നാണ് പരസ്പരം പോരടിക്കാനുള്ള ഒരു ത്വര ഉണ്ടാകുന്നത്.

**നമ്മൾ സാധാരണ ചെയ്യുന്നത് അവനവന്റെ കൂടാരങ്ങളിൽ ഒതുങ്ങി അടുത്തവനെ ഒരു ശത്രുവായി കാണുകയും അവനെ എന്തോ ഒരു ഭീകര ജീവിയായി സങ്കൽപിക്കുകയുമാണ്. ഈ സങ്കൽപത്തിൽ നിന്നാണ് ഭയമുണ്ടാകുന്നത്. ഈ ഭയത്തിൽ നിന്നാണ് പരസ്പരം പോരടിക്കാനുള്ള ഒരു ത്വര ഉണ്ടാകുന്നത്.**



നമ്മൾ പരസ്പരം ചേർന്നുനിന്ന് അതിനെതിരെ സംസാരിക്കുക, നല്ല ഒരു നാളെ ഉണ്ടാക്കുവാൻ പരിശ്രമിക്കുക എന്നതാണ് പ്രധാനം. അതാണ് ഒരുപക്ഷേ, നിങ്ങളുയർത്തുന്ന ആശയത്തിന്റെ ഏറ്റവും വലിയ പ്രസക്തി. യഥാർത്ഥ ശബ്ദമുയർത്തേണ്ട സമയത്ത് അതിനു കഴിയുന്നില്ല എങ്കിൽ ജീവിതത്തിൽ ഒരിക്കലും ശബ്ദമുയർത്താൻ നമുക്ക് കഴിഞ്ഞെന്നു വരില്ല. അങ്ങനെയൊരവസ്ഥയിലേക്ക് രാജ്യത്തെ തള്ളിവിടാതിരിക്കാനുള്ള ഉത്തരവാദിത്തം തങ്ങളിൽ നിക്ഷിപ്തമാണ് എന്ന് നിങ്ങളും നിങ്ങളുടെ ഓരോ സഹപാഠിയും അറിഞ്ഞു പ്രവർത്തിക്കട്ടെ എന്നു ഞാനാഗ്രഹിക്കുന്നു.

# ചീക്കോട് സർവ്വീസ് സഹകരണ ബാങ്ക്
## ലിമിറ്റഡ് എഫ്. 1897
## ഓമാനൂർ പി.ഒ, പിൻ 673645

Phone: 0483 272 52 39    Email: cheekodescb@gmail.com



- വിവിധ ആവശ്യങ്ങൾക്ക് 15 ലക്ഷം വരെ വായ്പ
- എല്ലാ പ്രവർത്തി ദിവസങ്ങളിലും സ്വർണ്ണ പണ്ട പണയത്തിന്മേൽ പരമാവധി തുക വായ്പ നൽകുന്നു
- സാലറി സർട്ടിഫിക്കറ്റ് ജാമ്യത്തിന് മേൽ 2 ലക്ഷം രൂപ വരെ വായ്പ
- ബിസിനസ് ആവശ്യങ്ങൾക്ക് പ്രത്യേക വായ്പ
- നിക്ഷേപങ്ങൾക്ക് ആകർഷകമായ സ്കീമുകൾ
- രാജ്യത്തെ എല്ലാ ബാങ്കുകളിലേക്കും പണം അയക്കാവുന്ന RTGS / NEFT സംവിധാനം
- 5 ലക്ഷം വരെ വാഹന വായ്പ
- ലോക്കർ സൗകര്യം ലഭ്യമാണ്

പ്രസിഡന്റ്
കെ.പി മുഹമ്മദ് ഹാജി

സെക്രട്ടറി
മുഹമ്മദ് ഹുസൈൻ എം.വി

അപർണ കെ
IInd YEAR B.A Economics

# നളിനിഭായി



**അവളൊരു** ധീരയായ വനിതയായിരുന്നു. തന്റെ കണ്ണിനുമുമ്പിൽ കാണുന്ന ഏത് അനീതിയെയും ശക്തമായി തന്നെ അവൾ എതിർത്തിരുന്നു. ആ ധീരത കൊണ്ടാണല്ലോ അവളിന്ന് പോലീസ് സ്റ്റേഷനിൽ പോയി പരാതി നൽകിയത്.

അങ്ങാടിപ്പുറം എന്ന ഗ്രാമത്തിലെ ആ ധീരയായ വനിതയുടെ പേര് നളിനിയെന്നാണ്. അവളുടെ പേര് നളിനിയെന്നാണെങ്കിലും പലരും പരിഹസിച്ചുകൊണ്ടവളെ 'നളിനിഭായി'യെന്നും, 'അങ്ങാടിപ്പുറത്തെ നളിനിഭായി' യെന്നും വിളിക്കാറുണ്ട്. നളിനിക്ക് ആരോരുമുണ്ടായിരുന്നില്ല. അവൾ തനിച്ചായിരുന്നു, പക്ഷേ അവൾക്ക് കൂട്ടിനെന്നും ധൈര്യവും, ആത്മവിശ്വാസവുമുണ്ടായിരുന്നു.

ഒരു ദിവസം നളിനി അങ്ങാടിപ്പുറത്തെ ഒരു കടയിൽ നിന്നും സാധനം വാങ്ങി റോഡിലേക്കിറങ്ങുകയായിരുന്നു. അപ്പോഴാണ് ആ കാഴ്ച നളിനിയുടെ കണ്ണിൽപ്പെടുന്നത്. അങ്ങാടിപ്പുറത്ത് സ്ഥിരമായി ഓടുന്ന 'മുതലാളി' എന്ന ബസ്സ് ഒരു കുട്ടിയെ ഇടിച്ച് വീഴ്ത്തുകയും, നിർത്താതെ പോവുകയും ചെയ്തു. നളിനി ഉടൻ തന്നെ ആ കുട്ടിയെ മറ്റുള്ളവരുടെ സഹായത്താൽ

ആശുപത്രിയിലെത്തിച്ചു. അവിടെവച്ചാണ് ആ കുട്ടിയുടെ പേര് മനുയെന്നാണെന്ന് അവൾ അറിയുന്നത്.

അങ്ങനെ മനുവിന്റെ അച്ഛൻ ആശുപത്രിയിലെത്തിയ ഉടൻ തന്നെ നളിനി അവിടെ നിന്നും നേരിട്ട് പോലീസ് സ്റ്റേഷനിലേക്ക് പോയി.

സാർ, എനിക്കൊരു പരാതിയുണ്ട്. നളിനി പോലീസുകാരോടായി പറഞ്ഞു. പോലീസ്, എന്താ പരാതി?

'മുതലാളി' എന്ന ബസ്സ് ഒരു കുട്ടിയെ ഇടിച്ചിട്ടു, നിർത്താതെ പോയി. കുട്ടിക്ക് പരിക്കേറ്റിട്ടുണ്ട്.

പോലീസ്: ഇതാണോ, പരാതി?

അതെ, ഇതും പരാതിയാണ് സാർ. ഇത് അന്വേഷിക്കണം, താൻ പുറത്ത് നിൽക്കൂവെന്ന് പറഞ്ഞ്

ഒരു മണിക്കൂറിന്റെ പോലും ഇടവേളയില്ലാതെ പോലിസുകാർ ബസ്സ് സ്റ്റേഷനിലെത്തിക്കുകയും,

**ന്യൂനപക്ഷമെന്നും**
**ന്യൂനപക്ഷമാണ്.**
**അടിച്ചമർത്തപ്പെടുന്നവരാണ്.**
**വിവേകവും ധൈര്യവും**
**ഒന്നും തന്നെയുണ്ടായിട്ടു**
**കാര്യമില്ല.**
**കൈയ്യൂക്കുള്ളവർ**
**കമാന്നൊരക്ഷരം**
**ഉരിയാടാൻ**
**സമ്മതിക്കില്ല**

പരാതിയെടുക്കുകയും ചെയ്തു.

ഏറെ വൈകാതെ തന്നെ 'മുതലാളി' എന്ന ബസ്സിന്റെ ഉടമയായ 'മുതലാളി സാഹിബ്' എന്നയാൾ സ്റ്റേഷനിലെത്തുകയും, രണ്ടുമിനിറ്റിന്റെ സംസാരത്തിനുശേഷം തന്റെ ബസ്സിന്റെ കീയുമായി സ്റ്റേഷന് പുറത്ത് വരികയും ചെയ്തു. എന്നിട്ടയാൾ പുറത്തിരിക്കുന്ന നളിനിയെ നോക്കി ഒരു പരിഹാസ ചിരിചിരിച്ച് തന്റെ ബസ്സുമായി സ്റ്റേഷൻ പരിധി വിടുകയും ചെയ്തു.

നളിനി ദേഷ്യത്തോടെ സ്റ്റേഷനുള്ളിലേക്ക് കയറി.

സാർ, ഇവിടെ നിയമത്തിനും, ന്യായത്തിനും ഒരു വിലയുമില്ലേ?, ഇതിനാണോ നിങ്ങൾ ഈ കസേരയിൽ കയറിയിരിക്കുന്നത്?. പോലീസാണുപോലും, പോലീസ്. നളിനി പോലീസിനോട് കയർത്തു.

എടി. ഇനി നീ കമാന്നൊന്നൊരക്ഷരം മിണ്ടരുത്. ഇനി ശബ്ദിച്ചാൽ നിന്റെ നാവ് ഞാൻ...., ഞങ്ങൾക്ക് വേറെയും പണികളുണ്ട് ചെയ്യാൻ, അപ്പോഴാണ് നിന്റെ ഒരു ചീള് കേസ്.

എനിക്കറിയാം ന്യായം നടപ്പിലാക്കാൻ എന്നും പറഞ്ഞുകൊണ്ട് നളിനി സ്റ്റേഷനിൽ നിന്നുമിറങ്ങി.

താൻ ഏറ്റെടുത്ത കാര്യം നടത്താതെ പടിയിറങ്ങുന്ന നളിനിയെയാണ് അങ്ങാടിപ്പുറത്തെ നിവാസികൾ കണ്ടത്. ആദ്യമായിട്ടും, അവസാനമായിട്ടും.

രണ്ടു ദിവസത്തിനുശേഷം മനു ആശുപത്രിയിൽ നിന്നും തന്റെ വീട്ടിലെത്തി.

മനുവിന്റെ മുറി. അവൻ കട്ടിലിൽ ഇരിക്കുകയാണ്. കൈയിൽ ഫോണുമുണ്ട്, ഗെയിം കളിക്കുകയായിരുന്നു അവൻ. അപ്പോഴാണ് മനുവിന്റെ അച്ഛൻ മുറിയിലേക്ക് വന്നത്.

മനു: അച്ഛാ, എന്നെ ആശുപത്രിയിലെത്തിച്ച ആ സ്ത്രീയുടെ പേരെന്താണ്?

അച്ഛൻ: നളിനി, അല്ല, ഞങ്ങളുടെ നളിനിഭായി.

മനു: അവർ ഇപ്പോൾ എവിടെ?

അച്ഛൻ: മനു, അവർ അവർ രണ്ടുദിവസം മുമ്പ് മരണപ്പെട്ടു.

എന്ന് പറഞ്ഞ് നിറക്കണ്ണുകളോടെ മനുവിന്റെ അച്ഛൻ മുറിയുടെ പുറത്തേക്ക് പോയി.

അച്ഛൻ പറഞ്ഞതിനെ ഒന്നും കാര്യമായെടുക്കാതെ മനു ഫോണിൽ കളി തുടർന്നു. അപ്പോൾ ഒരു കാറ്റു വീശി.

'മനു... ന്യൂനപക്ഷമെന്നും ന്യൂനപക്ഷമാണ്, അടിച്ചമർത്തപ്പെടുന്നവരാണ്, വിവേകവും, ധൈര്യവും ഒന്നും തന്നെയുണ്ടായിട്ടുകാര്യമില്ല. കൈയ്യൂക്കുള്ളവർ കമാന്നൊരക്ഷരം ഉരിയാടാൻ സമ്മതിക്കില്ല...

'ഗെയിം ഓവർ' ഫോൺ ശബ്ദിച്ചു. മനുവിന്റെ കണ്ണുകൾ നിറയുകയും, അത് നിറഞ്ഞൊഴുകുകയും ചെയ്തു...

**Prasoon M**
Ist Year Bcom CA

# The Day

Don't know how it takes long,
Don't know how can I find the way,
And I don't know how it ends with,
But I know one day
I will reach there, the world of misery.
The world of meditate forlorns.
I don't know how to ask the way,
I don't know how to wait for that,
But I know will miss you once.
I will leave this profone world and-
My soul wills seven my body

The clock is running and-
I cleanch my belief,
I don't know which way I'll reach there
But I know, I can see that day,
That day my house will fill with there.
But, I know, I can see that day,
That day my house will fill with there.
That day I'll loose my friction there.
Yes, the day that I don't know will come
And I know
it will take me there.





# Dream

Shibila Fayiza P
Ist Year BA Economics

In visions of the dark night
I have dreamed of joy departed
But a waking dream of life and light
Bath left me broken-hearted
Ah what is not a dream by day
To him whose eyes are last
On things around him with a ray
Turned back upon the past?
That holy dream that holy dream,
While all the worlds were chiding,
Bath cheered me as lovely beam
A lonely spirit guiding
What though that light, through storm
And night
What could there be more partly bright
In truth's day star?

ഷംന
Ist Year, B.A Economics

# അരുത്

**അരുത്** സ്ത്രീ..... അരുത്.....
നീ ആടരുത് പാടരുത്
തുള്ളരുത് ചെയ്യരുത്
നീ കമ എന്നൊരക്ഷരം
മിണ്ടരുത്.



ജിജില സി
II Year, B.A Economics

# സ്ത്രീ




**കാലത്തിന്റെ** തീച്ചൂളയിൽ...
ഉരുകുമീ ജീവിതങ്ങൾ
എന്തിനോ ഏതിനോവേണ്ടി
ഒരു ജീവിതം...
നിശബ്ദ ശബ്ദങ്ങളായി നിൽക്കുമീ...
സ്ത്രീ... എന്നതൊരു ശിൽപമോ...
അതോ... ശിൽപിതൻ സ്വപ്നമോ...
കാലം... മാറ്റീ... മാറീ... ജീവിതം...
അടിത്തട്ടിൽ ഒതുങ്ങീ... സ്ത്രീ
ശബ്ദങ്ങൾ...
പിൻവലിയിൽ ഒതുങ്ങി...
ഒതുക്കി തീർത്തൂ... മാനവർ.

**ജിൻഷ പി**
II Year, B.A Economics

# പർദ്ദ

ആത്മവിശ്വാസത്തിൻ -
പടച്ചട്ടയാണിത്
വീടിന്റെ രാജ്ഞിതൻ -
പൊന്നാടയാണിത്.
ഹിജാബെൻ തലച്ചോറിൽ
ലോകസങ്കൽപ്പം..
ഇരുട്ടിനെ വെളുപ്പിക്കും
അമ്മതൻ പ്രകാശമാണത്
പർദ്ദതൻ കറുപ്പല്ല സോദരാ
ഇന്നിന്റെ ശാപം
മതഭ്രാന്തന്റെ ഉള്ളിലെ
കറുപ്പാണ് പ്രശ്നം.





# പറന്നുയരുന്ന
## സ്വപ്നങ്ങൾക്ക്
## കാവലാളായി
## നമ്മുടെ ക്യാംപസ്

മഹ്റൂഫ് അഹ്മദ്
IInd Year BCom Co-op.

# നഷ്ടധർമം

**എന്നും** രാവിലെ കാണാം ആ വൃദ്ധനെ ബസ്സ്റ്റോപ്പിൽ. പരിചയ മുഖങ്ങളായതുകൊണ്ട് അയാൾ എന്നും ഞങ്ങളെ നോക്കി പുഞ്ചിരിക്കും. ഞങ്ങളെ എന്നു പറഞ്ഞാൽ ഈ ബസ്സ്റ്റോപ്പിൽ സ്ഥിരമായി വരുന്നവർ. ചിലർ ഫോണിൽ തോണ്ടുന്നതിന്റെ തിരക്കിലായിരിക്കും. മറ്റുചിലർ ജോലിക്കുപോകുന്നവർ. ഇനി ചിലരോ വെറും വായ്നോട്ടത്തിനുവന്നവർ. എല്ലാവരെയും അയാൾക്കറിയാം. എന്നാൽ അയാളുടെ പേരോ ഊരോ ഞങ്ങൾക്കറിയില്ല. അല്ല, അറിയാൻ ഞങ്ങളാരും ശ്രമിച്ചിട്ടില്ല എന്നതാണ് സത്യം. ഞങ്ങൾ തിരക്കിലല്ലേ.

തിരിച്ചൊരു പുഞ്ചിരി അയാളൊരിക്കലും പ്രതീക്ഷിക്കാറില്ലായിരുന്നു. എങ്കിലും ചെയ്യും 'പുഞ്ചിരി നിനക്ക് ചെയ്യാൻ പറ്റിയ ഏറ്റവും വലിയ ധർമം' എന്നല്ലേ തിരുവചനം.

'ഇയാൾക്ക് വേറെ പണിയൊന്നുമില്ലേ?'

'ഇയാളെന്താ പൊട്ടനാണോ വെറുതെ നോക്കിച്ചിരിക്കാൻ?'

ഇങ്ങനെയുള്ള പിറുപിറുപ്പുകളും പരിഹാസവും ഒന്നു തിരിഞ്ഞു നിന്നാൽ അയാൾക്ക് കേൾക്കാം. പക്ഷേ പ്രതികരിക്കില്ല. തിരിച്ചൊന്നു ചുണ്ടുകൾ വിടരത്തിക്കാണിക്കാൻ മനസ്സില്ലാതിരുന്ന ഞങ്ങൾക്ക് പക്ഷേ ഫേസ് ബുക്കിലെ ട്രോളുകൾ കണ്ട് പൊട്ടിച്ചിരിക്കാൻ നേരമുണ്ടായിരുന്നു.

ഈയിടെയായിട്ട് അയാളെ കാണാനില്ല. മരിച്ചോ? അതോ നാടുവിട്ടുപോയോ? അറിയില്ല. എങ്കിലും എനിക്കൊരു നഷ്ടബോധം തോന്നുന്നു. ഒരുപാട് വെറുപ്പും പുച്ഛവും തോന്നിയിരുന്നെങ്കിലും മനസ്സിന്റ വല്ലായ്മയുടെ കൈയാമം പൊട്ടിക്കുമായിരുന്നു അയാളുടെ പുഞ്ചിരി. ഇന്നതില്ലാത്തപ്പോൾ ഒരസ്വസ്ഥത അനുഭവപ്പെടുന്നു. കണ്ണില്ലാത്തപ്പോഴല്ലേ അതിന്റ വിലയറിയൂ.

ധൃതിയുടെ മറവിൽ ലോകം ചിരിക്കാൻ മറക്കുന്നു.

ഷഹന ഷെറിൻ
Ist Year B.Com C.A

എത്രയെത്ര നിരപരാധികൾ കൊല്ലപ്പെടുന്നു
ആരും കമ എന്നു പോലും പറഞ്ഞില്ലാ...
പിഞ്ചു മക്കൾ വരെ പീഡനത്തിനിരയാകുന്നു.
ആരും കമ എന്നു പോലും പറഞ്ഞില്ല.
വിദ്യാഭ്യാസം ബിസിനസ് മേഖലയായി മാറി കഴിഞ്ഞിരിക്കുന്നു.
ആരും കമ എന്നു പോലും പറഞ്ഞില്ല.



വാഹനാപകടങ്ങൾ പലയിടങ്ങളിലായി സംഭവിക്കുന്നു
ആരും കമ എന്നു പോലും പറഞ്ഞില്ല.
പണത്തിന്റെ പേരും പറഞ്ഞ് എത്ര നിരപരാധികളായ
രോഗികളെയാണ് അവർ കൊന്നൊടുക്കിയത്
ആരും കമ എന്നു പോലും പറഞ്ഞില്ല.
എത്രയെത്ര കുറ്റവാളികളാണ് സുഖവസിക്കുന്നത്
ആരും കമ എന്നു പോലും പറഞ്ഞില്ല.
എത്ര നിരപരാധികൾക്കാണ് നീതി കിട്ടാതെ പോയത്
ആരും കമ എന്നു പോലും പറഞ്ഞില്ല.
എത്ര പെൺ ജീവനാണ് ക്രൂരമായി കൈകളിലേർപ്പെട്ട്.
ജീവിതം വെടിഞ്ഞത്...
ആരും കമ എന്നു പോലും പറഞ്ഞില്ല.

നിങ്ങൾ എന്നോട് ചോദിക്കും നീയെന്തെ കമ എന്നുപോലും
പറയാതിരുന്നത് എന്ന്?...എനിക്കു പറയാനു
ള്ളത് ഞാനൊരു സ്ത്രീയാണ്, പെണ്ണാണ്
കമ എന്നു പോലും നിഷേധിക്കപ്പെട്ടവളാണ്...
ഞങ്ങളിൽ കമ എന്നു പറയാനൊരുങ്ങിയവരെയൊക്കെ...
അവർ ക്രൂരമായി കൊലപ്പെടുത്തിയില്ലെ...

എന്നിട്ടും നിങ്ങൾ എന്തെ കമ എന്നു പോലും.
പറയാതെ നിശബ്ദമായി നിന്നത്...

# എന്തേ ആരും 'കമ' എന്നുപോലും പറയാത്തത്...

മാഗസിൻ എഡിറ്റോറിയൽ ബോർഡ്

# അച്ഛൻ

**അച്ഛൻ** തന്ന സ്നേഹത്തേക്കാളും കരുതലിനെക്കാളും വലുതായിരുന്നില്ല എന്റെ വാശിയും അഹങ്കാരവും എന്ന തിരിച്ചറിവ് എന്നിൽ എത്തുന്നതിന് ഇന്ന് ഞാൻ ജീവനൊഴിഞ്ഞ ഒരു മാംസകഷ്ണമാവേണ്ടി വന്നു. അന്ന് അച്ഛൻ വീട്ടിൽ നിന്ന് ഇറക്കി വിട്ടപ്പോൾ പിന്നീടങ്ങോട്ട് എന്നെ ജീവിക്കാൻ പ്രേരിപ്പിച്ചത് അച്ഛനോടുള്ള വാശി മാത്രമായിരുന്നു. അമ്മയില്ലാത്ത എന്നെ അതിന്റെ യാതൊരു കുറവുമില്ലാതെ ഇത്ര വലുതാക്കിയ അച്ഛൻ പൊന്നുമോനെ നന്നാക്കാൻ കഴിയാത്തതിൽ ഒത്തിരി മനം നൊന്ത് കരഞ്ഞിട്ടുണ്ടാകും.

അന്ന് അച്ഛനെക്കാൾ വലുതായിരുന്നു എനിക്കെന്റെ നശിച്ച കൂട്ടുകെട്ടുകൾ. ആ അച്ഛന്റെ സ്നേഹം എന്തെന്നറിയാനും, മനുഷ്യനെന്തെന്നറിയാനും ഇന്നീ പരലോകത്തെ നന്മ തിന്മകളുടെ ത്രാസിൽ മുൻപിൽ നിൽക്കേണ്ടി വന്നു. എന്റെ എല്ലാ നേട്ടങ്ങൾക്കു പിന്നിലും അച്ഛന്റെ വിയർപ്പും പ്രാർത്ഥനയുമായിരുന്നു. അച്ഛനെ കാണാതെ മോഷ്ടിച്ച പുരയിടത്തിന്റെ ആധാരം പണയപ്പെടുത്തി കിട്ടിയ പണം കൊണ്ട് തുടങ്ങിയ പുതിയ ബിസിനസ് വൻ വിജയമായപ്പോഴും അച്ഛന്റെ മുന്നിൽ അഹങ്കാരത്തോടെയും വാശിയോടെയും മാത്രമായിരുന്നു നിന്നിരുന്നത്. ഒടുവിൽ ബാങ്കിലെ നോട്ടീസുകളായിരുന്നു മകൻ ചെയ്ത തെറ്റ് അച്ഛനെ ബോധിപ്പിച്ചത്. ബാങ്കുകാർ വീട് ജപ്തി ചെയ്തപ്പോ ആ പാവം പൊട്ടിക്കരഞ്ഞത് ഞാൻ കൺമുമ്പിൽ കണ്ടിട്ടുണ്ട്. പക്ഷേ ഒന്നുറപ്പായിരുന്നു, അപ്പോഴും ആ ഉള്ള് മകന്റെ നന്മക്ക് വേണ്ടിയായിരുന്നു പ്രാർത്ഥിച്ചതെന്ന്. എന്നെ കൊണ്ട് സ്വയം വീട്ടാൻ പറ്റുന്ന കടമായിട്ടും സ്വന്തം അച്ഛൻ തെരുവിലേക്ക് ഒന്നുമില്ലാതെ ഇറങ്ങിയപ്പോൾ ലോകം കീഴടക്കിയ രാജാവിനേക്കാൾ ലാഘവത്തോടെ ആയിരുന്നു എന്റെ നിൽപ്പ്.

അച്ഛൻ തെരുവോരത്ത് കഷ്ടപ്പെടുന്നത് കാണുമ്പോൾ ചിരിക്കുക മാത്രമാണ് ചെയ്തത്. ഒടുവിൽ പണത്തിന്റെ തിളക്കത്തിൽ എനിക്കും കിട്ടി ആഗ്രഹിച്ച പോലത്തെ പെണ്ണ്. നാട്ടുകാരെയെല്ലാം ക്ഷണിച്ച് കേമമായി നടത്തിയ കല്യാണത്തിന് സ്വന്തം അച്ഛനെ മാത്രം വിളിച്ചില്ല. ആ പാവത്തിനോടുള്ള വാശി തീർക്കാൻ. എന്റച്ഛന്റെ മാഹാത്മ്യം എത്രത്തോളം ഉണ്ടായിരുന്നു എന്നറിയാൻ എനിക്കും ഒരച്ഛൻ ആകേണ്ടി വന്നു. മകന്റെ കൂട്ടുകെട്ടിനെതിരെ നിരന്തരം പ്രതിഷേധിച്ചപ്പോൾ ഒടുവിൽ അവൻ പറഞ്ഞു, സ്വന്തം അച്ഛനെ തെരുവിലേക്ക് വലിച്ചെറിഞ്ഞ നിങ്ങൾക്ക് എന്നെ നന്നാക്കാൻ എന്ത് അവകാശമാണ്?? ആ ചോദ്യത്തിന് മുമ്പിൽ നിസ്സഹായനായി നിൽക്കാൻ മാത്രമായിരുന്നു എന്റെ വിധി. ഭാര്യയും മക്കളും പലപ്പോഴും എന്നോട് അകലം പാലിച്ചു. പുച്ഛിച്ചു തള്ളി. അപ്പോഴാണ് ജന്മം തന്ന ആ മനുഷ്യന്റെ വിലയും സ്നേഹവും കരുതലും ഞാനറിഞ്ഞത്. ഒന്ന് കെട്ടിപ്പിടിച്ച് മാപ്പപേക്ഷിച്ചു കൂടെ കൂട്ടണം എന്ന ചിന്ത എന്നിൽ ഉയർന്നു വന്നിരുന്നെങ്കിലും അപ്പോഴേക്കും അച്ഛൻ ഈ ലോകത്തെ വിട്ട് പോയിട്ട് കുറേ നാളുകളായിരുന്നു. മരിക്കുമ്പോ ആ പാവം ഒന്ന് മാത്രമേ ആവശ്യപ്പെട്ടുള്ളൂ ചിതക്ക് ഞാൻ തീ കൊളുത്തണമെന്ന്. അടങ്ങാത്ത വാശിയും അഹങ്കാരവും എന്നെ അതിനനുവദിച്ചില്ല.

അച്ഛന്റെ മരണം ഞാൻ ബാറിൽ കൂട്ടുകാരോടൊപ്പം ആഘോഷിക്കുകയായിരുന്നു. ഒടുവിൽ ഇന്ന് മകൻ നുകർന്നു തന്ന വിഷം കഴിച്ച് മരണത്തിന് കീഴ്പ്പെട്ടപ്പോഴായിരുന്നു ഞാൻ രണ്ട് അച്ഛന്മാരെ കണ്ടത്. ഒന്ന് മകന്റെ കയ്യാൽ ചിതക്ക് തീ വെക്കണം എന്ന് ആഗ്രഹിച്ച എന്റച്ഛൻ. മറ്റേത് സ്വന്തം മകനാൽ കൊല ചെയ്യപ്പെട്ട ഈ ഞാൻ. ഇന്നീ ലോകത്ത് നന്മകളെയും തിന്മകളെയും ത്രാസിലിട്ട് തൂക്കുവാണ് ദൈവം. കാലം എനിക്ക് എല്ലാം തന്നു. പണം, പ്രശസ്തി, പേര്, പെരുമ, അന്തസ്സ് അങ്ങനെ എല്ലാം. അവയിൽ പലതും വെറുപ്പിച്ചും കുതന്ത്രങ്ങളിലൂടെ നേടിയെടുത്തവയും. പക്ഷെ ഞാൻ ഒന്ന് മറന്നു, മനുഷ്യനാകാൻ. കാലം എന്നെ അത് പഠിപ്പിച്ചില്ല. അതുകൊണ്ട് തന്നെ തിന്മയുടെ തൂക്കുപാത്രം അങ്ങു വളരെ ഉയരത്തിൽ നിൽക്കാണ് ഈ മഹാപാപിയെ ശിക്ഷിക്കാൻ. നരകത്തേക്കാൾ വലിയ ശിക്ഷയുണ്ടെങ്കിൽ അതിനു അർഹതപ്പെട്ടവനാണ് ഈ പാപി. പക്ഷേ അതിനു മുമ്പ് അച്ഛന്റെ ആത്മാവിന്റടുക്കൽ ചെന്ന് നെഞ്ചു പൊട്ടി ക്ഷമ ചോദിക്കണം...

**സംഗീത്**
IIIrd Year Bsc Computer Science

# #JusticeFor

**പറഞ്ഞില്ല...**
അറിഞ്ഞില്ല...
കേട്ടില്ല...
നോക്കിയില്ല...
എഴുതിയില്ല...
പറയാൻ പാടില്ല...
അറിയാൻ ശ്രമിച്ചില്ല...
കേൾക്കാൻ ആഗ്രഹിച്ചില്ല...
നോക്കാൻ ഭാവിച്ചില്ല...
എഴുതാൻ സമ്മതിച്ചില്ല...
അവസാനം ഒരു ആംഗ്യം കാണിച്ചു. ശ്‌ശ്ശൂ...
പിന്നെ 'കമാന്നൊരക്ഷരം' മിണ്ടിയില്ല.

ശബ്ദം നഷ്ടപ്പെട്ട കാലമാണ് ഇപ്പോൾ. എന്ത് ചെയ്താലും 'ഇമോജി' ഇട്ട് കോപ്രായം കാണിക്കുന്ന മനുഷ്യർ.

നിവർന്ന് നിന്ന് പേരു പറയേണ്ട സ്ഥലത്ത് കുനിഞ്ഞ് പേര് ടൈപ്പ് ചെയ്യുന്ന ലോകം അക്ഷരങ്ങളെ ഇമോജികളാക്കി മാറ്റി, വാക്കുകളെ ചുരുക്കി. മനുഷ്യരുടെ സംസാരത്തെ

ഇമോജികൾ കയ്യടക്കി.

പൊതുസ്ഥലത്ത് സംസാരിക്കാൻ ഒരുപക്ഷേ അവന് കഴിഞ്ഞില്ലെന്ന് വരും. പക്ഷേ, ട്വീറ്റ് ചെയ്യാനും പോസ്റ്റ് ഇടാനും അവന് കഴിയും. ഇന്ന് എഴുതാനും ശബ്ദമുയർത്താനും ചിരിക്കാനും പേടിയാണ്. കാരണം, ഞാനൊരു താഴ്ന്ന ജാതിക്കാരനാണ്. തെറ്റിനെതിരെ ശബ്ദമുയർത്തുന്ന വരെയെല്ലാം അടിച്ചമർത്തുന്ന കാലമാണല്ലോ ഇപ്പോൾ. രോഹിത് വെമുല മുതൽ മധു വരെ ഇതിനുദാഹരണമാണ്.

ഒരുപക്ഷേ ഞാനും നാളെയൊരു #ടാഗിൽ ഒതുങ്ങുന്നവനായി മാറിയേക്കാം. കാരണം, നിങ്ങൾ അക്ഷരങ്ങളെ ഭയക്കുന്നു.



**മുബശ്ശിർ പി.കെ**
Ist Year BBA



**ആടിയും** പാടിയും ക്യാമ്പസിന്റെ -
തിരുവരാന്തകളിലൂടെ ഓടി നടന്നവർ....
അക്ഷരച്ചെപ്പുകൾ തുറന്ന ക്യാമ്പസിന്റെ -
വീഥികളുടെ മനോഹാരിതയിൽ....
പലരും മറന്നുപോയ ഒന്നായിരുന്നു പ്രസന്റ്....
ക്ലാസിൽ വൈകിയെത്തിയും....കയറാതെയും....
അവസാന നിമിഷങ്ങളിൽ എല്ലാവരും....
അധ്യാപകരുടെ പിറകിൽ....
സർ.... പ്രസന്റ് സർ പ്ലീസ് സർ....
ഞാനന്നേ പറഞ്ഞതല്ലേ.... എന്ന-
അധ്യാപകരുടെ വാക്ക് മാത്രമായിരുന്നു
അന്ന് ബാക്കിയായത്.....
പ്രസന്റ്....
അത് ഒരു അസറ്റാണെന്ന്....
നമ്മുടെ സത്വകൾ മനസ്സിലാക്കുന്നത്
ആസമയത്താണ്.

# സർ പ്രസന്റ്



മുഹ്സിന
IIIrd Year BA West Asian Studies

# പുതു പ്രളയം

**വിശപ്പെനിക്ക്** സഹിച്ചില്ലാ
ഞാൻ മോഷ്ടിച്ചു
ഒരുവന്റെ സഹായമനസ്കത കണ്ടു
അവനെ വെട്ടിക്കൊന്നു.
എന്റെ പ്രതിഷേധം വാക്കിനാൽ
അറിയിച്ചു,
വെടിയുണ്ടകൾ ചീറിപ്പാഞ്ഞു.
സമരം, പ്രതിഷേധം, നിരാഹാരം
എങ്ങും മഴവിൽ നിറത്തിനാൽ
കൊടികൾ പാറിപ്പറന്നു.
ഇതെല്ലാം കണ്ട്, ഇനിയെന്ത്
എന്ന പ്രതീക്ഷയിൽ ഭൂമിയും
ആകാശവും നിശ്ചലമാവാനിരിക്കുന്നു.
കാരണം,
രക്തത്തിന്റെ ചുവപ്പ് ചിന്താൻ
ഭൂമിയ്ക്കും, ആകാശത്തിനും ശേഷിയില്ല.
പച്ച പുതയ്ക്കാനോ?
മഴത്തുള്ളി വീഴ്ത്താനോ?
അതിനും ശേഷി ഇല്ലാതായിരിക്കുന്നു.
ഇനിയൊരു പ്രളയമാവാം.
ഒരു പുൽത്തരി പോലും ശേഷി-
ക്കാത്ത ഒരു പ്രളയം...!



മുഹമ്മദ് സഫ്‌വാൻ. എ.പി
IInd Year Bcom CA

**ലോകത്തിന്റെ** നാനാതലങ്ങളിൽ നിന്നും ആപ്ത വാക്യത്തിന്റെ രമ്യഹർമിതിയിൽ അനേകായിരം ശബ്ദ കിരണങ്ങൾ ഉയർന്നു കൊണ്ടിരിക്കുകയാണ്. സമൂഹ മനസ്സാക്ഷിക്ക് അനുകൂലവും പ്രതികൂലവും ആയി ത്തീരുന്ന ഒട്ടനവധി ശബ്ദങ്ങൾ കർണ പടങ്ങളിൽ ദിനം പ്രതി അലയടിക്കുകയാണ്.

ഇന്നും ലോകത്തിന്റെ വിവിധ മേഖലകളിലും രാജ്യത്തിന്റെ വിവിധങ്ങളായ മുക്കിലും മൂലകളിലും അടിമത്വത്തിന്റെയും അടിച്ചമർത്തലിന്റെയും ശബ്ദങ്ങൾ നാം കേൾക്കുന്നുണ്ട്. എന്നാൽ ഇവർക്കുവേണ്ടി ശബ്ദിക്കാൻ ഇവിടെ ഒരു ഭരണാധികാരികളും തയ്യാറാകുന്നില്ല. സ്വന്തം അവകാശങ്ങളും ജീവിത പ്രാരാബ്ധങ്ങളും ലോകത്തിന്റെ മുമ്പിൽ ഉറക്കെ വിളിച്ചു പറയാൻ പോലും കഴിയാതെ എത്രയോ ജനങ്ങൾ ആണ് ദിനം പ്രതി അസ്തമിച്ചുകൊണ്ടിരിക്കുന്നത്. ഇന്ത്യ എന്ന മഹാ രാജ്യത്ത് ജീവിച്ചിരിക്കുന്ന ബഹു ഭൂരിപക്ഷം ആളുകളും അവരുടെ നിസ്സഹായാവസ്ഥ ജന മധ്യത്തിൽ തുറന്നുകാട്ടാൻ കഴിയാതെ വിതുമ്പുകയാണ്. തന്റെ നാവുകൊണ്ട് സ്വന്തം അവകാശം ഒന്നുറക്കെ വിളിച്ചു പറഞ്ഞാൽ, തന്റെ കൈകൊണ്ട് തൂലികയിലൂടെ ഒന്ന് ശബ്ദിക്കാൻ ശ്രമിച്ചാൽ വേരോടെ പിഴുതെറിയുന്ന പ്രവണതയാണ് ഈ രാജ്യത്ത് നിലനിൽക്കുന്നത്.

ഫാസിസ്റ്റ് ശക്തികളുടെ പ്രധാന അജണ്ടയാണ് ശബ്ദിക്കുന്നവരെ അറുത്തുമാറ്റി നിശ്ശബ്ദമാക്കുന്ന കാടത്തപരമായ നടപടി. തൂലികയിലൂടെ ഈ രാജ്യത്തെ ശബ്ദമില്ലാത്തവരുടെ ശബ്ദമായി മാറിക്കൊണ്ടിരുന്ന ഗൗരി ലങ്കേഷ്, ഗോവിന്ദ് ബൻസാരെ ഒക്കെ ഇന്ന് ആറടി മണ്ണിൽ വിശ്രമിക്കുകയാണ് എന്ന സത്യം തിരിച്ചറിയുമ്പോൾ നമ്മുടെ രാജ്യം എത്ര വികൃതമായി എന്ന് നാം ചിന്തിക്കണം.

സ്വന്തം ശരീരത്തിൽ നിങ്ങൾക്ക് അഭിമാന ബോധമുണ്ടെങ്കിൽ ആത്മവിശ്വാസ നിർവൃതിയിലാണെങ്കിൽ നിങ്ങൾ മൗനം വെടിഞ്ഞു ശബ്ദമില്ലാത്തവരുടെ ശബ്ദമായി മാറണം.

നിങ്ങളുടെ ജീവിതത്തിലെ നിതാന്തമായ ഒരു ലക്ഷ്യമായി നിങ്ങൾ മനസ്സിലുറപ്പിക്കണം നാളെയുടെ 'ശബ്ദമില്ലാത്തവരുടെ ശബ്ദം' അത് എന്റേതാണെന്ന്.നമ്മുടെ ശബ്ദങ്ങളെ കണ്ടെത്തുകയും അത് മറ്റുള്ളവരുടെ ശബ്ദമാക്കി മാറ്റുവാനും നാം ശ്രമിക്കണം. മൗനം മടിയാണ്, ഭയമാണ്, അനീതിയുടെ വളമാണ്. ശബ്ദം അത് ശക്തമായ നിലപാടാണ്.

നമ്മുടെ ഓരോരുത്തരുടെയും ശബ്ദം ശബ്ദമില്ലാത്തവരുടെ ശബ്ദം ആയി മാറട്ടെ എന്ന് പ്രത്യാശിക്കുന്നു.

# ശബ്ദമില്ലാത്തവരുടെ ശബ്ദം





**ദാവൂദുൽ ഹക്കീം**
IInd Year Bcom CA

# വെളിച്ചത്തിന്റെ ആത്മാവ്

**രാവിലെ,**
നീറുന്ന വിറകിന്റെ പുകയെ
കുഴലെടുത്തപ്പോൾ, പുക ചെന്നുതട്ടി
സൂര്യൻ വെളിച്ചം തന്നു
**ഉച്ചയ്ക്ക്,**
സ്വയം ജ്വലിച്ച് സ്വന്തം ആത്മാവിനെ
ഒഴുക്കിക്കളഞ്ഞു ആ പ്രകാശം
എവിടെ പോയി..
**സന്ധ്യക്ക്,**
കത്തിച്ച വിളക്കിന്റെ നൂലാകൃതിയിൽ
ഒരിശ്വാസം മഞ്ഞയായ് ആളിയപ്പോൾ
**രാത്രി,**
കാഴ്ചക്കിടം കൊടുക്കാതെ
കട്ടപിടിച്ച കറുപ്പിൽ മഞ്ഞ കെട്ടു,
തുള്ളി നന്നും, പുക മാത്രം പറന്നു....
അരിയും, ചന്ദനത്തിരിയും,
വാഴയിലയും അതിന്
കാവലായി....



# ഇനിയുമെത്ര നാൾ

നജീസ എം
IInd Year BA English

**ഒറ്റമുണ്ടുടുത്ത** മെലിഞ്ഞുണങ്ങിയ
ഒരു ശുദ്ധനായ മനുഷ്യന്റെ
വായയിൽ പരിശോധന നടക്കുന്നു
എന്റെ ഫ്രിഡ്ജിൽ കയറി ഇറങ്ങി
എല്ലാം വലിച്ചു നോക്കുന്നു.
എന്റെ താടി, മുടി,
എല്ലാം എനിക്ക് നഷ്ടമായിരിക്കുന്നു.
നീ ഞങ്ങൾക്കേൽപ്പിച്ച മണ്ണിൽ
ഞങ്ങൾ അന്യരാണെന്ന്
പരാതി കേൾക്കാനെങ്കിലും നിനക്കാകുമോ?
കേൾക്കാൻ കാതുമതി
ചെയ്യാൻ അതുപോരല്ലോ...

ഷഹ്ന കെ
Ist Year BA English

# വാക്കുകൾ

അന്നെന്റെ ബുദ്ധിക്ക്
ക്ഷതമേറ്റു
മായാതെനിന്നു എന്നുള്ളിൽ
കുത്തിനോവിച്ച
കൈവിരലിന്റെ പാടുകൾ
ദീർഘിപ്പിക്കാൻ മടിച്ചില്ലവർ
വെട്ടിനുറുക്കിയെൻ പ്രതീക്ഷകളെ
മണ്ണിട്ടുമൂടിയെൻ ആഗ്രഹങ്ങളെ
എന്തെന്ന് അറിയാതെ മിഴികൾ,
വള്ളത്തിൽ തുഴഞ്ഞിട്ടു.
അക്ഷരങ്ങൾ മങ്ങിപ്പോയ നിമിഷം
ഇന്നു ഞാൻ പ്രതീക്ഷയുടെ
പിന്നാലെ...,
ഇരുട്ടിന്റെ ലോകത്തിലേക്കെന്നെ
താഴ്ത്തിയവരെ
ഓർത്തുകൊള്ളുക 'അന്ത്യം'
ഈ ലോകത്തിന്റെ
മുന്നിലായിരിക്കും
ഇന്നത്തെ മണ്ണിട്ടുമൂടിയവർക്ക്
ശക്തിയേറിയ വാക്കുകൾ
തൂക്കിലേറ്റും...!!




# ഇതാണ്
# മ്മള് പറഞ്ഞ
# മൽപ്പൊറം

# മിണ്ടരുത്

രമീഷ കെ.സി
IIIrd Year BA Economics



നാവിലന്നക്ഷര മാവിടും കാലത്ത്
കേട്ടൊരാജ്ഞ
കമാന്നു മിണ്ടരുത്
തൊള്ള കീറിത്തളർന്നെന്നുടെ
നാവിനെ
തെല്ലൊന്നമർത്തുവാനാകുമമ്മ
കണ്ണു കനപ്പിച്ച്
ചുണ്ട് കൂർപ്പിച്ച്
കമാന്നു മിണ്ടരുത്
സാരം കമയുടെ താരാഞ്ഞതേ
കിഴുക്കാണുത്തരം
ഞാനോർക്കുന്നു ഹോ
ചൂരലും ചോക്കും കഥ പറഞ്ഞിപ്പുറം
കാലമാം കാടിൻ നടുക്ക് നിൽക്കെ

തേടുന്നു ഞാനിന്നും ഭൂതകാലത്തിന്റെ
കമയിൽ ഉറങ്ങുന്നൊരർത്ഥ തലം
കാലമങ്ങോടവേ...
അനീതി അതിക്രമം അരാചകത്വം
അവനവനിസം തന്നൊരധഃപതനം
അരുതെന്ന് പറയാനറിയാത്ത-
നല്ലെന്നിലാരോ...
പറയുന്നതിഘോരഘോരം
കമാന്നു മിണ്ടരുത്.

**മാഗസിൻ എഡിറ്റോറിയൽ ബോർഡ്**

# ബന്ധനം



**'ഈ** ഹസ്സൻ ഹാജിയുടെ തറവാട്ടു പാരമ്പര്യത്തിൽ പെൺകുട്ട്യോൾ അടക്കത്തോടേം ഒതുക്കത്തോടേം വളർന്നതാ.അത് ഇനിയും അങ്ങനെ തന്നെ. അത് മക്കളായാലും പേരക്കുട്ട്യാളായാലും തറവാട്ടു മഹിമക്ക് കോട്ടം വരുത്തുന്ന ആരെയും ഈ ഹാജി വച്ച് പൊറുപ്പിക്കില്ല.' എന്ന ബാപ്പാന്റെ ഉച്ചത്തിലുള്ള സംസാരവും ദേഷ്യവും കണ്ടാണ് ഞാൻ ഉമ്മറത്തേക്ക് കേറി ചെന്നത്. കോലായിൽ ഇക്കയും ഇത്തയും ഉമ്മയും ഒന്നും മിണ്ടാതെ തല താഴ്ത്തി നിൽക്കുന്നു.

തൊട്ടപ്പുറത്ത് ഇക്കാന്റെ മോൾ പാത്തു തല താഴ്ത്തി കരയായിരുന്നു. ഞാൻ നോക്കിയപ്പോ ഓൾ മുഖം വീർപ്പിച്ച് കലങ്ങിയ കണ്ണുമായി റൂമിലേക്ക് പോയി. കാര്യം തിരക്കിയപ്പോ ഇക്ക പറഞ്ഞു: പാത്തൂന്റെ സ്കൂളിൽ നാളെ സ്പോർട്സ് ആണ്. ഓൾക്ക് ഓട്ടത്തിനും ചാട്ടത്തിനും ഒക്കെ കൂടണന്നാ ഓൾ പറീണത്. പക്ഷെ ബാപ്പ സമ്മയിക്കണില്ല. ഞങ്ങൾക്ക് എതിർപ്പൊന്നൂല്യ. തറവാട് മഹിമയും അന്തസ്സും പറഞ്ഞു നടക്കാണ് ബാപ്പ. എന്നും പറഞ്ഞ് ദുഃഖവും പുച്ഛവും നിഴലിച്ച മുഖവുമായി ഇക്ക റൂമിലേക്ക് പോയി. പിന്നാലെ ഉമ്മയും ഇത്തയും അടുക്കളയിലേക്കും. വീട്ടിലെ ആദ്യത്തെ പെൺകുട്ടിയും പേരക്കുട്ടിയും ഒക്കെ പാത്തു ആണ്. എന്നും ഓളെ വാശികൾക്കെല്ലാം കൂട്ട് നിൽക്കലും ഞാനാണ്. ഇന്ന് ഓളെ കരഞ്ഞ മുഖം കണ്ടിട്ട് സഹിക്കാൻ കഴിഞ്ഞില്ല. അതുകൊണ്ട് ഓൾക്ക് ശുപാർശ ചെയ്യാൻ വേണ്ടി ഞാൻ ബാപ്പാന്റെ അടുത്തേക്ക് പോയി. ഞാൻ കാര്യം പറഞ്ഞതും ബാപ്പ എന്നെ ഒന്ന് നോക്കി. കുറേ ദേഷ്യപ്പെടുകയും ചെയ്തു. ഒന്നും മിണ്ടാതെ മുഖം താഴ്ത്തി റൂമീന്ന് ഇറങ്ങി. അല്ലേലും ബാപ്പാനോട് എതിർത്തു സംസാരിക്കാൻ ഞങ്ങൾ മക്കൾക്കും ഉമ്മക്കും ധൈര്യല്ല. റൂമിൽ ചെന്നിരുന്നപ്പോഴാണ് മുറിയിലെ അലമാരക്കകത്തെ ട്രോഫികളിൽ കണ്ണ് പതിഞ്ഞത്. പഠിക്കണ കാലത്ത് പാട്ടിനോട് വലിയ ഇഷ്ടായിരുന്നു. ഒത്തിരി സമ്മാനങ്ങളും നേടിയിട്ടുണ്ടായിരുന്നു. വല്ല്യോരു പാട്ട് കാരനാവാനായിരുന്നു ആഗ്രഹം. തറവാട്ടിൽ പിറന്നവർക്ക് ചേർന്നതല്ല പാട്ട്. അങ്ങനത്തെ ആഗ്രഹം വല്ലതും കിനാവ് കണ്ടിട്ടുണ്ടേൽ അതങ്ങ് മുളയിലേ നുള്ളിയാള എന്നായിരുന്നു ബാപ്പാന്റെ തീരുമാനം. ഇക്കാന്റെ കാര്യവും ഇങ്ങനെ തന്നെ ആയിരുന്നു. ഇക്കാക്ക് അഭിനയത്തോടായിരുന്നു ഇഷ്ടം. സിനിമാ ജീവിതം മോഹിച്ച ആളായിരുന്നു ഇക്ക. അന്നും ബാപ്പാന്റെ തീരുമാനം മുളയിലേ നുള്ളാനായിരുന്നു. അങ്ങനെ ബാപ്പാന്റെ ആഗ്രഹം പോലെതന്നെ ഞങ്ങൾ രണ്ടാളും സർക്കാർ ജോലി വാങ്ങി. ചിന്തകൾക്കിടയിൽ എപ്പഴോ ഉറങ്ങി പോയിരുന്നു.

പിറ്റേന്ന് പാത്തൂന്റെ ഉച്ചത്തിലുള്ള കരച്ചിലും ബാപ്പാന്റെ ചൂടാവണ ശബ്ദവും കേട്ടാണ് ഞാനുണർന്നത്. സ്പോർട്സിൽ പങ്കെടുക്കാൻ സമ്മതിക്കാത്തതോണ്ട് ഓൾ ഇന്ന് സ്കൂളിൽ പോണില്ല എന്നും പറഞ്ഞ് കരയാണ്. അടുത്ത് ബാപ്പ വടിയുമായി നിൽക്കുന്നു. ഒന്നും ചെയ്യാൻ കയ്യാതെ നിസ്സഹായനായി നിക്കാണ് ഇക്ക. കുടുംബത്തിന്റെ പാരമ്പര്യത്തിനും അന്തസ്സിനും ഇന്നേ വരെ ആരും കോട്ടം തട്ടിച്ചിട്ടില്ല. അത് ഇനി നീ ആയിട്ടും കളയരുത് എന്നും പറഞ്ഞ് ഞാൻ ഓളെ കയ്യും പിടിച്ച് ബൈക്കിന്റെ പുറകിൽ ഇരുത്തി സ്കൂളിലേക്ക് പോയി. തിരിച്ച് വീട്ടിൽ ചെന്നപ്പോൾ ഇത്ത പറഞ്ഞു. നീ എങ്കിലും ഓളെ കൂടെ നിക്കൂന്നു കരുതി. എന്നും പറഞ്ഞു സങ്കടപ്പെട്ടു ഇത്ത. അന്ന് മുഴുവൻ ഉമ്മറത്തെ തിണ്ണയിലായിരുന്നു ഞാൻ. വൈകീട്ട് പാത്തു ബസ്സ് ഇറങ്ങി വരുന്നത് കണ്ടു കണ്ടു. അടുത്ത് എത്തിയപ്പോ ഞാൻ ചോദിച്ചു. എന്തായി? ഒരു കള്ളചിരിയും പാസാക്കി ഓൾ ബാഗ്ന്ന് ഒരു കുഞ്ഞു ട്രോഫി പൊക്കി പറഞ്ഞു. ഫസ്റ്റ് അടിച്ചൂന്ന്. സന്തോഷം കൊണ്ട് ഓൾക്ക് ഉമ്മയും കൊടുത്ത് എടുത്ത് പൊക്കിയപ്പോഴാണ് കോലായിൽ അന്തം വിട്ടു നിക്കണ ബാപ്പാനേം മറ്റുള്ളോരേം കണ്ടത്.

**വീട്ടിലെ ആദ്യത്തെ പെൺകുട്ടിയും പേരക്കുട്ടിയും ഒക്കെ പാത്തു ആണ്. എന്നും ഓളെ വാശികൾക്കെല്ലാം കൂട്ട് നിൽക്കലും ഞാനാണ്. ഇന്ന് ഓളെ കരഞ്ഞ മുഖം കണ്ടിട്ട് സഹിക്കാൻ കഴിഞ്ഞില്ല. അതുകൊണ്ട് ഓൾക്ക് ശുപാർശ ചെയ്യാൻ വേണ്ടി ഞാൻ ബാപ്പാന്റെ അടുത്തേക്ക് പോയി.**

ബാപ്പാന്റെ ദേഷ്യം കണ്ടപ്പോ കാര്യങ്ങൾ എല്ലാം ഞാൻ പറഞ്ഞു. രാവിലെ പാത്തൂനേം കൂട്ടി ഓൾടെ ടീച്ചറിന്റെ അടുത്ത് ചെന്ന് പറഞ്ഞു. ഓളും ഉണ്ട് സ്പോർട്സിനുന്ന്. സമ്മാനവും വാങ്ങീട്ടെ വീട്ടിൽ വരാവൂ എന്ന് പറഞ്ഞ് പോന്നു. ദേഷ്യം സഹിക്കാനാവാതെ ബാപ്പ എന്റെ അടുത്ത്ക്ക് കുതിച്ച് വന്നു. പാത്തൂന്റെ കൂടെ തലയും താഴ്ത്തി ഞാൻ പറഞ്ഞു. 'വെറുമൊരു അഞ്ചാം ക്ലാസ്സുകാരി ഓടിയാൽ തറവാടിന്റെ മഹിമയും, പാരമ്പര്യവും എങ്ങനെയാ ബാപ്പ പോവാ? അല്ലേലും എട്ടും പൊട്ടും തിരിയാത്ത ഓൾക്ക് ആഗ്രഹത്തെക്കാൾ വലുതാണോ ബാപ്പ അന്തസ്സ്? അന്തസ്സും മഹിമയും ഒക്കെ നോക്കി നിന്നിനെൽ നമുക്ക് സ്വന്തം എന്ന് പറയാൻ പി.ടി ഉഷയും, പി.വി സിന്ധുവുമൊക്കെ ഉണ്ടാവേന്യോ ബാപ്പ?'. ഇത്രയും പറഞ്ഞ് ഞാൻ നിർത്തി. ബാപ്പാന്റേന്ന് കിട്ടുമെന്ന് പ്രതീക്ഷിച്ച എന്നെ ബാപ്പ ഒന്ന് മുറുകെ പിടിച്ച്. അത് കണ്ട് ഇക്കയും വന്ന് അടുത്തേക്ക്. ഞങ്ങളെ രണ്ടാളേം ചേർത്ത് പിടിച്ച് ബാപ്പ പറഞ്ഞു. ബാപ്പാക്ക് വിവരല്ല മക്കളെ. കാര്യം മനസ്സിലാക്കാനും കഴിവില്ല. സ്വപ്നങ്ങൾ നേടിക്കൊടുക്കുമ്പോഴാണ് തറവാടിന് അന്തസ്സ് കൂടാന്ന് ബാപ്പക്ക് അറീലേനു മക്കളെ. പലപ്പോഴും ബാപ്പമാരുടെ കണ്ണ് തുറപ്പിക്ക ഇങ്ങളെ പോലുള്ള സ്വാലിഹീങ്ങളായ മക്കളാണ്. ഈ ബാപ്പ എത്ര ഭാഗ്യവാനാണ് എന്നും പറഞ്ഞ് ഒന്നൂടെ ചേർത്ത് പിടിച്ചു. ആ ചേർത്ത് പിടിക്കലിൽ രണ്ടു പേരോടുമുള്ള മാപ്പ് പറച്ചിലും ഉണ്ടായിരുന്നു. പാത്തൂന് ഒരു ഉമ്മയും കൊടുത്ത് ഓളെ അഭിനന്ദിച്ച് ബാപ്പ റൂമിലേക്ക് നിറകണ്ണുകളോടെ പോയി. ഇതെല്ലാം കണ്ട് നിറകണ്ണുമായി ചിരിക്കായിരുന്നു ഉമ്മയും പിന്നെ ഇത്തയും.

വിഷ്ണു
IIIrd Year BA West Asian Studies



# വിളിക്കാതെ വന്ന അതിഥി

**പകൽവെളിച്ചം** പരക്കുന്നതേയുള്ളൂ. കടൽ ശാന്തം. പെട്ടെന്നായിരുന്നു കാലാവസ്ഥയെ മാറ്റിമറിച്ചുകൊണ്ട് ബംഗാൾ ഉൾക്കടലിൽ ന്യൂനമർദം രൂപപ്പെട്ടത്. അത് നേരെ എത്തിയത് കേരളത്തിലേക്കും തമിഴ്നാട്ടിലേക്കും. മത്സ്യബന്ധന തൊഴിലാളികൾ ഇതൊന്നും അറിഞ്ഞിട്ടില്ല. സാധാരണപോലെ അവരും പോയി കടലിലേക്ക് ദിവസങ്ങളോളം, ആഴ്ചകളോളം നീണ്ടു നിൽക്കുന്ന മത്സ്യബന്ധനത്തിന്. കാറ്റ് വരുന്നതും പോകുന്നതും തിരമാലകൾ ഉയരുന്നതും തീരദേശവാസികൾക്ക് ഒരു പുത്തൻ അനുഭവമായിരുന്നില്ല. എന്നാലും അവർ പറയുന്നു ഇത്രത്തോളം ഒരു കാറ്റും

## ഉൾക്കടൽ ശാന്തമായിരുന്നെങ്കിലും കരഭാഗം പ്രക്ഷുബ്ധമായിരുന്നു. തിരമാലകളിൽപെട്ട് ആളുകൾ ആഴങ്ങളിലേക്ക് മറയുമ്പോൾ ഉറ്റവർ പ്രതീക്ഷയോടെ കാത്തിരുന്നു.

ഞങ്ങളെ വിഴുങ്ങിയിട്ടില്ലെന്ന്. ഒരു നിമിഷത്തിനുള്ളിൽ അവർക്കുള്ളതെല്ലാം നഷ്ടമായി. ഒരായുസ്സുകാലം കൊണ്ടത്രയും അവർ ഉണ്ടാക്കിയതെല്ലാം... ഇതിനിടയിൽ ജീവന് വേണ്ടി ഓടുമ്പോഴും അവർ തിരയുന്നത് തന്റെ കുടുംബത്തെയാണ്. ചിലർ അവിടെ തന്നെ നിന്നു. തന്റെ മക്കളെയും കാത്ത് നേരം ഉച്ചയായി. അപ്പോഴാണ് സർക്കാർ അധികൃതർ പോലും കാര്യം അറിയുന്നത്. ജനങ്ങൾക്ക് ആശ്വാസമേകി ലോകത്തിന്റെ പലകോണിൽ നിന്നും സഹായം എത്തിയെങ്കിലും അവരുടെ നെഞ്ചിടിപ്പിന് ഒരു സമാധാനവും ഉണ്ടായില്ല. ഉടനടി ക്യാമ്പുകൾ തുറന്നു. തീരദേശ ജനങ്ങളുടെ സുരക്ഷ ഉറപ്പിക്കാൻ സർക്കാരും മറ്റ് പ്രവർത്തകരും ശ്രമം തുടങ്ങി.

പക്ഷേ, ജനരോഷത്തിന് ഒരു അവസാനവും ഉണ്ടായില്ല. ഉൾക്കടൽ ശാന്തമായിരുന്നെങ്കിലും കരഭാഗം പ്രക്ഷുബ്ധമായിരുന്നു. തിരമാലകളിൽപെട്ട് ആളുകൾ ആഴങ്ങളിലേക്ക് മറയുമ്പോൾ ഉറ്റവർ പ്രതീക്ഷയോടെ കാത്തിരുന്നു. അവരിൽ ചിലർമാത്രം തിരിച്ചെത്തി പാതി ജീവനോടെ. ലക്ഷങ്ങൾ കൂട്ടി അവർ വാങ്ങിയ ബോട്ടുകളും സാമഗ്രികളും കടലാഴങ്ങളിലേക്ക് ആണ്ടുപോയി. ചിലർ ദിശമാറി മറ്റുനഗരങ്ങളിലെത്തി. ഇതിനിടെയാണ് ആശങ്കാജനകമായ മറ്റൊരു കാഴ്ച; ചില തീരങ്ങളിൽ കടൽ ഉൾവലിഞ്ഞിരുന്നു കാണാൻ കൗതുകമുള്ള കാഴ്ചയാണെങ്കിലും അതിനി സുനാമിയായി തിരിച്ചെത്തുമോ എന്ന ഭയവും ജന മനസ്സിലുണ്ട്. മഴ കുറഞ്ഞ് കൊണ്ടിരിക്കുന്നു. എന്നാൽ, കാറ്റിന്റെ ശക്തി അതിവേഗത്തിൽ കൂടിക്കൊണ്ടിരുന്നു. കേരളതീരം വിട്ട് കാറ്റ് പോകുന്നത് ലക്ഷദ്വീപിലേക്ക്, ജനവാസം കുറവാണ് ഓരോ ദ്വീപിലും, അവിടെയും മഴ തകർത്തുപെയ്തു. കാറ്റിന്റെ ശക്തി കുറച്ചൊന്നും ആയിരുന്നില്ല, മിനുട്ടുകൾക്കകം ലക്ഷദ്വീപ് തലകീഴായി മറിഞ്ഞു. പിന്നീട് കാറ്റ് ഗുജറാത്ത് ലക്ഷ്യം വെക്കുന്നു.

എങ്ങനെയായാലും പ്രശ്നങ്ങൾ അഭിമുഖീകരിക്കേണ്ടത് മനുഷ്യരാണ്. ഇന്ന് അത് പൂർണ്ണമായും നേരിടേണ്ടിവന്നത് മുക്കുവർക്കാണ്. നാളുകൾ കഴിഞ്ഞുപോയി, ചുഴലിക്കാറ്റിൽ പെട്ട് തിരിച്ചെത്താത്തവർ ഇനിയുമുണ്ട്. ഓരോ പ്രകൃതി ദുരന്തത്തിനും ബലിയാടാകാൻ എവിടെയെങ്കിലും കുറച്ച് പേർ ഉണ്ടാവും. നിർഭാഗ്യത്തിന്, അത് നമ്മുടെ മുക്കുവസമൂഹമായി. 'ഭാവി' അവരെ സാരമായി ബാധിച്ചു. കടൽ അവർക്ക് ജീവിതമാണ്. കലിയടങ്ങാതെ ഓഖി വീശുമ്പോഴും നെഞ്ചിടിപ്പോടെ ഭയന്നിരുന്ന ജനസമൂഹത്തിന്റെ നല്ലൊരു നാളേക്കായി പ്രാർത്ഥിക്കാം.



ടിന കെ.ഡി
IInd Year, BSc Microbiology

# ഒരു ഹോസ്റ്റൽ അപാരത

ബുജികളെയും ഉഴപ്പരെയും ഇടത്തരക്കാരെയും ഒരുപോലെ കൂട്ടിയിണക്കിയ ഈ ഒരു കുഞ്ഞുലോകത്തിൽ പെട്ടെന്നാണത് സംഭവിച്ചത്. ഒന്ന് ആലോചിക്കാനുള്ള സമയം നൽകാതെ മിനിറ്റ് സൂചി പോലും എങ്ങോട്ടോ പാഞ്ഞു. ഹൃദയചലനം അവാർഡ് പടം പോലെ ആയിപ്പോയി. ആ സമയത്ത് കണ്ണിലൂടെ കടന്നുപോയ നിറമുള്ള ചിത്രങ്ങളിൽ വീണു പോയി ഞാൻ.

ഒരു കവാടം തുറന്ന്, മൂന്ന് വശവും ഇരുമ്പുകമ്പികൾ തീർത്ത വിശാലമായ നടുമുറ്റത്തിൽക്കൂടി ഞാൻ ആദ്യമായി എന്റെ രണ്ടാം വീടിനെ കണ്ടു. പരിചയമില്ലാത്ത മുഖങ്ങൾക്ക് എന്റെ കൈയിലുണ്ടായിരുന്ന മുന്തിരി കൊടുത്ത് ആദ്യ കടമ്പ കടന്നു. വ്യാഴാഴ്ചയിലെ ചിക്കൻ ബിരിയാണി മാറ്റിനിർത്തിയാൽ പ്രത്യേകിച്ച് വ്യത്യസ്തതയൊന്നും ഞാൻ ഇവിടെ കണ്ടില്ല. പക്ഷെ ഒന്നു കണ്ടു. എന്നും കമ്പികൾക്കും ചുമരിനും ഇടയിലുള്ള ആ മൂലയിൽ ഒരു രൂപം. പലപ്പോഴും 12 മണി കഴിഞ്ഞാൽ കാണാവുന്ന ആ രൂപത്തിന് എന്റെ ഉറക്കം കളയാൻ സാധിക്കുമെന്നറിഞ്ഞ ഞാൻ പിന്നെ ആ സമയം എന്റെ വിലപ്പെട്ട സമയമാക്കി മാറ്റി. തുടക്കക്കാരിയായതുകൊണ്ട് ചോദിക്കാനും പറയാനും ധൈര്യം എന്നെ സഹായിച്ചില്ല.

പലതരം വേർഷനുകൾ ഞാനിവിടെ കണ്ടെത്തി. എല്ലാം തുറന്നു പറയുന്നവർ... ഒന്നും പറയാതെ സ്വന്തം സ്വത്വത്തെ മറച്ചു കഴിയുന്നവർ. കുറച്ച് പറഞ്ഞും കുറച്ച് മൂടിവച്ചും ജീവിക്കുന്നവർ എന്നിരുന്നാലും പരസ്പരാശ്രയത്വത്തിന്റെ കുടക്കീഴിൽ എത്ര ഭംഗിയായാണ് എല്ലാവരും കഴിഞ്ഞു പോന്നിരുന്നത്. ഓരോ ജന്മദിനത്തെയും തന്റെ ആഘോഷമാക്കി മാറ്റുന്ന കാഴ്ച വേറെ എവിടെയും കാണാൻ സാധിക്കില്ല. അങ്ങനെ ഒരു ആഘോഷത്തിൽ മുഴുകി നടന്ന ഞാൻ ഇപ്രാവശ്യം ശരിക്കും മരവിച്ചുപോയ അവസ്ഥയിൽപെട്ടു. മുമ്പ് ഞാൻ കണ്ടിരുന്ന അതേ രൂപം വീണ്ടും കണ്ണുകളെ കണ്ടില്ല. വിശ്വസിപ്പിച്ച് ഓടി പുതപ്പിനടിയിൽ അഭയം പ്രാപിച്ചതിന്റെ ചെറിയൊരാശ്വാസത്തിൽ ആ ചിത്രത്തെ ഞാൻ മായിച്ചു കൊണ്ടിരുന്നു.

മാറ്റങ്ങൾ വിപ്ലവം സൃഷ്ടിച്ചു കൊണ്ടിരുന്നു. പക്ഷേ പരീക്ഷ മാറ്റിവയ്ക്കലുകൾ വെക്കേഷനുകളാക്കിയവർക്കും ഇന്റേണൽ എക്സാമിന് തലേന്ന് സിനിമകൾ ചോദിച്ചു നടന്നവർക്കും, വെള്ളമില്ല വൈകുന്നേരങ്ങളിൽ വെള്ളരി നാടകങ്ങളിലെ കഥാപാത്രങ്ങളെപ്പോലെ ആടിയും പാടിയും നിന്ന ഞങ്ങൾക്ക് ലവലേശം മാറ്റം വന്നില്ല. എന്നാൽ ഉത്തരവാദിത്വങ്ങളെ സ്വാംശീകരിക്കുകയും ചെയ്തു.

അങ്ങനെ ഉത്തരവാദിത്വത്തിന്റെ രണ്ടാം വർഷത്തിൽ പ്രാരാബ്ധങ്ങൾ ഏറിവരുന്നതായി ഒരു തോന്നൽ കടന്നുവന്നു. എന്തുചെയ്യാനാണ്; ഓരോ കാര്യം ചെയ്യുമ്പോഴും ഞാൻ പുതിയ ഞാനായി. മാറ്റങ്ങൾക്ക് വിപ്ലവം സൃഷ്ടിക്കാം എന്നതിൽ ഞാനൊരു അടിവരയിട്ടു. ബന്ധങ്ങൾക്ക് ഉറപ്പുകൂടി. ധൈര്യത്തെ ഞാനൊന്ന് ഊട്ടിയുറപ്പിച്ചു.

കാപട്യങ്ങളെ കയ്യെത്തും ദൂരത്തു നിന്ന് ഞങ്ങൾ കണ്ടറിഞ്ഞു. മുറികളിലും സ്റ്റഡി റൂമിലിരുന്നുമെല്ലാം പറഞ്ഞിരുന്ന വസ്തുതകൾക്കും വിശകലനങ്ങൾക്കും പാടിയ പാട്ടുകൾക്കും കണക്കില്ലാതായി. അവസാനം ഒരു ചോദ്യം മാത്രം ബാക്കി 'ആ രൂപം...'

ദിവസങ്ങളോളം എന്നെ പേടിപ്പിച്ച ആ രൂപത്തിൻറെ സത്യം ഒന്നു വിശകലനം ചെയ്താലോ എന്നൊരു തോന്നൽ. കാത്തിരുന്നു ഞാൻ മായിച്ചു കളയാൻ ശ്രമിച്ച ആ രൂപത്തിനായി അലസത കുടിയേറി വന്ന ഒരു അർദ്ധരാത്രി ചന്ദ്രനു പോലും വെളിച്ചം കൊടുക്കാൻ പറ്റാതായി. പുതപ്പു മാറ്റി വെച്ച് വരാന്തയിൽ പകുതി നടന്ന് ഒന്ന് തിരിഞ്ഞു നോക്കിയപ്പോൾ പിന്നിലെ ശൂന്യത ശരിക്കും എന്നെ ഭയപ്പെടുത്തി. വരാന്തയ്ക്കു നീളം കൂടുന്നതായി എനിക്ക് തോന്നി. എന്തിനെ അകറ്റുവാൻ അതെന്നിലേക്ക് അടുത്തുവരുന്നതായി എനിക്ക് തോന്നി. ഞാൻ കണ്ട 'IE' ഉം 'Conjuring' ഉം ഒന്നുകൂടി പുന:സൃഷ്ടിച്ചാൽ മുമ്പിൽ ഒരു ക്യാമറ ഉണ്ടായിരുന്നെങ്കിൽ കലർപ്പില്ലാത്ത പേടിച്ചരണ്ട അഭിനയത്തിന് പുതിയ സാധ്യത ഉണ്ടായേനേ. ഞാൻ കണ്ട ആ രൂപത്തിലേക്ക് അധികം വൈകാതെ എന്റെ മുമ്പിൽ, ഇരുട്ടിൽ കുളിച്ച ഞാൻ തേടിയ ഉത്തരം. ആകെ മൂടിക്കെട്ടിയ, വിയർപ്പുവറ്റിയ, തണുത്തുമരവിച്ച എന്നോട് അത് ചോദിച്ചു. 'എന്റെ ടീനാ ഇന്നെങ്കിലും ഈ പാട്ടുകച്ചേരി നിർത്തി ഒന്നു നേരത്തെ ഉറങ്ങിക്കൂടെ...' 'പോവാറായീലേ മക്കളെ..'. പെട്ടെന്ന് പൊട്ടിച്ചിരിക്കണോ കരയണോ എന്നറിയാതെ എന്റെ ഉത്തരം ഇതായിരുന്നു 'ഈ വാർഡന് ഈ കൂളറൊന്ന് നന്നാക്കിക്കൂടേ...'

അവസാനദിനങ്ങളെ ഓർമപ്പെടുത്തി ജീവിതത്തിലെ ഓരോ കരിയിലയ്ക്കും ഒരു ദിവസം കൊഴിയേണ്ടിവരുമെന്നത് പ്രപഞ്ചസത്യമാണെന്ന് ഉൾക്കൊണ്ട് അവാർഡ് പടമായ എന്റെ ഹൃദയത്തെ മെല്ലെ ഒരു സൂപ്പർ ഹിറ്റ് ട്രെന്റ് മൂവിയെങ്കിലും ആക്കണ്ടേ എന്നോർത്ത് മനസ്സും എന്റെ മസ്തിഷ്കവും കൂടി ഉണ്ടാക്കിയ വിപ്ലവത്തിൽ ഞാൻ ഒന്നു ചിരിച്ചു.



....ഓരോ മിന്നാമിന്നിയും ഓരോ ഓർമപ്പെടുത്തലാണ്....

.
.
.
.
.
.
.

വാക്കുകൾക്ക് അതീതമാണെല്ലോ പ്രവർത്തനങ്ങൾ...
ഇനി ഇവിടം മുതൽ നിങ്ങളുടെ

**ശബ്ദങ്ങളാൽ പൂരിപ്പിക്കപ്പെടട്ടെ...**

പ്രിയപ്പെട്ട വായനക്കാരേ,

**ഇത് നിങ്ങളുടെ അവസരമാണ്;**

**അച്ചടിക്കുമുമ്പ് വാർന്നുവീഴാതെ പോയ**

**അക്ഷരങ്ങൾ ഇവിടെ ആവിഷ്കരിക്കുക**







# AIRPORT GARDEN CONVENTION CENTER

**A/C & NON A/C**

**Airport Road, KUMMINIPARAMB**
**(EMEA COLLEGE)**

**Ph: 9349 006 666, 9387 867 171**

# Annual Report of EMEA College, Kondotty for the year 2017-18

Dr. MP Abdulla

With great pleasure, I am presenting here the 36th annual report of EMEA College of Arts & Science documenting major achievements and activities during the academic year 2017-18.

Keeping in line with the tempo of last year, this year also, the college as a whole was striving to retain the academic environment in the campus. Whatever is achieved in this regard along with other objectives could be attributed to the concerted efforts and whole hearted co-operation of the staff, students, parents and management.

Being the end of the term, on behalf of the EMEA fraternity, I bid goodbye to the final year students and the office bearers of the 36th College Union.

**Academic Improvements**

Results of university Examinations, as in the last year, showed a satisfactory performance during the year. Adding to our credit, Six students qualified UGC National Eligibility Test this year. I extend appreciation to Ms. Saumya T, Nusrath and Saleel Ahmed of MA Economics & Ms. Safwana, Sana Sha and Mufeeda.P of M.Com.  Special appreciations are due to the faculty of Economics and Commerce who managed regular as well as coaching classes for these students.

**Faculty Improvement**

We have a stock of teachers with strong academic background. Of the 33 member faculty, 14 members are PhD holders and other 10 have M Phil degree. Of the remaining, two are preparing to submit their dissertation this year and another three are undergoing PhD programme. In addition, our guest faculty includes three PhD holders and 5 members are with M Phil degree. Another three members are preparing for PhD.

Mr. Ibrahim Cholakkal (Economics), Ms. Jamsheela (Computer Science), Ms. Shiji Thomas (Micro Biology), Mr. Afsal PC (English) and Mr. Murshid Ahmed (Arabic) have obtained Ph D this year. Mrs Balkees of the department of Commerce obtained M Phil. I appreciate the faculty for their constant efforts for academic and professional empowerment.

**Research and Publications.**

Research Centre in Economics is functioning well and we have four Scholars registered for PhD. Two of them are our own faculty and others from faculty of MES College, Mampad and Govt.Arts & Science College, Kozhikode. We could manage a well-equipped room for the Centre. I acknowledge the due support of the department and management.

Our prestigious research journal IJARED has released its fourth Volume this Year. The team behind the journal is on the track to release its fifth volume and to make it one of the enlisted journal of University Grants Commission. I appreciate the team comprising Dr. Abdul Muneer V (editor), Dr. Zacaria TV and Mr. Ibrahim Cholakkal for their remarkable contributions.

The research team of Dr. Mashhoor K, HOD Department of Biotechnology has identified two new strains of Bacteria from Kiltan Island of Lak-

shadweep. Research work of the team comprising Dr. K Mashhoor, Mrs. Ruba Badarudheen, Mrs. Shilly Das and Mrs. Joyce S Job was submitted for publication in an international journal. Dr. Mashhoor published 7 gene sequences in Gene bank of National Centre for Biotechnology (NCBI), USA. The department has made Research Collaboration with Endocrinology Laboratory, Department of Zoology, University of Calicut in Probiotics of Fish. Special appreciations are due to Dr. Mashhoor and team.

During the Year, our faculty produced seven books and sixteen international articles. Dr. P Mohammed Haneefa P (Arabic), Lt. Abdul Rasheed and Mrs. Abida (English) are the contributors of books. Articles are authored by Dr. C Ibrahim and Mr. Hussain V (Economics), Mr. Roy P P, Dr. Afsal PC and Lt. Abdul Rasheed (English), Dr. P Mohammed Haneefa (Arabic) Dr. K Mashhoor and his team (Biotechnology) Mr. Riyadh AM (Computer Science) and Mr. Nahas Shah &Mr. Faisal (Commerce). Special appreciations are due to all these contributors.

**Seminars and Symposia**

Department of Biotechnology has conducted three seminars, in association with Kerala State Council for Science, Technology and Environment, association inauguration, and Science day.

The Department of Economics conducted an invited lecture in connection with association inauguration. Department of computer science has conducted four seminars of which one was at National level. Department of Bio Chemistry conducted one seminar.

Launching a programme 'invited lecture series', Department of West Asian Studies has conducted three seminars. Mr. KK Mohammed, Dr. Joe Thomas Karackattu, Abduraoof Ottathingal, Dr. Abdurahiman, Mr. Faisal C and Dr. KS Madhavan have delivered invited lectures this year.

As far as the Department of management was concerned, this academic year was packed with programmes related to business and management. The shift of the department to the new block and the formation of 'Management Club' played a key role in its positive change. The Department conducted seminars and workshops addressing issues like Online Business, GST, Securities and Exchange, Carrier opportunities, drug addiction etc. The students of the department actively participated in the management meets at various institutions like Farook College, MES College, Valancherry and St. Mary's college Perinthalmanna and won prizes.

Department of English conducted two seminars of which one was at national level. Lt. Abdul Rasheed from the department attended one international conference and presented a paper. Various activities are undertaken by the English Literary club and it formed Ambedkar Study Circle. Its activities include anti-fascist programme, Rohith Shahadath Din and documentary exhibition.

**Sports and Games**

Our athletes and players made remarkable contributions to this institution. Five member Weight lifting team of our college won second place in the university championship by receiving one gold medal and three silver medals. The same team was the winners of state weightlifting champion held at Kottayam. Our volleyball team was the winners of B Zone championship and Malappuram Youth volleyball championship. Our teams won District netball championship and University B zone badminton championship. Achievements of Mr. Suhail of I BCom who represented Calicut university football team and Mr. Fayis of BA degree who won silver medal and represented university athletics team are praiseworthy. Special appreciations are due to the efforts of our physical education director and Coaches.

**Extension Activities**

NSS Units of our institution under the leadership of Mrs. Dhanya and Mr. Mohammed Shafi are proceeding with activities outside the campus. It observed National postal day, Children's day, Mental Health Day, Kerala Piravi Dinam, Paliative day, etc. Cancer awareness programme, Republic Day programme and Energy conservation awareness programme are other activities. Our NSS Units collaborated in their activities with Airport Authority of India, District Social Welfare Department, Nehru Yuva Kendra, SBI Kondotti and GLPS Kumminiparamba.

Nature club conducted two nature study camps, one at Silent Valley National park and the other at Peppara Wild life sanctuary, Thiruvananthapuram.

Department of English conducted a work shop for teacher students of neighbouring institutions to equip them with the methods of using modern technologies in teaching learning process.

Students of the Department of Computer Science visited Thavanoor Govt. child home and arranged food and clothes to them. They also conducted cultural activities for them.

Department of Micro biology continued its extension activities to the public by organizing water purity analyzing programme in association with public health department.

**Representation in Academic Bodies**

Many members of our faculty are performing well in various academic professional bodies of the state. Dr. Abdul Muneer V is acting as chairman of BOS in Audio visual communication of Calicut University and Chairman of BOS in Mass communication of Kannur University. He is also Member in PGBOS in Journalism, Faculty of journalism and Academic council. Dr. MP Abdulla is a member of Technical Support Group of RUSA Kerala, a twenty member team appointed by government of Kerala to approve and monitor projects of Colleges and Universities in Kerala.

**Faculty representations include:**

Mrs. Shiji and Mrs. Dufaida (BOS, Microbiology), Dr. Mohammed Haneefa P (UG BOS, Arabic), Dr. Zacaria TV (UG BOS, Political Science), Mr. Roy PP (UG BOS, Journalism), Lt. Abdu Rasheed (BOS, functional English), Mr. Mohammed Najeeb PM (PG BOS, Economics), Dr, Ibrahim C (BOS, Islamic Finance), Mr. Abdurazaque PM (UG BOS, Economics), Mr Askarakli A (BOS, Malayalam), Mr. Mohammed Sadique PA (BOS, Fine Arts)

**Infrastructural Development**

Amidst the pressing requirements, we could not launch new constructions this year. Our focus was on completing the ongoing projects. Our prestigious project, Audio Visual Theatre, has completed this year. The fully furnished theatre has started its functioning with 'Merit Event' conducted to honour the achievers. Spacious College Canteen, another long cherished desire, has been realized and is ready for both the students and the public now. A beautiful Basketball court has erected near college Canteen and ready for use. The works of a new administrative block for the management is progressing very fast.

**New Projects and focus**

Our pressing requirements are construction of a central laboratory, Extension of Library and construction of a Humanities block. Our IQAC has prepared projects in this regard and submitted to RUSA Kerala for their approval and recommendation. Now RUSA has approved our projects and sanctioned fund worth of rupees two crore for their completion.

**Achievements**

I appreciate Mr. Firoz KT and Mr. Jahfer Odakkal for making our NSS unit the best in the state. I take this opportunity to congratulate Mr. Firoz KT for winning state award for the best NSS programmme officer of the year. Special appreciations are also due to Mr Firoz KT for making our 35th Mega Alumni meet a grand success. Also appreciate the efforts of Lt. Abdul Rasheed for bringing state NCC awards to our institution. Appreciations are also due to Mr. Afsal and 'team' for making the 'Merit Event' remarkable.

I wish better career for the outgoing students and better academic and professional environment for others here. Wishing best life for all and extending thanks, I conclude this report.

## PG Department of Commerce

PG Department of commerce is the largest department in the College with two undergraduate programmes, B.Com with Co-operation & B.Com with Computer Application and one post graduate programme M.Com with Finance. ( All the Programmes in the aided category.) Now 12 faculty members are working under the Department.

The following are the achievements of the Department during the academic year.

i.University Examination Result.

M.Com - 100%

B.Com - 76%

IIFaculties Registered for Ph.D Programme:

Mrs. Kamalam Edathil, Associate Professor registered for PhD in the University of Calicut.
III.Faculty who was awarded M.Phil Degree:
Prof. Faseela NKwas awarded M.Phil Degree
IV. Paper Presentations in National seminar by Faculty members:
1.Prof. Aboobacker Siddeeque KC ( Finance)
2.Prof Aneesath M (Entrepreneurship)
3.Prof. Mohammed Faisal .T (IT& Marketing)
4.Prof Nahas Sha (Finance)
V. Other Achievements by students.
1. Ms. Safana. P of M.Com qualified UGC NET
2. Mr.Ramees PP(MCom) and Mr. Ramees .P(B.Com ,CA) represented the College in the C Zone competitions and Mr Ramees (B.Com CA) Won Second prize in flute competition.
3. Ms.Ishrath Thasni & Mr. Jaseel (B.Com Co-operation) participated in the intercollegiate competitions VOKAZA 2K18 held at Dr.Ghafoor Memorial MES College Mampad and won the Treasure Hunt game.
4. Mr.Fayas Ansari of Third semester B.Com Programme made remarkable achievement in Sports this academic year.

Department organized seminars on Research methodology and Project Report writing. Dr. Vonod Kumar, HOD & Research guide, PG Department of commerce, MES Mampad college and Dr. Vinesh OP, HOD, PG Department of Commerce, Govt. College Malappuram were the resource persons. The Department arranged NET/JRF Coaching to PG Students.

**Commerce Association Activities:**

Mr. Shereef Kuttoor , Founder “Aliv Charitable Trust” formally inaugurated this year association programmes and shared his knowledge and experience in the field. An interaction session with emerging young entrepreneur Ms. Fida , Promoter”My Dupetta”, was arranged.to motivate entrepreneurship among commerce students. The Association organized a seminar on “Youth Investers’ Market”. Mr. Salmanu KK ,Assistant Manager SEBI, Ernakulam shared practical knowledge in the field. The Association also arranged a motivation class with the help of Motivational Trainer Mr. Baros Kodakkadan to UG and PG students.

## PG Department of English

The PG department of English is fully fledged with 11 staff members. In the academic year 2017-2018, the department has conducted various programmes. As part of ‘Invited Lecture Series’ Mr. Nisar A.C, (Research Scholar in Philosophy, IIT Mumbai) has given a talk on the topic Modern Philosophy: Ideas and Criticisms. Under the coordination of Literary Club, ‘Ambedkar Study Circle’ was inaugurated and Dr. M.B. Manoj (Dalit Writer and Thinker, Faculty of Malayalam, University of Calicut). A workshop on ‘Advertising’ by Dr. Prem Kumar. K. P was conducted for our students. To commemorate the death of ROHITH VEMULA, the department observed Rohit Vemula Shahadath Din on 17th January. Under the banner of ‘Rithu: The Film Club’, ‘A Documentary on Disappearance’ by Hashir K. Mohammed was screened followed with a discussion. A state level workshop for English teachers – ‘Smart Teaching in the Smart Phone Era’ was conducted by the department and Dr. Abdul Latheef. V, Faculty of English, Govt. College Kondotty was the Resource Person. Mr. Afsal. P. C was awarded PhD in English Language and Literature from Annamalai Univcersity. Mr. Lalith. S attended Refresher Course. The faculties of the department have presented papers and chaired sessions in various National and International Seminars. A Study Tour was organized under the literary club to Idduki. The final year students had their final year trip to Alapuzha.

## Department of Microbiology

At present there are 113 students in the degree and 26 students in the post-graduate course and also 7 faculty members in the department.

This year Micrbiology association was inaugurated by Dr. Gayathridevi . D, Assistant Professor, Dept of Life Sciences , University of Calicut in the month of March and delivered an informative talk on ‘Viral carcinogenesis’.

In connection with the AIDS day observation, department organized a program in which Dr. Firos Khan, Assistant surgeon, Community Health Centre, Mankada delivered an informative speech

on the disease AIDS.

Mrs. Shiji Thomas and Mrs. Dufaida K M who have been selected as members of board of studies represented the college in the board meetings held at Calicut University campus.

Extension activities: Department had organized a water purity analyzing program in collaboration with Public Health Department, Pallikkal panchayat to ensure pure drinking water supplies to all the people of the panchayat in the summer season.

World water day was observed in march 2018 and certificates were distributed to students who participated actively in the 'operation water safe program' by health department of Pallikkal panchayat.

Mrs. Dufaida K M, faculty of Microbiology department has attended a two days workshop on Bioinformatics at Pattambi government college.

Miss. Keerthana of MSc. microbiology won the first prize in the poster presentation competition held at the department of Life Sciences, University of Calicut.

## Department of BBA

During the academic year, the department was shifted to newly build block.The year 2017-18 has been a memorable year for BBA department. BBA department have conducted many programs this year.The list of programs conducted are listed below:

1.A seminar was conducted on 22nd june of the year on the topic "ANTI DRUGS DAY". The session was handled by Philip.

2.Seminar was held on topic SEBI by the resource person Salman K K, The Assistant General Manager, SEBI. The presidential address was done by head of institution, Dr Abdulla.

3.On 31st July NSS program was conducted for 5th sem students of BBA , in association with stonelaying of a house for a needy.

4.A seminar was conducted on 16th August by Diskson Dhase on the topic "Career Oppurtunities in IT".

5.A workshop was held on 11 September on "Mushroom Cultivation". The session was delt by John M, member of morarji cultivation.

6.On 14th september a seminar was conducted on GST by SIDDIQUE MELMURI.

7.A 4 day study tour was conducted for 2nd years students to NANDHINI MILK Mysore, SILK FACTORY Coarg.

8.A seminar was held on ONLINE BUSINESS.

9.Around 17 students took part in Management Meet under university of calicut. Thasfeeque pack with 2nd price in Spot Photography.

10.On 21st of October students of BBA attended managment meet held at ST MARYS PERINTHALMANNA

